
കഥകൾ
സ്വതന്ത്രചിന്തയുടെ
തീരങ്ങളിൽ
ശ്രീനിപട്ടത്താനം
RP Renarekha Publications

# സ്വതന്ത്രചിന്തയുടെ തീരങ്ങളിൽ

Malayalam Language
**SWATHATHRA CHINTHAYUDE THEERANGALIL**
(Stories)
by
**Sreeni Pattathanam**

Published by
Renarekha Publications
Pattathanam P.O., Kollam - 691 021
Mob: 9446526088
First Edition : October, 2015
Second Edition : August, 2021
Printed at Sujilee Printers,Chathannur, Kollam
Copyright: Author

Disclaimer
Any part of this publication may be reproduced, stored in or introduced into a retrieval system, or transmitted in any form, or by any means, electronic, mechanical, photocopying, recording or otherwise with the prior written permission of the publisher only.

**Price: ₹ 225**

RP-1

# സ്വതന്ത്രചിന്തയുടെ തീരങ്ങളിൽ

ശ്രീനിപട്ടത്താനം

രണരേഖ പബ്ലിക്കേഷൻസ്

**ശ്രീനിപട്ടത്താനം**

കൊല്ലം പട്ടത്താനത്ത് ജനനം. 1968 മുതൽ ആനുകാലികങ്ങളിൽ എഴുതിത്തുടങ്ങി. അടിയന്തിരാവസ്ഥക്കാലത്ത് ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ ആഭിമുഖ്യത്തിൽ സാഹിത്യ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. 1978-79ൽ രണരേഖ എന്ന സാഹിത്യമാസിക നടത്തി. 1978-79ൽ തീരഭൂമി എന്ന ദിനപ്പത്രത്തിൽ എഡിറ്ററായി പ്രവർത്തിച്ചു. 1981 മുതൽ 1986 വരെ രണരേഖ സാംസ്ക്കാരിക മാസികയായി നടത്തി. 1988-ൽ യുക്തിരാജ്യം മാസിക ആരംഭിക്കുകയും അത് ഇപ്പോഴും നടത്തിവരികയും ചെയ്യുന്നു. 2004-ൽ മനുഷ്യദൈവത്തിനെതിരെ ഗ്രന്ഥരചന നടത്തിയതിന് ആന്റണി സർക്കാർ പ്രോസിക്യൂട്ട് ചെയ്യാൻ ഉത്തരവ് നൽകി. ഹൈദ്രാബാദ് മാനവ വികാസ വേദിക ഏർപ്പെടുത്തിയ ഡോ.എൻ.ഇന്നയ്യാസ് നാഷണൽ ഹ്യൂമനിസ്റ്റ് അവാർഡ് 2014 ൽ ലഭിച്ചു. ഇപ്പോൾ റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ വൈസ് ചെയർമാനായും കേരള സംസ്ഥാന ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു വരുന്നു. 2016 മുതൽ 2020 വരെ വിവിധ കലകൾ കുട്ടികളെ പരിശീലിപ്പിക്കുന്ന കലാപഠന പരിശീലന കേന്ദ്രം നടത്തി. കേരളത്തിലെ മനുഷ്യദൈവങ്ങൾ ഓർമ്മയിലെ നക്ഷത്രങ്ങൾ, മതേതര കവിതകൾ, സ്വതന്ത്രചിന്തയുടെ തീരങ്ങളിൽ, കൃഷ്ണയ്യരും പുനർജന്മവും എന്നിവ പ്രധാന സാഹിത്യ കൃതികൾ.

വിലാസം : ശ്രീനിപട്ടത്താനം, കൊല്ലം-691 021.
ഫോൺ: +91 94465 26061
Email : renarekhapublications@gmail.com

# മുഖവുര

ആയിരത്തിത്തൊള്ളായിരത്തി എഴുപത് എഴുപത്തഞ്ച് കാലത്ത് കഥയെഴുത്തിൽ മാത്രമായിരുന്നു കേന്ദ്രീകരിച്ചിരുന്നത്. അക്കാലത്ത് എഴുതിയ പല കഥകളും നമ്മുടെ പ്രധാന ദിനപ്പത്രത്തിന്റെ വാരാന്ത്യ പതിപ്പുകളിൽ പ്രസിദ്ധീകരക്കുകയും ആൾ ഇന്ത്യാ റേഡിയോയുടെ യുവവാണിയിൽ പ്രക്ഷേപണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആ കഥകൾ ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പിന്നീട് പത്രപ്രവർത്തനം സംഘടനാ പ്രവർത്തനം എന്നിവയിൽ കേന്ദ്രീകരിച്ചതോടെ കഥയെഴുതുന്നതിനുള്ള സമയം നഷ്ടപ്പെടുകയുണ്ടായി. എന്നാലും ചില ഇടവേളകളിൽ ചില കഥകൾ എഴുതുകയുണ്ടായി. അതൊന്നും പത്ര ഓഫീസുകളിൽ അയക്കുവാൻ പോലും കഴിയാതെ തിരക്കിൽ മുങ്ങുകയായിരുന്നു. ആ കഥകളും ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.


എഴുത്തുകാരന് സമൂഹത്തോട് കടപ്പാട് ഉണ്ടെന്നും എഴുത്തുകാരന് സമൂഹത്തെ ശരിയുടെ പന്ഥാവിലേക്ക് നയിക്കാൻ കഴിയുമെന്നും വിശ്വസിക്കുന്ന ഒരു എഴുത്തുകാരനാണ് ഞാൻ. അതുകൊണ്ട് പല കഥകളും മാർക്സിസത്തിന്റെയും റാഷണലിസത്തിന്റേയും ദാർശനിക സമീപനങ്ങളിൽ നിന്നും ഉടലെടുത്തതാണ്. പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളും കാടു കയറാത്ത സാങ്കൽപ്പികത (Fantacy) യും ഈ കഥകളുടെ നട്ടെല്ലാണ്.

ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിതന്ന പ്രശസ്ത സാഹിത്യ നിരൂപകൻ ഡോ.പ്രസന്ന രാജൻ സാറിന് നന്ദി രേഖപ്പെടുത്തുന്നു.

രണ്ടാം പതിപ്പ് തയ്യാറാക്കിയപ്പോൾ ഏതാനും കഥകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കഥകൾ പ്രസന്ന രാജൻ സാറിന്റെ പരിശോധനയ്ക്ക് വിധേയമായതല്ല. കല്യാണക്കുറി, ചങ്ങാതിമാർ, ഒരു വേല, ലോട്ടറി ടിക്കറ്റ്, തീരം മറന്ന തിര, കണ്ണുകൾ, നനഞ്ഞ സ്വപ്നം, മാസിക, വിശ്വാസിയും അവിശ്വാസിയും, ആലോചന, അന്നമ്മേടത്തിയുടെ മകൾ, ചെങ്കുളത്തമ്മ, ഷട്ടർ എന്നിവയാണ് ആ കഥകൾ.

കൊല്ലം
01.03.2021

സ്നേഹപൂർവ്വം,
ശ്രീനിപട്ടത്താനം



ഡോ.പ്രസന്ന രാജൻ

# ആമുഖം

ആദ്യമേ പറയാം, ആമുഖം ആവശ്യമില്ലാത്ത കഥകളാണ് ഈ സമാഹാരത്തിലുള്ളത്. കഥകൾ വായനക്കാരുടെ ഉള്ളിലേക്ക് വേഗത്തിൽ പ്രവേശിക്കുന്നു. കഥകളുമായി സംവദിക്കുവാൻ കാര്യമായ തയ്യാറെടുപ്പുകൾ ഒന്നും ആവശ്യമില്ല. എന്നാൽ പരുക്കൻ ജീവിതത്തെ സംബന്ധിക്കുന്ന അഗാധ യാഥാർത്ഥ്യങ്ങളാണ് ലളിതമായ കഥാഘടനകളിലൂടെ പുറത്തു വരുന്നത്. ലളിതമായ ആവിഷ്ക്കരണങ്ങളാണ് ഈ കഥാകാരൻ സ്വീകരിക്കുന്നത്. ആവശ്യമില്ലാത്ത അലങ്കാരങ്ങളും ആർഭാടങ്ങളും ഭാഷയിലില്ല. കലയിൽ പരീക്ഷണങ്ങൾ നടത്തുവാനും ഈ കഥാകാരൻ ശ്രമിക്കുന്നില്ല. സരളമായ റിയലിസത്തിന്റെ വഴികളിലൂടെ നീങ്ങി മനുഷ്യൻ നേരിടുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും ജീവിതത്തെ മറഞ്ഞു നിന്നാക്രമിക്കുന്ന ദുഷ്ടശക്തികളുടെ കാഠിന്യവും കഥകളിൽ ചിത്രീകരിക്കാനാണ് കഥാകാരൻ ശ്രമിക്കുന്നത്.

ജീവിതത്തിന്റെ നൈർമ്മല്യത്തെ തകർക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കഥകളിൽ വിമർശിക്കുന്നപ്പെടുന്നുണ്ട്. സാധാരണക്കാരായ മനുഷ്യരുടെ ജീവിതാവസ്ഥകളിലൂടെ വർത്തമാനകാലത്തെ സാധാരണ ജീവിതം എത്രമേൽ ഭീകരമാണെന്ന്, എത്രമേൽ ദയനീയമാണെന്ന് കഥാകാരൻ വ്യക്തമാക്കുന്നു. ചെറിയ ചെറിയ കഥാശില്പങ്ങളിലൂടെയാണ് വർത്തമാനകാലത്തെ മനുഷ്യജീവിതം എത്രമേൽ ഭീകരമാണെന്ന് കഥാകാരൻ വ്യക്തമാക്കുന്നു. ചെറിയ ചെറിയ കഥാശില്പങ്ങളിലൂടെയാണ് ജീവിതത്തെ വേട്ടയാടുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുന്നത്. പൊതുവെ പറഞ്ഞാൽ വലുതും ചെറുതുമായ കഥകളിലൂടെ നമ്മുടെ ജീവിതത്തെ കാർന്നു തിന്നുന്ന തിന്മകളെയും ജീർണ്ണതകളെയും ധന്യാത്മകളായി അവതരിപ്പിക്കുകയാണ് കഥാകാരൻ.

'പട്ടത്താനം കഥകൾ' എന്ന ഈ കഥാസമാഹാരത്തിലെ കഥകളെഴുതിയ ശ്രീനിപട്ടത്താനത്തെ മലയാള വായനക്കാർക്കും കേരളത്തിലെ പൊതുസമൂഹത്തിനും പരിചയപ്പെടുത്തികൊടുക്കേണ്ട കാര്യമില്ല. യുക്തിചിന്തയും, സ്വതന്ത്രചിന്തയും വളർത്തിയെടുക്കുന്ന വലിയൊരു പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളി തന്നെയാണ് ശ്രീനി പട്ടത്താനം. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രചരിക്കുന്ന യാഥാസ്ഥിതികത്വവുമായി ഈ എഴുത്തുകാരന് പല പ്രാവശ്യം ഏറ്റുമുട്ടേണ്ടി വന്നിട്ടുണ്ട്. കേസ്സുകളിലും വ്യവഹാരങ്ങളിലും വീഴ്ത്തി ഈ സമരഭടനെ നശിപ്പിക്കുവാനും കേരളത്തിലെ യാഥാസ്ഥിതിക സമൂഹം ശ്രമിച്ചിട്ടുണ്ട്. ഏതു പ്രതിസന്ധിയെയും സാഹസികമായി, എന്നാൽ ശാന്തമായി നേരിടുവാനുള്ള കരുത്ത് ഈ പൊതുപ്രവർത്തകനുണ്ട്. ജീവിതത്തിലെ പ്രതിസന്ധികളെയും സങ്കീർണ്ണമായ പ്രശ്നങ്ങളെയും ശാന്തമായി, നേരിയ പുഞ്ചിരിയോടെ വീക്ഷിക്കുന്ന കഥാകാരനെയാണ് സമാഹാരത്തിലെ കഥകളിൽ കാണുന്നത്. ജീവിതത്തിന്റെ വീഴ്ചകണ്ട് ഈ കഥാകാരൻ ക്ഷുഭിതനാകുന്നില്ല. ദയനീയത കണ്ട് കരയുന്നില്ല. പക്വമായ ഒരു മനോഭാവത്തോടെ ജീവിതദുരന്തത്തെ സമീപിക്കുകയാണ് ഈ കഥാകാരൻ. പുറത്തു വരാത്ത പുഞ്ചിരിയുണ്ട് കഥാകാരൻ കഥ പറയുമ്പോൾ, ആ ചുണ്ടുകളിൽ. ആ പുഞ്ചിരിയാണ് അദ്ദേഹത്തിന്റെ കഥയ്ക്ക് ശക്തിയും സൗന്ദര്യവും പകർന്നു കൊടുത്തത്. 'ഉച്ചക്കഞ്ഞി', 'വനിതാ', പോലീസ്', 'കുചേലപുരത്തേക്കുള്ള യാത്ര', 'മീനാക്ഷിയുടെ കല്യാണം', 'കല്യാണക്കുറി', 'കണ്ണുകൾ', 'വിശ്വാസവും അവിശ്വാസവും', 'അന്നമേടത്തിയുടെ മകൾ' എന്നിങ്ങനെ ഭിന്ന രൂപഭാവങ്ങളുള്ള കഥകളിൽ മുകളിൽ സൂചിപ്പിച്ച സവിശേഷതകൾ പ്രകടമാണ്.

ശ്രീനിപട്ടത്താനം എന്ന യുക്തിവാദി എഴുതിയ കഥകളായതുകൊണ്ട് കഥകളിലെല്ലാം കഠിനമായ യുക്തിബോധമുണ്ടാകുമെന്ന് വിചാരിക്കരുത്. മനുഷ്യനിലെ സ്വാഭാവികമായ ഭാവങ്ങളെയും ഉപേക്ഷിച്ച് തികച്ചും 'സ്വതന്ത്രയാകുവാൻ ആഗ്രഹിച്ച ഒരു സ്വതന്ത്ര ചിന്തകയുടെ പതനമാണ് 'സ്വതന്ത്രചിന്തയുടെ തീരങ്ങളിൽ' എന്ന കഥയിൽ കഥാകാരൻ പറയുന്നത്. സ്വതന്ത്രചിന്തക്ക് തടസ്സം വരുമെന്ന് കരുതി വിവാഹം വേണ്ടെന്നു വച്ച ആളാണ് കഥയിലെ നായിക മാലതി. എന്നാൽ അമ്മയാകുന്നതിനുവേണ്ടി ഒരു പുരുഷനെ പരസ്യം കൊടുത്ത് ഇന്റർവ്യൂ ചെയ്തു സ്വീകരിച്ച മാലതിയുടെ പതനമാണ് കഥാകാരൻ പറയുന്നത്. പ്രസവാനന്തരം പുരുഷനായ ഭർത്താവ് പിരിഞ്ഞു പോകണം എന്നായിരുന്നു വ്യവസ്ഥ.

ഒടുവിൽ പ്രസവം കഴിഞ്ഞ് ഭർത്താവ് പ്രതിഫലം വാങ്ങി പോകുന്ന അവസരം വന്നപ്പോൾ മാലതിക്ക് ഭർത്താവിനോട് ഭ്രാന്തമായ സ്നേഹം! സ്വതന്ത്രയാകാൻ ആഗ്രഹിക്കുന്ന പുതിയ കാലത്തെ സ്ത്രീയെകൂടി മനസ്സിൽ കണ്ടാകണം ഈ കഥയെഴുതിയതെന്ന് തോന്നുന്നു. സ്വതന്ത്ര ചിന്ത എന്നാൽ ഒറ്റയ്ക്കുള്ള ജീവിതമല്ലെന്നും പ്രകൃതി അനുശാസിക്കുന്ന വിധത്തിലൂള്ള ജീവിതമാണെന്നും കഥാകാരൻ ചെറിയൊരു ചിരിയിലൂടെ വ്യക്തമാക്കുകയാണ് ഇവിടെ.

ജീവിതത്തിന്റെ ദയനീയത വെളിപ്പെടുത്തുന്ന കഥയാണ് 'ഉച്ചക്കഞ്ഞി'. സ്വന്തം സ്കൂളിൽ ഉച്ചക്കഞ്ഞി ഇല്ലാതെ വന്നപ്പോൾ സമീപമുള്ള ഹൈസ്കൂളിൽ ചോറൂണ്ണുവാൻ പോയ പട്ടിണി കിടന്ന് തളർന്ന ബാലൻ എന്ന കൊച്ചുകുട്ടിയുടെ ദയനീയ ജീവിതമാണ് 'ഉച്ചക്കഞ്ഞി' എന്ന കഥയിലുള്ളത്. ഹൈസ്കൂളിൽ അവൻ ആട്ടിയോടിക്കപ്പെടുകയാണ്. പട്ടിണി ഇന്നും ഒരു സാമൂഹിക യാഥാർത്ഥ്യമാണ് എന്ന് വായനക്കാരെ ഓർമ്മിപ്പിക്കുകയാണ് കഥാകാരൻ ഇവിടെ. 'സംഭാവന' എന്ന കഥയിൽ ജീവിതത്തിലെ ബുദ്ധിമുട്ടുകളിൽ നിന്നും മരണത്തിലേക്ക് പോകുന്ന ഉണ്ണുണ്ണി മാഷിനെ കാണാം. 'മീനാക്ഷി' എന്ന കഥയിൽ തുണിയലക്കി ജീവിതം തള്ളിനീക്കുന്ന മീനാക്ഷിയുടെ ജീവിതദുരന്തമാണ് ചിത്രീകരിക്കുന്നത്. കുചേലപുരത്ത് പോകുകയാണ് ചെല്ലമ്മ. അവിടെ ചെറിയമ്മയും അമ്മാവനും ഒക്കെയുണ്ട്. പക്ഷേ ചെല്ലമ്മ യാത്രക്കിടയിൽ തന്നെ തകർന്നു പോകുന്നു. കുഞ്ഞ് നഷ്ടമായിരിക്കുന്നു. ജീവിതത്തിന്റെ ദയനീയത പറയുന്ന നിരവധി കഥകളുണ്ട് സമാഹാരത്തിൽ. നഗരത്തിന്റെ നിറം, സൂര്യകാന്തം എന്നിങ്ങനെയുള്ള കഥകളിലെല്ലാം ഇന്നത്തെ ജീവിതത്തിന്റെ വിവിധ മുഖങ്ങൾ കാണാം. ദുഃഖത്തിന്റെയും വിശപ്പിന്റെയും യാതനകളുടെയും കഥകൾ വായനക്കാരെ ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് ഉണർത്തുന്നു. നാമെല്ലാം കാണാത്ത, കണ്ടിട്ട് കണ്ടില്ലെന്നു ഭാവിക്കുന്ന യഥാർത്ഥ ജീവിതമാണ് പൊടിപ്പും തൊങ്ങലും ഇല്ലാത്ത ഭാഷയിൽ കഥാകാരൻ ചിത്രീകരിക്കുന്നത്.

ശ്രീനിപട്ടത്താനത്തിന്റെ കഥകൾ നമ്മുടെ നവോത്ഥാനകാലത്തെ കഥകളെ ഓർമ്മയിൽ കൊണ്ടുവരുന്നു. സാഹിത്യം സാമൂഹിക പുരോഗതിയ്ക്കുവേണ്ടിയുള്ളതാണെന്നു വിശ്വസിച്ചുകൊണ്ട് രചനയിൽ ഏർപ്പെട്ടവരാണ് നവോത്ഥാന കാലഘട്ടത്തിലെ നമ്മുടെ എഴുത്തുകാർ. തകഴിയും കേശവദേവും ബഷീറും ലളിതമാംബിക അന്തർജനവും പൊറ്റക്കാടും കാരൂരും ഉൾപ്പെടുന്ന ആ നവോത്ഥാനകാല തലമുറയാണ്

സാഹിത്യത്തെ മലയാളമണ്ണിലെ രൂക്ഷമായ സാമൂഹ്യപ്രശ്നങ്ങളിലേക്ക് കൊണ്ടുവന്നത്. ആ സാഹിത്യ പാരമ്പര്യവുമായി ബന്ധപ്പെടാൻ ആഗ്ര ഹിക്കുന്ന കഥാകാരനാണ് ശ്രീനിപട്ടത്താനം. അദ്ദേഹം ആ സവിശേഷ സാഹിത്യപാരമ്പര്യത്തിൽ നിന്നും ഊർജ്ജം സ്വാംശീകരിക്കുന്നുണ്ട്. എന്നാൽ അവരെ അനുകരിക്കുന്നില്ല. വേറിട്ട വഴികളിലൂടെ നീങ്ങുക യാണ് ഈ കഥാകാരൻ. റിയലിസത്തിൽ നിന്നും വ്യതിചലിക്കുന്നില്ല ശ്രീനിപട്ടത്താനം. എന്നാൽ വഴി മാറി സഞ്ചരിക്കുന്നുണ്ട് അദ്ദേഹം. ചെറിയ ചെറിയ കഥാഘടനകളിലൂടെ സാമൂഹിക പ്രശ്നങ്ങൾ അവത രിപ്പിക്കുന്നു ഈ കഥാകാരൻ. എഴുത്തുകാരന് സമൂഹത്തോട് കടപ്പാടു ണ്ടെന്നും എഴുത്തുകാരന് സമൂഹത്തെ ശരിയുടെ പന്ഥാവിലേക്ക് നയി ക്കുവാൻ കഴിയുമെന്നും വിശ്വസിക്കുന്ന എഴുത്തുകാരനാണ് താനെന്ന് ശ്രീനിപട്ടത്താനം വെളിപ്പെടുത്തുന്നുണ്ട്. കഥകളിലൂടെ നീങ്ങുമ്പോൾ വായനക്കാർക്കും അതു ബോധ്യപ്പെടും.

ജീവിതയാഥാർത്ഥ്യങ്ങൾ സൂക്ഷ്മമായി കാണുകയും സൂക്ഷ്മ സുന്ദര മായി അത് ചിത്രീകരിക്കുകയും ചെയ്യുന്ന ഈ കഥാകാരന്റെ കഥകൾ സന്തോഷത്തോടെ വായനക്കാർക്ക് സമർപ്പിക്കുന്നു.

മയ്യനാട്
25.01.2016

**ഡോ.പ്രസന്നരാജൻ**

# ഉള്ളടക്കം


| | | | |
|---|---|---|---|
| 01. | സ്വതന്ത്രചിന്തയുടെ തീരങ്ങളിൽ | ................ | 13 |
| 02. | വനിതാ പോലീസ് | ................ | 17 |
| 03. | സംഭാവന | ................ | 20 |
| 04. | ഉച്ചക്കഞ്ഞി | ................ | 26 |
| 05. | എമർജൻസി റോക്കോൾ | ................ | 30 |
| 06. | മീനാക്ഷി | ................ | 34 |
| 07. | ആറാട്ട് | ................ | 37 |
| 08. | കുചേലപുരത്തേക്കുള്ള യാത്ര | ................ | 39 |
| 09. | ദേവകി | ................ | 43 |
| 10. | നഗരത്തിന്റെ നിറം | ................ | 46 |
| 11. | സംഘടനാപ്രവർത്തനം | ................ | 51 |
| 12. | സൂര്യകാന്തം | ................ | 55 |
| 13. | കൊച്ചയ്യപ്പൻ | ................ | 59 |
| 14. | കല്യാണം | ................ | 61 |
| 15. | കണ്ണുകൾ | ................ | 63 |
| 16. | റിസൾട്ട് | ................ | 64 |
| 17. | ടീച്ചർ | ................ | 65 |
| 18. | ലോൺ | ................ | 66 |
| 19. | കൊച്ചുനാണി | ................ | 67 |
| 20. | കല്യാണക്കുറി | ................ | 68 |
| 21. | വിശ്വാസിയും അവിശ്വാസിയും | ................ | 70 |
| 22. | അന്നമ്മേടത്തിയുടെ മകൾ | ................ | 71 |
| 23. | ദേശീയ സമ്മേളനം | ................ | 74 |
| 24. | സെക്രട്ടേറിയറ്റ് | ................ | 76 |
| 25. | റെയിൽവേ ക്രോസ് | ................ | 78 |
| 26. | മാസിക | ................ | 80 |
| 27. | ചങ്ങാതിമാർ | ................ | 82 |
| 28. | ഒരു വേല | ................ | 83 |
| 29. | ലോട്ടറി ടിക്കറ്റ് | ................ | 84 |
| 30. | തീരം മറന്ന തിര | ................ | 85 |
| 31. | നനഞ്ഞ സ്വപ്നം | ................ | 87 |
| 32. | ആലോചന | ................ | 89 |
| 33. | ചെങ്കുളത്തമ്മ | ................ | 91 |
| 34. | ഷട്ടർ | ................ | 92 |

# സ്വതന്ത്രചിന്തയുടെ തീരങ്ങളിൽ

മാലതി സുന്ദരിയായ ഒരു സ്വതന്ത്ര ചിന്തകയായിരുന്നു. അവൾക്ക് ജാതിയിലോ മതത്തിലോ ദൈവത്തിലോ വിവാഹജീവിതത്തിലോ വിശ്വാസമുണ്ടായിരുന്നില്ല. എന്നാൽ അമ്മയാകുന്നതിനും കുഞ്ഞിനെ വളർത്തുന്നതിനും അവൾക്ക് മോഹമുണ്ടായിരുന്നു.

ആ ലക്ഷ്യം നേടുന്നതിന് തീരുമാനിച്ചു. അതിനുവേണ്ടി അവൾ പ്രധാന പത്രങ്ങളുടെ ജനറൽ പേജിൽ ഒരു പരസ്യം കൊടുത്തു.

പരസ്യ മാറ്റർ ഇങ്ങനെയായിരുന്നു.

സുന്ദരിയായ യുവതി ഗർഭം ധരിക്കാൻ ആഗ്രഹിക്കുന്നു. ഗർഭം ധരിച്ചാൽ ആവശ്യമായ പരിലാളനയും സംരക്ഷണവും നൽകണം. പ്രസവാനന്തരം പിരിഞ്ഞുപോകേണ്ടതാണ്. തനതായ പ്രതിഫലം ഉണ്ടാവും. പ്രസവാനന്തരം കുട്ടിയുടെ മാതാവും പിതാവും യുവതിയായിരിക്കും. പ്രസവാനന്തരം ഭർത്താവ്, പിതാവ്, എന്ന അവകാശ വാദങ്ങൾക്ക് അർത്ഥമുണ്ടായിരിക്കുന്നതല്ല. താല്പര്യമുള്ള ഉയർന്ന വിദ്യാഭ്യാസവും സുമുഖതയും കലാഭിരുചിയും ആരോഗ്യവുമുള്ള ചെറുപ്പക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു..

പരസ്യം വന്നു കഴിഞ്ഞപ്പോൾ ഇരുന്നൂറോളം കത്തുകൾ വന്നു. മാലതി അതിൽ നിന്നും പതിനഞ്ചോളം കത്തുകൾ തെരഞ്ഞെടുത്തു. അവർക്ക് മറുപടി കത്തുകളയച്ചു. ഓരോ കത്തിലും അവർ തന്റെ വീട്ടിൽ എത്തുന്നതിനുള്ള വഴികളും ഇന്റർവ്യൂവിനുള്ള സമയവും കാണിച്ചിരുന്നു.

അപ്രകാരം മാലതി പതിനഞ്ചുപേരേയും ഇന്റർവ്യൂ ചെയ്തു. പതിമൂന്നാമനെ തെരഞ്ഞെടുത്തു.

മാലതിയുടെ സങ്കല്പത്തിനനുയോജ്യമായ ഒരു ചെറുപ്പക്കാരൻ. ജീവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും സ്വതന്ത്ര ചിന്തയിലും

സംഗീതത്തിലും, സാഹിത്യത്തിലും അഭിരുചിയുമുള്ള യുവാവ്. പേര് മോഹൻദാസ്. മാലതി മോഹൻദാസിനോട് കാര്യങ്ങൾ തുറന്നു പറഞ്ഞു. അപ്രകാരം അവർകരാറിൽ ഒപ്പു വയ്ക്കുകയും ചെയ്തു. ഒപ്പിട്ട ശേഷം മോഹൻ മാലതിയോടൊപ്പം താമസിച്ചു. മാലതിയുടെ വ്യവസ്ഥകൾക്കനുയോജ്യമായി. പൂവാടികളും കടൽതീരങ്ങളും ചരിത്ര സ്മാരകങ്ങളും കണ്ടു നടന്നു സംഗീത കലാപരിപാടികളിൽ പങ്കെടുത്തു. സുഖവാസ കേന്ദ്രങ്ങളിൽ താമസിച്ചു.

ആദ്യമാസം കഴിഞ്ഞപ്പോൾ ആർത്തവ ചക്രത്തിന് വിലക്ക് വീണതും ഓർക്കാനം വന്നതും അവൾ മോഹനെ അറിയിച്ചു. അവൾക്കിഷ്ടപ്പെട്ടതെല്ലാം വൈദ്യ സഹായങ്ങളും മറ്റ് സംരക്ഷണങ്ങളും മോഹൻ വ്യവസ്ഥ പ്രകാരം മാലതിക്ക് ചെയ്തു കൊടുത്തു.

മൂന്ന് മാസം പൂർത്തിയായപ്പോൾ ഒരുമാസത്തെ ഗഡുവും ഒരാഴ്ച്ചത്തെ ലീവും മാലതിയോട് മോഹൻ അപേക്ഷിച്ചു. അപ്രകാരം തുകയും ലീവുമായി മോഹൻ വീട്ടിലേക്ക് പോയി. ഒരാഴ്ച കഴിഞ്ഞ് വീണ്ടും മടങ്ങിയെത്തി. അപ്പോൾ മാലതി മോഹനെ ഓർമ്മിപ്പിച്ചു. രണ്ടാം ഗഡുവും ലീവും ഇനി അടുത്ത മൂന്ന് മാസം കഴിഞ്ഞേയുള്ളുവെന്ന്. മോഹൻ അത് കേട്ട് തല കുലുക്കി.

മൂന്ന് മാസം കഴിഞ്ഞ് മോഹൻ വീണ്ടും വീട്ടിൽ പോയി. തിരിച്ചു വന്നപ്പോൾ മാലതി പറഞ്ഞു. ഇനി പ്രസവം കഴിഞ്ഞേ വ്യവസ്ഥ പ്രകാരം ലീവും അവസാന ഗഡുവും ലഭിക്കൂ.

മോഹൻ അത് കേട്ട് പുഞ്ചിരിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ മാലതി മോഹനോട് പറഞ്ഞു.

പ്രസവം സ്വകാര്യാശുപത്രിയിൽ മതി. കാരണം അവിടെ നല്ല വൃത്തിയാണ്.

പക്ഷെ എനിക്ക് ഭയമുണ്ട്

സുഖപ്രസവങ്ങൾ പോലും സിസേറിയനാക്കുന്നുവെന്നാണ് കേൾക്കുന്നത്. സാരമില്ല. നമുക്ക് നേരത്തെ ഡോക്ടറേ കണ്ട് സിസേറിയനാക്കാതെ കാര്യങ്ങൾ നീക്കാൻ ഞാൻ ഏർപ്പാട് ചെയ്യാം. മാലതി സന്തോഷവതിയായി.

പ്രസവകാലമായപ്പോൾ മാലതിയെ മോഹൻ ആസ്പത്രിയിൽ അഡ്മിറ്റ് ചെയ്തു. പ്രസവ നൊമ്പരം ഉണ്ടാവുകയും പ്രഗൽഭയായ ഗൈനാകോളജിസ്റ്റിന്റെ സംരക്ഷണയിൽ മാലതി ഒരാൺകുഞ്ഞിനെ പ്രസവിക്കുകയും ചെയ്തു.

അടുത്താഴ്ച്ചയിൽ മാലതിയെ ഡിസ്ച്ചാർജ്ജ് ചെയ്തു. കുഞ്ഞിനേയും അമ്മയേയും മോഹൻ സ്വന്തം ഭാര്യയ്ക്ക് നൽകുന്ന പരിലാളനയോടെ വീട്ടിൽ എത്തിച്ചു.

അതോടുകൂടി തന്റെ ജോലി പൂർത്തിയായി. സന്തോഷത്തോടെ മോഹൻ അവസാന ഗഡു വാങ്ങുന്നതിനായി കാത്തു നിന്നു.

മാലതിയോട് മോഹൻ പറഞ്ഞു. എനിക്ക് പോകാൻ നേരമായി. എന്റെ ബാക്കി തുക എത്രയും വേഗം തരണം.

അത് കേട്ട് മാലതിക്ക് വല്ലാതെ തളർച്ച അനുഭവപ്പെട്ടു. ശിരസ്സിൽ ഞരമ്പുകൾ വലിഞ്ഞു മുറുകുന്നതായും സമനില തെറ്റുന്നതായും അവൾക്ക് തോന്നി.അവൾ ഒരു ഭ്രാന്തിയെപ്പോലെ മോഹനെ കെട്ടിപ്പിടിച്ച് കരഞ്ഞു. ഇല്ല ഞാൻ വിടില്ല. എനിക്കെന്റെ മോഹനെ വേണം. എന്റെ കുഞ്ഞിന് പിതാവിനെ വേണം. മാലതിയുടെ ഭ്രാന്തമായ സ്നേഹവും വിരഹവേദനയും വ്യവസ്ഥാ ലംഘനവും കണ്ടിട്ട് മോഹന് ഒന്നും തോന്നിയില്ല.

മോഹൻ അവളുടെ കൈതട്ടിമാററിയിട്ട് പറഞ്ഞു.

എനിക്ക് കഴിയില്ല. ഇനി ഞാൻ തുടരണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നെങ്കിൽ ഈ വ്യവസ്ഥ ഞാൻ അംഗീകരിക്കില്ലായിരുന്നു.

മാലതി പറഞ്ഞു അങ്ങനെയൊന്നും പറയരുത്. ഞാൻ പഴയ ആളല്ല. ഞാൻ വല്ലാതെ തളരുന്നു. വല്ലാത്ത മാനസ്സികാവസ്ഥ. എനിക്ക് അങ്ങയെ വേർപിരിയുവാൻ കഴിയുന്നില്ല. എനിക്ക് മോഹനെ വേണം.

അങ്ങനെ പറഞ്ഞാൽ പറ്റുകയില്ല. വേർപെട്ടേ കഴിയൂ. ഞാൻ വന്ന് ക്ഷമാപൂർവ്വം ഇത്രയും ജോലി ചെയ്തത് എന്റെ പെണ്ണിനെ എന്റെ വീട്ടിലേക്ക് വിളിച്ചുകൊണ്ടുവരുന്നതിനുവേണ്ടിയാണ്. അവൾ എന്റെ എല്ലാമെല്ലാമാണ്. അവൾക്കു ഞാനും. കുട്ടിക്കാലംമുതലുള്ള അടുപ്പമാണ്.

ഞങ്ങൾക്ക് ഒരുമിച്ച് ജീവിക്കാൻ കുറെ പണം വേണമായിരുന്നു. ഗത്യന്തരമില്ലാതിരുന്നപ്പോഴാണ് നിങ്ങളുടെ പരസ്യം ഞാൻ കാണുന്നത്.

എനിക്കൊരു ജോലിയെല്ലാം ശരിയായിരിക്കുകയാണ്. അവർക്ക് പണം കൊടുത്തെങ്കിലെ എനിക്ക് ആ ജോലി കിട്ടു. എന്നിട്ടു വേണം എനിക്ക് അവളെ വിളിച്ചുകൊണ്ടു വരാൻ. അവളെ എനിക്ക് ഉപേക്ഷിക്കാൻ കഴിയില്ല.

ഇത് കേട്ട മാലതി പിന്നീട് ഒരക്ഷരം പറഞ്ഞില്ല. ജീവൻ അറ്റ ഒരു പ്രതിമയെ പോലെ അവൾ മോഹന് പൊതി വച്ചു നീട്ടി.

ആ പൊതി മോഹന് കിട്ടേണ്ട ബാക്കി പണമായിരുന്നു. ഒരു കൂസലുമില്ലാതെ മോഹൻ ആ പണവും വാങ്ങി നടന്നു.

നടന്നു നടന്ന് ഒരു നിഴലായി ഒരു ബിന്ദുവായി മോഹൻ മാറി. മാലതി അത് നോക്കി നിന്നു.

നടന്നു നടന്നകലുന്ന മോഹനെനോക്കി നിന്ന മാലതി തന്റെ കുഞ്ഞിന്റെ അരികിലേക്ക് പെട്ടെന്ന് തളർന്നു വീണു.

# വനിതാ പോലീസ്

ദേവയാനി വനിതാ പോലീസായി എ.ആർ. ക്യാമ്പിൽ പ്രവേശിച്ചപ്പോൾ പുരുഷ വിഭാഗത്തിനാകെ എന്തെന്നില്ലാത്ത ഒരുണർവ്വുണ്ടായി. കമലമ്മ, തങ്കമണി, സാറാമ്മ, ആമിന, പങ്കജം അങ്ങനെ എത്രയോ പോലീസുകാർ അവിടെയുള്ളതാണ്. പക്ഷെ അവർക്കാർക്കും പുരുഷന്മാരിൽ ഒരുന്മേഷവുമുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല.

രാവിലെ റോക്കോളിന് കൂടിയപ്പോഴും കഞ്ഞിയും കടലയും കിട്ടിയപ്പോഴും കുളിക്കാൻ ചെന്നപ്പോഴും പരേഡിനു വന്നപ്പോഴും തോക്കെടുക്കാൻ ക്വാട്ടർഗാഡിൽ ചെന്നപ്പോഴും എല്ലാം എല്ലാവർക്കും എന്തെന്നില്ലാത്ത ഒരു ആനന്ദമാണ് അനുഭവപ്പെട്ടത്. മുടി വെട്ടുന്ന ബാർബർ ബാബുവും കാക്കി അലക്കിതേക്കുന്ന അണ്ണാച്ചി ഡോബിയും തൂപ്പുകാരൻ ചെല്ലനും അടുക്കളയിലെ പൊന്നൻ കുക്കുമെല്ലാം വല്ലാത്തൊരാനന്ദം അനുഭവിക്കുന്നതായി തോന്നി.

എ.എസ്.ഐ. മാർക്കും എസ്.ഐ മാർക്കും സി.ഐ.റാങ്കിലുള്ള ആർ.ഐ.മാർക്കും ഡി.വൈ.എസ്.പി റാങ്കിലുള്ള കമാൻഡർമാർക്കും എന്തെന്നില്ലാത്ത ഒരാനന്ദം അനുഭവപ്പെട്ടു.

ദേവയാനിയെ എല്ലാവരും ഒന്നു കണ്ടതേയുള്ളു. എല്ലാവരുടേയും മനസ്സിൽ ദേവയാനി കുടിയേറിയെന്നതാണ് പരമാർത്ഥം.

അഞ്ഞൂറോളം പേർ ദേവയാനിയെ മനസ്സിൽ വെച്ചു പൂജിക്കാൻ തുടങ്ങി. ദേവയാനിയുടെ ശാലീനസൗന്ദര്യം ഒരു പോലീസുകാരിയുടെ സങ്കല്പത്തിന് യോജിച്ചതായിരുന്നില്ല. ദേവയാനി ആകാശത്ത് നിന്നും പൊട്ടിവീണതാണോയെന്ന് അവർ സംശയിച്ചു.

ദേവയാനി വനിതാപോലീസിന്റെ വേഷം ധരിച്ചുവന്നു നിൽക്കുന്നത് ആർക്കും ഇഷ്ടമായിരുന്നില്ല. ആർക്കും സഹിക്കാൻ കഴിഞ്ഞിരുന്നില്ല.

ദേവയാനിക്ക് എല്ലാവരോടും ഒരുപോലെ സ്നേഹമായിരുന്നു. ദേവയാനിയോട് ആര് സംസാരിച്ചാലും ദേവയാനി അവരുടെ മാത്രം കാമുകിയാണെന്ന് തോന്നുക അവരുടെ അനുഭവമാണ്.

ദേവയാനിയെ എല്ലാവരും കാത്തുനില്ക്കുക പതിവാണ്. കാർട്ടർഗാഡിന്റെ മൂലയിലും തേക്കുമരത്തിന്റെ ചുവട്ടിലും ഡ്യൂട്ടി ഓഫീസിന്റെ വരാന്തയിലും എല്ലാം ദേവയാനിയെ ഓരോരുത്തരും കാത്തുനില്ക്കുകയാണ്.

ദേവയാനിക്കുവേണ്ടി എന്തും ഉപേക്ഷിക്കാൻ ഏതൊരു പോലീസ് വേഷം ധരിച്ചയാളും തയ്യാറായിരുന്നു.

ഡ്യൂട്ടിക്ക് ഡീറ്റയിൽ ചെയ്തു മറ്റു ഗാഡുകളിലേയ്ക്കും സ്റ്റേഷനുകളിലേയ്ക്കും , കോടതികളിലേക്കും , കലാപഭൂമികളിലേക്കും പോകുമ്പോൾ ഓരോ ഗ്രൂപ്പും മനസ്സില്ലാ മനസ്സോടെയാണ് പോകുന്നത്. ആർക്കും ദേവയാനിയെ വിട്ടു പിരിയാൻ തോന്നിയിരുന്നില്ല.

എല്ലാവരും ഊണിലും ഉറക്കത്തിലും കാണുന്നത് ദേവയാനിയുമായുള്ള സല്ലാപങ്ങളാണ്. അവരുടെ കൂടെ ഒരിക്കലെങ്കിലും ദേവയാനി വന്നിരുന്നെങ്കിൽ എന്നവർ ആശിച്ചിരുന്നു.

എല്ലാവരും ഒന്നടങ്കം മനസ്സിൽ കൊണ്ടുനടന്നു. ഓരോരുത്തരും രഹസ്യമായിത്തന്നെ കൊണ്ടുനടന്നു. ഉള്ളതു തുറന്നുപറയണം. പക്ഷെ ആർക്കും അതിനുള്ള ധൈര്യം വന്നില്ല.

ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആദ്യമുണ്ടായ ഉണർവ്വ് എല്ലാവർക്കും നഷ്ടപ്പെട്ടു.. ഉണർവ്വിന് പകരം മന്ദീഭാവം ഉണ്ടായിരുന്നു. ആർക്കും ഒരു സന്തോഷമില്ല. ആർക്കും ഒന്നും ചെയ്യാൻ കഴിയുന്നില്ല. എല്ലാവരുടേയും നാഡീനരമ്പുകൾ സ്തംഭിച്ചപോലെ.എല്ലാവർക്കും ഒരു നിരാശ. ആരും ആരോടും ഒന്നും മിണ്ടുന്നില്ല.

ദേവയാനി ഇതൊന്നും അറിയുന്നില്ല. ദേവയാനി പതിവുപോലെ വരുന്നു. ഓരോ ഡ്യൂട്ടികൾക്ക് പോകുന്നു. വരുന്നു. പോകുന്നു.

എല്ലാവരുടേയും കണ്ണുകളിലും ഒരുദുഖം. എല്ലാവരും എല്ലാം മറന്നുപോകുന്നു. എല്ലാവരും ഒരു നിരാഹാര സത്യാഗ്രഹം പോലെ. ആർക്കും ആരോടും പരാതിയില്ല.

അവസാനം ഒരു ദിവസം എല്ലാവരും ദേവയാനിയെ കാത്തിരുന്നു.

ഇനി ദേവയാനിയില്ലാതെ ജീവിക്കാൻ കഴിയില്ല. ദേവയാനി തന്നിലേക്ക് വരാത്ത സാഹചര്യത്തിൽ താൻ ദേവയാനിയുടെ കൂടെ പോവുക എന്ന് ഓരോരുത്തരും തീരുമാനിച്ചു..

ഒരുദിവസം സ്വകാര്യ ആവശ്യങ്ങളാൽ ദേവയാനി ലീവെടുത്തു.

ദേവയാനിയോട് കാര്യം പറഞ്ഞില്ലെങ്കിലും ദേവയാനിയെ നിത്യവും കാണുന്നത്കൊണ്ട് അത്രയെങ്കിലും ആശ്വാസമുണ്ടായിരുന്നു.

എന്നാൽ ഒരു സുപ്രഭാതത്തിൽ ദേവയാനി ലോംഗ് ലീവെടുത്ത വിവരം എല്ലാവരും അറിഞ്ഞു.

അന്ന് സന്ധ്യയ്ക്ക് റോക്കോളിന് എല്ലാവരും കൂടിയപ്പോൾ പരസ്പരം ആരും സംസാരിക്കുന്നുണ്ടായിരുന്നില്ല. എല്ലാവരും ജീവിതം മടുത്തതുപോലെ. ദേവയാനിയെ കാണാതെ ഇനി ഒരു നിമിഷം കൂടി നില്ക്കാൻ കഴിയില്ലെന്നവരറിഞ്ഞു. എല്ലാവരും പരസ്പരം മൂകമായി നിന്നു. അപ്പോഴും അവരുടെ മനസ്സ് ദേവയാനിയെ അന്വേഷിക്കുകയായിരുന്നു. എല്ലാവരുടെ മനസ്സിലും ഒരേ ആവശ്യം. അവർ പരസ്പരം സംസാരിക്കാതെ മുമ്പോട്ടു നടന്നു. മുമ്പേ പോയവരുടെ പിന്നാലെ ഓരോരുത്തരും ക്യാമ്പിൽ നിന്നും പുറത്തേക്ക് ഇറങ്ങി നടന്നു. റോക്കോളിനുവന്നപ്പോൾ ഓഫീസ് ഡ്യൂട്ടിയിലുണ്ടായിരുന്നവരും ഗാർഡ് നിന്നവരും പോലീസുകാരും ഓഫീസർമാരും എല്ലാം മറന്നു. അവർ കൂട്ടമായി റോഡിലേക്കിറങ്ങി. അവർ ദേവയാനിയെ തേടി മുന്നോട്ട് നടന്നു.

## സംഭാവന

ഉണ്ണൂണ്ണി മാഷ് ഹെഡ്മാസ്റ്ററിൽ നിന്നും ശമ്പളം വാങ്ങി എണ്ണി നോക്കിയപ്പോൾ ഹെഡ്മാസ്ററർ ചോദിച്ചു. സ്ററാമ്പിന്റെ എത്ര കാശാ കൊടുക്കാനുള്ളത്?

പല കുട്ടികളുടേയും ദയനീയ മുഖം കണ്ടിട്ട് സ്ററാമ്പിന്റെ കാശ് ചോദിക്കുവാൻ ഉണ്ണുണ്ണി മാഷിന് കഴിഞ്ഞിരുന്നില്ല. അവരെയോർത്തിട്ട് മാഷ് പറഞ്ഞു..

മുപ്പത് രൂപ

ഉടൻ ഹെഡ്മാസ്റ്ററുടെ അടുത്ത ചോദ്യം.

ക്വസ്ററ്യൻ പേപ്പറിന്റെ എത്രയാ ബാലൻസ്?

മാഷ് പറഞ്ഞു

ഇരുപത്തഞ്ചു രൂപ.

ഉം..അതും കൂടി കൊടുത്തേക്ക്.

മാഷ് അതും എണ്ണിക്കൊടുത്തു. ബാക്കിയുമായി തിരിഞ്ഞപ്പോൾ സ്ററാഫ് സെക്രട്ടറി ഭവാനിയമ്മയുടെ പുഞ്ചിരി. എന്നിട്ട് പറഞ്ഞു.

മാഷേ...... മാലതി ടീച്ചറുടെ മോളെ കല്യാണമാ. ഒരു പവനാ കൊടുക്കണ്ടേ. ആളൊന്നിന് 50 രൂപയാ സ്ററാഫ് കമ്മിററി തീരുമാനം. മാഷ് കമ്മിറ്റിക്ക് ഇല്ലാതിരുന്നതിനാൽ പറയാനും വിട്ടുപോയി.

മാഷ് മറുപടിയൊന്നും പറഞ്ഞില്ല.അമ്പത് രൂപ എണ്ണിക്കൊടുത്തു. ഉടൻ ഭവാനിയമ്മ പറഞ്ഞു.

മാഷേ....... പോകരുതേ. ചെറിയൊരു എടപാട് കൂടി തീർക്കാനുണ്ട്. ന്നാള് പി.റ്റി.എ പ്രസിഡന്റിന്റെ അമ്മ മരിച്ചപ്പോൾ റീത്ത് വാങ്ങിച്ചതിന്റെയും ടാക്സി പിടിച്ചതിന്റെയും വകയിൽ പതിമൂന്ന് രൂപ അമ്പ

ത് പൈസയും കൂടികിട്ടാനുണ്ട്.

ഉണ്ണൂണ്ണി മാഷ് പതിനഞ്ച് രൂപ എണ്ണിക്കൊടുത്തു ബാക്കി കാശും കുടയും ബാഗുമെടുത്തു വെളിയിലേക്ക് വന്നപ്പോൾ വരാന്തയിൽ നിൽക്കുന്നു. അദ്ധ്യാപക സംഘടനാ നേതാക്കൾ. ബ്രാഞ്ച് സെക്രട്ടറി പറഞ്ഞു.

മാഷേ നമ്മുടെ സംഘടന ലയിച്ചതിന് ശേഷമുള്ള ആദ്യത്തെ സമ്മേളനമാ. പൊടിപൊടിക്കണം. സമ്മേളനത്തിന് അഞ്ചുലക്ഷം രൂപ ചെലവുണ്ട്. പ്രകടനത്തിന് ഒരുലക്ഷം പേരാ പങ്കെടുക്കുന്നത്. മാഷ് മാന്യമായ സംഭാവന തന്നെങ്കിലേ പറ്റൂ. ഞങ്ങളൊക്കെ ഇരുനൂറ്റമ്പതും മുന്നൂറുമൊക്കെ കൊടുത്തതാ മാഷ് ഒട്ടും കുറയാതെ ചെയ്യണം.

മാഷ് പറഞ്ഞു.

എനിക്കതൊന്നും ചെയ്യാൻ പറ്റില്ല. പിന്നെ അഞ്ചോ പത്തോ ഒക്കെ വേണമെങ്കിൽ ചെയ്യാം.

ജില്ലാ നേതാവുടൻ പറഞ്ഞു.,

എന്താ... മാഷേ കൈ നിറച്ചു ശമ്പളം വാങ്ങിച്ചോണ്ടു വരികയല്ലെ ഇതൊക്കെ എങ്ങനെയുണ്ടായെന്നറിയാമോ...സംഘടന നേരിട്ട് നടത്തിയ സമരപോരാട്ടങ്ങളുടെ ഫലമാണ്. സംഘടനയ്ക്കു സംഭാവനചോദിച്ചാൽ എല്ലാവരും ഇങ്ങനെയാ.

ശരി, ഞാനെത്രയാതരേണ്ടത്?

മാഷ് ചോദിച്ചു. ശങ്കരൻ കുട്ടി മാഷ് പറഞ്ഞു

ങാ.. സാരമില്ല ഉണ്ണൂണ്ണിമാഷ് ഒരു നൂറ്റമ്പത് കൊട്.

അയ്യോ എനിക്കതൊന്നും പറ്റില്ല.

എങ്കീ നൂറ് രൂപ എഴുതിക്കൊട്റെ

ചെല്ലപ്പൻ മാഷ് പറഞ്ഞു. ബാലൻമാഷ് ഉടൻ നൂറ് രൂപയുടെ സംഭാവന രസീത് എഴുതിക്കൊടുത്തു. കേശവൻ മാഷ് കാശ് വാങ്ങി.

സംഘടനയ്ക്ക് സംഭാവന കൊടുത്ത ശേഷം ഉണ്ണൂണ്ണി മാഷ് പഞ്ചായത്ത് റോഡിലേക്കിറങ്ങി. പത്ത് ചുവട് നടന്നപ്പോൾ പത്ത് പിള്ളാർ മാഷിന്റെ മുന്നിലേക്ക് ഓടിവന്നു. അതിൽ ഒരുവൻ പറഞ്ഞു

മാഷ് ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളതാ. മാഷെ ഞങ്ങളുടെ സ്റ്റഡി സർക്കിളിന്റെ വാർഷികമാ, മാഷ് 10 രൂപ സംഭാവന തരണം.

എന്റെ കയ്യിൽപത്തൊന്നുമില്ലെടാ അഞ്ചു രൂപയുണ്ട്. പിടിച്ചോ. നിന്റെ രസീതൊന്നും എനിക്ക് വേണ്ട. മാഷ് മെയിൻ റോഡിലേക്കിറങ്ങി. റോഡരികിൽവന്നപ്പോൾ പിന്നിൽ നിന്നൊരു വിളി.

ഉണ്ണുണ്ണി മാഷേ നമ്മുടെ ഗ്രന്ഥശാലയുടെ പണികളൊക്കെ തുടങ്ങുകയാ. പഞ്ചായത്ത് കുറെ കാശ് തരാമെന്ന് പറഞ്ഞു. ബാക്കി അമ്പതിനായിരം രൂപ നമ്മളൊണ്ടാക്കണം. അക്ഷരവുമായി ബന്ധമുള്ളവന്റടുത്ത് പറഞ്ഞാലല്ലേ മനസ്സിലാവു. ഗ്രന്ഥശാലയുടെ പ്രസിഡന്റ് രാമൻ നായർ നാല് സുഹൃത്തുക്കളുടെ അകമ്പടിയോടെ നിന്ന് പറഞ്ഞു.

ശരി, ഇരുപത്തഞ്ച് രൂപ എഴുതിക്കോ.

അത് പോരാ മാഷേ, നൂറ് രൂപ കൊട് പ്രസിഡന്റ് പറഞ്ഞു.

ഇല്ല. അൻപത് രൂപയേയുള്ളു.

മാഷ് അമ്പതു രൂപ എണ്ണി പ്രസിഡന്റിനെ ഏല്പിച്ചു.

റോഡരികിൽ വന്ന് നിന്ന ബസ്സിൽ മാഷ് കയറി. ടിക്കറ്റെടുത്തിരുന്നു. എന്തോ മനസ്സിനൊരു ആശ്വാസം കിട്ടിയതുപോലെ സംഭാവനകൾ കൊടുത്തതിന്റെ ബാക്കി എത്രയുണ്ടെന്ന് മനസ്സിൽ കണക്കു കൂട്ടാനിരുന്നപ്പോൾ മാന്യമായ വേഷം ധരിച്ച ഒരു യുവതി മാഷിന്റെ മടിയിലേക്കൊരു കാർഡ് കൊണ്ടിട്ടു. മാഷ് കാർഡ് വായിച്ചു.

ഒരഭ്യർത്ഥന - മാന്യരേ എന്റെ ഭർത്താവ് സാമിലിൽ തൊഴിലാളിയായിരുന്നു. ഒരു ദിവസം തടി വീണ് അദ്ദേഹത്തിന്റെ കാലുകൾഒടിഞ്ഞു.മെഡിക്കൽ കോളേജിലെ ചികിൽസ കഴിഞ്ഞു. ജോലിയൊന്നും ചെയ്യാൻ കഴിയാതെ വീട്ടിൽ കിടപ്പാണ്. പ്രായം ചെന്ന പിതാവ് ക്യാൻസർ രോഗിയാണ്. ഇവർക്കു മരുന്നിനും വൃദ്ധയായ മാതാവിനും കുട്ടികൾക്കും ആഹാരത്തിനും എനിക്ക് മറെറാരു നിവർത്തിയില്ല. നിങ്ങളുടെ എളിയ സഹായം എനിക്കുണ്ടാകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

കാർഡെടുക്കാൻ വന്നപ്പോൾ മാഷിന്റെ മനസ്സ് അലിഞ്ഞു. രണ്ട് റുപ്പിക അവൾക്ക് കൊടുത്തു. ബസ്സ് പുറപ്പെടാൻ ബല്ല് കൊടുത്തപ്പോൾ യുവതി ഇറങ്ങി പകരം മറ്റൊരു പയ്യൻ കയറി. അവൻ വയറ്റത്തടിച്ചു ക

രയാൻ തുടങ്ങി. പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്, മനുഷ്യ പുത്രന് തലചായ്ക്കാൻ..........

ച്ചെ, എറങ്ങടാ..... കണ്ടക്ടർ അവന്റെ കഴുത്തിന് പിടിച്ച് വെളിയിലിറക്കി ഡബിൾ ബല്ല് കൊടുത്തു.

നാശങ്ങള്, ഇതിനെ ഒന്നിനേയും കാരണം ബസ്സിടാൻ വയ്യാതെ വന്നിരിക്കയാ.

ബസ് പത്തു മിനിട്ടിനകം ഓടി വന്നു മാഷിന്റെ ജംഗ്ഷനിൽ നിന്നു. മാഷ് ഇറങ്ങിയത് കണ്ടുകൊണ്ട് മൂന്നാല് ചെറുപ്പക്കാർ അടുത്തു വന്നു അവർ പറഞ്ഞു.

ഞങ്ങൾ വീട്ടിൽ പോയിട്ട് വരികയാ. മാഷ് വന്നില്ലെന്ന് പറഞ്ഞു.

ങാം. എന്താ.. കാര്യം? മാഷ് ചോദിച്ചു

പാർട്ടിയുടെ പതിമൂന്നാം ദേശീയ സമ്മേളനമാ മദ്രാസിൽ വച്ച്.

അതിന് ഞാനെന്ത് വേണം ഞാൻ പാർട്ടിക്കാരനൊന്നുമല്ലല്ലോ.

മാഷ് അങ്ങനെയൊന്നും പറയരുത്.

എന്റെ വിഹിതമെത്രയാ.?

കൂപ്പണുണ്ട്

പോക്കറ്റിൽ നിന്നും എടുത്ത് സഖാവ് ബാലൻപിള്ള കൂപ്പൺ കീറി മാഷിന്റെ കയ്യിൽ കൊടുത്തു. മാഷ് നോക്കി ഇരുപത്തഞ്ച് രൂപ എണ്ണി ബാലൻപിള്ളയ്ക്ക് കൊടുത്തു. എന്നിട്ട് കൂപ്പൺ മടക്കി പോക്കറ്റിൽ വെച്ചു കൊണ്ട് മാഷ് വീട്ടിലേക്ക് നടന്നു. വീട്ടിൽ ചെല്ലുമ്പോൾ ഒരു കുതിരയെ എടുക്കാനുള്ള ആള് മുററത്ത് നിൽക്കുന്നു.

മാഷ് ചെന്നപ്പോൾ തൊഴുതുകൊണ്ട് നീണ്ട ജൂബ്ബക്കാരൻ പറഞ്ഞു.

വന്നിട്ടൊരു മണിക്കൂറായി ഇന്ന് ശമ്പളമാണെന്നറിയാം നേരത്തെ വന്നില്ലെങ്കിൽ കാശങ്ങുപോകുമെന്നറിയാം. നമ്മുടെ അമ്പലത്തിലെ ഉത്സവമാ. ഈ വർഷം നമ്മൾ തൃശൂരിൽ നടക്കുന്ന പൂരവും കുടമാറ്റവും കൂടി നടത്തുകയാ. അമ്പതു ലക്ഷം രൂപ ചെലവ് വരും. മാഷ് കഴിഞ്ഞ വർഷം വരെ കൊടുത്തിട്ടുള്ള വിഹിതം ഞങ്ങളൊന്നു മാറ്റിയിട്ടുണ്ട്. ഇരു

നൂറ്റമ്പത്തൊന്നു രൂപ. മാഷ് പ്രാരാബ്ധക്കാരനായതുകൊണ്ടാ. കിഴക്കേനേല ശങ്കരപിള്ള സാറിന് അഞ്ഞൂറാ. പണം ഇന്നു തന്നെ കിട്ടിയെ പറ്റൂ. നാളെ രാവിലെ പൂരക്കാരെ തൃശൂര് പോയി ബുക്ക് ചെയ്യാനാ.

മാഷ് പറഞ്ഞു.

എനിക്ക് ദൈവത്തിലൊന്നും വിശ്വാസമില്ലെടോ. ഞാൻ കെടന്നു കഷ്ടപ്പെട്ടിട്ട് രക്ഷപ്പെടുത്താത്ത ദൈവത്തിനെന്തിനാടോ എന്റെ പണം?

അതൊന്നും പറഞ്ഞാലൊക്കത്തില്ല മാഷേ പണം ഇന്നു തന്നേ പറ്റൂ. ഞങ്ങൾ അതുകൊണ്ടേ പോവൂ. ജൂബ്ബാക്കാരൻ പറഞ്ഞു.

ഗത്യന്തരമില്ലാതെ മാഷ് പൊതി അഴിച്ചു. വാങ്ങിയ പണപ്പൊതി മണിക്കൂറുകൾക്കകം മെലിഞ്ഞുപോയിരിക്കുന്നു.

ഉത്സവക്കാർ തുകയും വാങ്ങിപ്പോയപ്പോൾ ഭാര്യ, ലക്ഷ്മിക്കുട്ടി കസേര നീക്കിയിട്ടു. മാഷ് മടി അഴിച്ച് പണം ഭാര്യയുടെ കയ്യിലേക്ക് കൊടുത്തു കുറേ ഒററ നോട്ടുകൾ ലക്ഷ്മിക്കുട്ടി അമ്മ ചോദിച്ചു. ബാക്കി കാശൊക്കെയെന്തിയേ? ലോണും, പി.എഫും, എൽ.ഐ.സി.യുമൊക്കെ അടച്ചതിന്റെ ബാക്കി സംഭാവന കഴിച്ചുള്ള തുകയാ അത്. കൊടുക്കാനുള്ളവർക്കൊക്കെ എവിട്ന്ന് കൊടുക്കും? മാത്രമോ, എന്റെ ആകെക്കൂടിയുള്ള വല്യണ്ണന്റെ മോളകല്യാണമാ പെണ്ണിനൊരു ചെമ്പുകലം വാങ്ങിക്കൊടുക്കണം. അയലത്തെ നാരായണിയുടേയും ചെമ്പോക്കുട്ടിയുടേയും മക്കളകല്യാണമാ.നൂറ്റൊന്നു രൂപയാ കുറഞ്ഞ തുക. രണ്ട് പേർക്കും അത് കൊടുത്തില്ലെങ്കിൽ പിന്നെങ്ങനെ അവരുടെ മുഖത്ത് നോക്കും?

ഉണ്ണൂണ്ണി മാഷ് ഭാര്യയോട് പറഞ്ഞു.

എടീ, ജീവിക്കാനനുവദിക്കില്ല. നാഴി പാഷാണം വാങ്ങി ചാവുന്നതാ ഭേദം. കുറച്ചു പാർട്ടിക്കാരൻമാരും കുറേ ഉത്സവക്കാരൻമാരും പിന്നെ കുറെപ്പേരും.

ഉണ്ണൂണ്ണി മാഷ് ഒരു ചുമ കേട്ട് തിരിഞ്ഞു നോക്കി. മുന്നിൽ നില്ക്കുന്ന് ഒററിക്കാരൻ ഖാദർ, അരിക്കച്ചവടക്കാരൻ അച്ചുപിള്ള, മുറുക്കാൻ കടക്കാരൻ കോവാലൻ, അങ്ങനെ ഉണ്ണൂണ്ണി മാഷ് കടം കൊടുക്കാനുള്ള ഒരു കൂട്ടം ആളുകൾ.

ഉണ്ണൂണ്ണി മാഷിന്റെ കണ്ണിൽ ഇരുട്ടു മൂടുന്നതുപോലെ തോന്നി.

തലയിൽ ഒരു പെരുപ്പും. എങ്കിലും ഒട്ടും തളരാതെ ഉണ്ണൂണ്ണി മാഷ് ശാന്തനായി അവരോട് പറഞ്ഞു. ങ്ങ്ടും കാശിന് വന്നതാ അല്ലെ? നിക്ക് ഞാനിപ്പ വരാം. എല്ലാവരുംനോക്കി നിൽക്കെ കുടയും ബാഗും വലിച്ചെറിഞ്ഞുകൊണ്ട് ഉണ്ണൂണ്ണി മാഷ് മുറ്റത്തു നിന്നും ഒരു ഭ്രാന്തനെപ്പോലെ ഇറങ്ങിയോടി.

ഉണ്ണൂണ്ണി മാഷ് ഇറങ്ങിയോടുമ്പോൾ ഒരു ലക്ഷ്യം മാത്രമേ മുന്നിൽ കണ്ടിരുന്നുള്ളു.

നൂറുവാര അകലെ രക്ഷപ്പെടാൻ സ്നേഹപൂർവ്വം തന്നെ വിളിക്കുന്ന തിരമാലകളെ മാത്രം. ഉണ്ണൂണ്ണി മാഷ് ഒട്ടും മടിച്ചില്ല. തന്നെ വിളിക്കുന്ന തിരമാലകളുടെ കരങ്ങളിലേക്ക് ഉണ്ണൂണ്ണി മാഷ് ചെന്നമർന്നു. തിരമാലകൾ മാഷിനെ വാരിപ്പുണർന്നു.

പിറ്റേന്നു രാവിലെ മറ്റൊരു തീരത്ത് മാഷ് ശാന്തനായി കിടക്കുന്നത് ജനങ്ങൾ വന്നു നോക്കി നിന്നു.

(ആൾ ഇന്ത്യാ റേഡിയോ 28 ജൂൺ 1992)

# ഉച്ചക്കഞ്ഞി

ബാലൻ പള്ളിക്കൂടം കണ്ടപ്പോഴെ ഞെട്ടി. ഗ്രൗണ്ടിൽ ഒറ്റക്കുട്ടികളില്ല. പുസ്തകം വാരിപ്പിടിച്ചുകൊണ്ട് ഗ്രൗണ്ടിലേക്ക് ഓടി. ഓടുമ്പോൾ ബാലന്റെ കണ്ണുകൾ സ്കൂൾ കെട്ടിടത്തിന്റെ കിഴക്കേ മൂലയിലേക്ക് പാഞ്ഞ് ചെന്നു. കറുപ്പു നിറവും ചുവന്ന കണ്ണുകളുമുള്ള ഹെഡ്മാസ്റ്റർ നീണ്ട ചൂരലും പിടിച്ച് അവിടെയാണ് നില്ക്കുന്നത്.

ബാലന്റെ ഓട്ടം നിലച്ചിരുന്നില്ല. സ്കൂളിന്റെ പടിഞ്ഞാറെ മൂല കഴിഞ്ഞപ്പോൾ ആശ്വാസം തോന്നി. ഹെഡ്മാസ്നറെ കണ്ടില്ല.

വരാന്തയിലൂടെ ഓടി ബാലൻ ക്ലാസ്സ് മുറിയുടെ വാതിലിൽ ചെന്നു. ഹാജർ വിളിച്ചു കഴിഞ്ഞു. വാതിലിലേക്ക് വന്ന ക്ലാസ്സ് ടീച്ചർ ബാലനോട് ചോദിച്ചു.

ന്താ താമസിച്ചത്.?

ഉത്തരം പറയുന്നതിന് മുമ്പ് ക്ലാസ്ടീച്ചർ ബാലന്റെ കൈരണ്ടും നിക്കറിനോട് കൂട്ടി

ചേർത്ത് വെച്ച് നാല് പൊട്ടിച്ചു. ബാലൻ അടികൊണ്ട് പുളഞ്ഞു. അന്നേരം ക്ലാസ്സ് ടീച്ചർ പറഞ്ഞു

ഇനിമേലാൽ താമസിച്ച വരരുത്. പൊയ്ക്കോ.

ബാലൻ തന്റെ സ്ഥാനത്ത് പോയിരുന്നു. ക്ലാസ്സിൽ വന്ന മലയാളം സാർ ഉടൻ ചോദിച്ചു.

പാഠമെഴുതിയോ?

ല്ല.

ല്ലേ? ന്താ പാഠമെഴുതാതിരുന്നത്?

ബുക്കു വാങ്ങിച്ചില്ല.

പള്ളിക്കൂടം തുറന്ന് ആറുമാസമായിട്ടും ബുക്കു വാങ്ങിച്ചില്ലേ?

കുനിഞ്ഞ് നില്ല്. മുട്ടു വളയാതെ.

മലയാളം സാർ കഠിപ്പിച്ചു പറഞ്ഞു.

ബാലൻ കുനിഞ്ഞു നിന്നു.

അല്പം കഴിഞ്ഞു രണ്ടാം പീരീഡിനുള്ള ബല്ലടിച്ചത് കേട്ടു.

ബാലൻ ഒന്നു നിവർന്നു നോക്കിയപ്പോൾ -മലയാളം ടീച്ചർ പറഞ്ഞു

ഉം പൊയ്ക്കോ.

മലയാളം ടീച്ചർ പോയി നിമിഷങ്ങൾ കഴിഞ്ഞപ്പോൾ കണക്കു ടീച്ചർ വന്നു.

കണക്കു ചെയ്യാത്തവർ എഴുന്നേല്ക്കണം .

ബാലൻ എഴുന്നേറ്റു.

ന്താ കണക്ക് ചെയ്യാതിരുന്നത് ?

അറിഞ്ഞു കൂടായിരുന്നു.

അറിഞ്ഞൂടാരുന്നോ? ന്നലെ പഠിപ്പിച്ചതല്ലെ.? കൈനീട്ട്.

ബാലൻ കൈനീട്ടി.

കൈവെള്ളയിൽ മൂന്നടി. ബാലൻ കൈകുടഞ്ഞു.

കണക്കു ചെയ്തിട്ടിരുന്നാൽ മതി.

ബാലൻ ബുക്കുമായി കുറെ നേരം നിന്നു. ഇടയ്ക്ക് ടീച്ചർ ബോർഡിൽ നോക്കുവാൻ

ആവശ്യപ്പെട്ടു.

എല്ലാവരും ബോർഡിൽ നോക്കി.

ചെയ്യാത്ത കണക്ക് ടീച്ചർ ചെയ്ത് കാണിച്ചു. പക്ഷെ ബാലന് ഒന്നും മനസ്സിലായിരുന്നില്ല.

ബാലന് തലയിൽ ഒരു കുത്തൽ അനുഭവപ്പെട്ടുകൊണ്ടിരുന്നു. അസഹനീയമായ തല വേദന

വേദനകൊണ്ടു ബാലൻ പുളഞ്ഞു.

ഇടയ്ക്ക കൂട്ടുകാരനോട് ബാലൻ ചോദിച്ചു.

കഞ്ഞി വേകാറായോ.?

ഇല്ല.

പയറോ?

ല്ല. ഇന്നു കഞ്ഞിയില്ല .

ങേ! കഞ്ഞിയില്ലേ.?

ന്താ നീയൊന്നും കഴിച്ചില്ലേ?

ല്ല.

ന്താ കഴിക്കാതിരുന്നത് ?

ഒന്നുമില്ലായിരുന്നു.

നിൻ്റച്ഛനെന്ത്വാ ജോലി

അച്ഛനില്ല

അചഛൻ മരിച്ചുപോയോ?

മറ്റൊരു പെണ്ണുമ്പുള്ളേടെ കൂടെയാ.

അമ്മയ്ക്കെന്തുവാ ജോലി?

അമ്മയ്ക്ക് ജോലിയില്ല.ക്യാൻസറാ. ക്ടപ്പാ .

അടുത്ത വീട്ടിലെ ചേച്ചി വല്ലതും കൊണ്ടു കൊടുക്കും. എനിക്കും തരും.

ന്നക്കു വേറാരുമില്ലേ?

ല്ല. ഉച്ചക്കഞ്ഞി കുടിച്ചാൽ പിന്നൊന്നും വേണ്ടെനിക്ക്. ല്ലെങ്കിൽ വിശക്കുമ്പോൾ തലവേദനയാ.

പ്പോ തലവേദന കുറവുണ്ടോ?

ല്ല. കഞ്ഞി കുടിച്ചാ മാറും

പക്ഷെ കഞ്ഞിയെവിടെ. ബാലൻ ഓർത്തു. ആകെയുള്ളൊരഭയം കഞ്ഞിയായിരുന്നു. അതില്ല.

പെട്ടെന്ന് കൂട്ടുകാരൻ പറഞ്ഞു.

ഹൈസ്കൂളിൽ ചോറുണ്ട്. പ്പുറത്ത് കൂടി പോയാൽ അറിയത്തില്ല. അഞ്ചാംക്ലാസ്സാണെന്ന് വിചാരിക്കും.

ശരി

ബാലൻ്റെ കണ്ണുകൾ തിളങ്ങി.

പന്ത്രണ്ടു മണിയായി ക്കാണും. ബാലൻ തൊട്ടടുത്ത ഹൈസ്കൂളിലെ കഞ്ഞിപ്പുരയ്ക്കു സമീപം ചെന്നു.

ചെന്നതും ഹൈസ്കൂളിലെ ഹെഡ്മാസറ്റർ കാളയെ ചാട്ടവാറു കൊണ്ടടിക്കുംപോലെ കയ്യിലിരുന്ന വടി കൊണ്ട് ബാലനെ എത്തിയൊരൊറ്റയടി.

അടി മുതുകിൽ ഇരുമ്പ് ദണ്ഡ് വീണതുപോലെ തോന്നി. തിരിഞ്ഞു നോക്കിയപ്പോൾ ജൂബ്ബാവേഷവും കൊമ്പൻ മീശയുമായി കലിതുള്ളി നില്ക്കുന്ന ഹെഡ്മാസ്റ്റർ!

ബാലൻ തിരിഞ്ഞോടി.

ഓടുമ്പോൾ ഹേഡ്മാസ്റ്ററുടെ അലർച്ച കേട്ടു.

ഒററ ... ഒരെണ്ണം ഈ സ്കൂളിന്റെ കാമ്പൗണ്ടിൽ കയറിപ്പോകരുത്. ഇതി ഇവ്ടത്തെ പ്ള്ളാർക്ക് കഴിക്കാനുള്ളതാ.

(ആൾ ഇന്ത്യാ റേഡിയോ)

# എമർജൻസി റോക്കോൾ

നേരം അർദ്ധരാത്രി.

റിസർവ്വ് പോലീസ് ക്യാമ്പിലെ കെട്ടിടങ്ങളും പരിസരങ്ങളും സൂര്യഗോളംപോലെ കത്തി നില്ക്കുന്ന ബൾബിന്റെ പ്രകാശത്തിൽ കുളിച്ചു നില്ക്കുന്നു.

ക്യാമ്പിലെ ക്വാർട്ടർ ഗാർജിലും ആയുധപ്പുരയിലും ക്യാമ്പിന്റെ പ്രധാന കവാടങ്ങളിലും നിറത്തോക്കുകളുമായി ഉറക്കമൊഴിഞ്ഞു പോലീസുകാർ കാവൽ നില്ക്കുന്നു.

യാദൃശ്ചികമായി വന്ന പോലീസ് ജീപ്പിന്റെ ഇരമ്പൽ കേട്ട് ക്വാർട്ടർ ഗാഡിലെ പാറാവുകാരൻ പെട്ടെന്ന് ഊർജ്ജസ്വലനായി.

തൽക്ഷണം മുൻവശത്തെ റോഡിൽ നിന്നും കത്തിജ്ജ്വലിച്ചു കറങ്ങുന്ന ചുവന്ന ലൈറ്റുള്ള ഒരു പോലീസ് ജീപ്പ് ക്യാമ്പിലേക്ക് എരച്ചുപാഞ്ഞുകൊണ്ട് കയറിവന്നു. പാറാവുകാരൻ പെട്ടെന്നു തന്റെ ഇടതുകാൽ പൊക്കി വലതുകാലിനോട് ചിവിട്ടി കൂട്ടിചേർത്തു വിദൂരതയിലേക്ക് നെഞ്ചുയർത്തി നോക്കി നിന്നു.

ജീപ്പിൽ നിന്നിറങ്ങിയ ഉദ്യോഗസ്ഥൻ ചാരനിരമുള്ള പാന്റ്സും നീല ഷർട്ടും ധരിച്ചിരുന്നു. അഗ്നി പറക്കുന്ന കണ്ണും കരിന്തേളിന്റെ വാലുപോലുള്ള മീശയും മദ്യത്തിന്റെ ഗന്ധവും ഗജവീരന്റെ തടിയും അയാൾക്കുണ്ടായിരുന്നു.

ജീപ്പ് നിന്ന ശബ്ദം കേട്ടു ഡ്യൂട്ടി ഓഫീസിൽ നിന്നും ഒരു സബ്ബ് ഇൻസ്പെക്ടർ ചാടിയിറങ്ങിവന്നു. ഉദ്യോഗസ്ഥന്റെ മുമ്പിൽ അറ്റൻഷനായി നിന്നു.

ഉടൻ അയാൾ അലറിക്കൊണ്ടു പറഞ്ഞു.

എമർജൻസിക്കാൾ വിളിക്കു.......

സർ..

സബ് ഇൻസ്പെക്ടർ അതെ യെന്നു മൂളി.

താമസിയാതെ സബ് ഇൻസ്പെട്കർ എല്ലാ ബാരക്കുകളിലും ക്വാർട്ടേഴ്സുകളിലും ഓടി നടന്നു വിസിൽ മുഴക്കി. ക്വാർട്ടർ ഗാർഡിൽ ചെന്നു മണിയും മുഴക്കി.

ഉറങ്ങിയവരും ഉറങ്ങാത്തവരും, നൈററ് എമർജൻസി ഡ്യൂട്ടിക്ക് ബൂട്ടും ബെൽറ്റും ഇട്ടു കെട്ടി. കിടന്നുറങ്ങിയവരും ഉറക്കച്ചുവയോടെ ഓടിവന്നു ഡ്യൂട്ടി ഓഫീസിന് മുമ്പിൽ റോക്കോളിന് നിരന്നു നിന്നു. അവർ തമ്മിൽ തമ്മിൽ മുരനക്കി. കടപ്പുറത്ത് മരയ്ക്കാൻമാർ തമ്മില ടിച്ചതായിരിക്കും. അല്ല ലീഗുകാരും ആറെസ്സസ്സുകാരും തമ്മിലടിച്ചതാ യിരിക്കും. അല്ല കോൺഗ്രസ്സ് മാർക്സിസ്റ്റ് സംഘട്ടനമാ..

സ്കോഡ്.. അറ്റെ....ൻഷൻ..... നമ്പ്ർ

സബ് ഇൻസ്പെക്ടർ സർവ്വശക്തിയുമെടുത്ത് അലറിക്കൊണ്ടു വിളിച്ചു.

ചിതറിനിന്ന പോലീസുകാർ മൂന്നു നിരയായി ഒതുങ്ങി നിശ്ചല രായി നിന്നു. നമ്പർ വിളിച്ചു തുടങ്ങി.

വൺ...ടു...ത്രീ... ഫോർ...ഫൈവ്

വെടി പൊട്ടുന്നതുപോലെ തുടർ നമ്പരുകൾ വിളി മുഴക്കിക്കൊ ണ്ടിരുന്നു.

ചുവന്ന ലൈറ്റുള്ള ജീപ്പ് പെട്ടെന്ന് സ്ററാർട്ടാവുകയും ഗേററിലൂ ടെ വെളിയിലേക്ക് ഇറങ്ങിപ്പോവുകയും ചെയ്തു. ഇതി കണ്ട എല്ലാവരു ടേയും മനസ്സിൽ കുളിരുകോരി.

എല്ലാവരും പറഞ്ഞു.

അദ്ദേം.. പോയി... അദ്ദേം.. പോയി.

ഇടയ്ക്ക് ആരോ പറഞ്ഞു.

ആ കാലൻ പോയി

എങ്കിലും സബ് ഇൻസ്പെക്ടർ ടോട്ടൽ നമ്പരെടുത്തു

ഫോർട്ടിഫൈവ്

ഓഫീസർ ഒന്നും പറയാതെ പുറത്തേയ്ക്കു പോയതിനാൽ സബ് ഇൻസ്പെക്ടർ പോലീസുകാരെ പിരിച്ചു വിട്ടില്ല.

എന്തു ചെയ്യണമെന്നറിയാതെ സബ് ഇൻസ്പെക്ടർ അവസാനം കവാത്തിന് ഓർഡർ ചെയ്തു.

മൂട്ട്.. ദി..ലെഫ്റ്റ് .. ഇൻ.....ത്രീസ്....റൈട്ടേൺ....ക്യുക്ക് മാർച്ച് ... ലെഫ്...റൈറ്റ്...ലെഫ്...റൈറ്റ്. ലെഫ് റൈറ്റ്...ലെഫ്..സ്കോട്... അറ്റേൻഷൻ... സ്ററാൻന്റ്റീസ്....സ്ററാന്റീസ്...

ഏതാനും സെക്കന്റ് കഴിഞ്ഞ് സബ് ഇൻസ്പെക്ടർ വീണ്ടും കമാന്റ് ചെയ്തു.

സ്കോട്.. അററൻ.....ഷൻ... നമ്പർ

അവർ വീണ്ടും നമ്പരെടുത്തു.

വൺ, ടു, ത്രീ, ഫോർ..... ഫോർട്ടിഫോറിൽ അവസാനിച്ചു.

അവസാന നമ്പർ കേട്ട സബ് ഇൻസ്പെക്ടർ വീണ്ടും അലറിക്കൊണ്ട് വിളിച്ചു പറഞ്ഞു

വൺസ്മോർ..

വീണ്ടും നമ്പരെടുത്തു.

അത്രമാത്രം ...ഫോർട്ടിഫോർ..

ഒരാളുടെ കുറവ്... ഒരാളെ കണ്ടില്ല. ആദ്യം എല്ലാവരും ഉണ്ടായിരുന്നു.

എല്ലാവരും പറഞ്ഞു

വീണ്ടും സബ് ഇൻസ്പെക്ടർ നമ്പർ എടുക്കുവാൻ തുടങ്ങി.

വൺസ് ...

അപ്പോഴുണ്ട് ചോരയിൽ കുളിച്ച ചിരവയുമായി മണ്ടൻ മത്തായി ക്വാർട്ടേഴ്സിൽ നിന്നും മതിൽ ചാടി അകത്തേയ്ക്കു വരുന്നു.

മത്തായി അലറിക്കൊണ്ട് പറഞ്ഞു .

എനിക്കറിയാം അവനെങ്ങോട്ടാ പോയതെന്ന്. അതുകൊണ്ടാ ഞാനും മുങ്ങിയത്. ഞാനടിച്ചു.... ചെരവകൊണ്ടടിച്ചു.... അവന്റെ തലമണ്ട പൊട്ടിച്ചു. അവൻ ചത്തു. എന്റെ ഭാര്യയെ അവൻ മാനഭംഗപ്പെടുത്താൻ ശ്രമിച്ചു. അവളെ ഉപദ്രവിക്കുന്നതു ഞാനെങ്ങനെ നോക്കി നില്ക്കും. ഇനി അവനെങ്ങും ചെല്ലില്ല ആപ്പീസർ.

ഹ....ഹ

എന്നെ അറസ്റ്റു ചെയ്യു.

എന്നെ അറസ്റ്റു ചെയ്യു.

ചോര പുരണ്ട ചിരവയുമായി സ്തംഭിച്ചു നിന്ന് സ്കോഡിന്റെ മുന്നിലേക്ക് മത്തായി കമിഴ്ന്നു വീണു.

# മീനാക്ഷി

നാണുമുതലാളിയുടെ തുണികൊണ്ടുപോയെങ്കിലേ അത്താഴത്തിന് രക്ഷയുള്ളു.

മഴത്തുള്ളികൾ അടർന്നു വീഴുന്ന അരണ്ട പ്രഭാതത്തിൽ എല്ലുന്തിയ വിധവയായ വെളുത്തേടത്തി മീനാക്ഷി കൈതപ്പായിൽ കിടന്നുകൊണ്ട് ഓർത്തു. കൂടെക്കിടക്കുന്ന കുഞ്ഞുങ്ങളെ ഉണർത്താതെ പെട്ടെന്ന് കിടക്കയിൽ നിന്നെഴുന്നേററു. മുഖം കഴുകുന്നതിന് മുമ്പ് ഇസ്തിരിപ്പെട്ടി നിവർത്തി വച്ചു. കരിക്കഷണങ്ങൾ വീഞ്ഞപ്പെട്ടിയിൽ നിന്ന് വാരിയിട്ടു. മണ്ണെണ്ണയിൽ മുക്കിയ പഴന്തുണിക്കഷണം ഇസ്തിരിയിലെ കരിക്കഷണങ്ങൽക്കിടയിൽ തിരുകി വച്ചു. എന്നിട്ട് തീപ്പെട്ടിയുരച്ചു തീ കൊളുത്തി.

ശേഷം തേപ്പ് മേശ തട്ടിത്തുടച്ച് നാലഞ്ച് പുതപ്പ് ഒന്നിനുമുകളിൽ ഒന്നായി വിരിച്ചു. ഞണുങ്ങിയ പാത്രം നിറയെ വെള്ളം കൊണ്ടുവച്ച് ഉണങ്ങിയ വസ്ത്രങ്ങൾ ഇസ്തിരിയിടാൻ പരുവത്തിന് നനയ്ക്കുവാൻ തുടങ്ങി. നനച്ച് കഴിഞ്ഞ് വന്നപ്പോൾ ഇസ്തിരിയിലെ കരിക്കട്ടകൾ സ്വർണ്ണം പോലെ തിളങ്ങിക്കൊണ്ടിരുന്നു.

ഒരുകൂന വസ്ത്രങ്ങൾ ഇസ്തിരിയിട്ട് കഴിഞ്ഞപ്പോൾ പുലരി വിളറി വെളുത്തു. പെട്ടെന്നൊരു തുണി വിരിച്ച് ഇസ്തിരിയിട്ടത് പെറുക്കികെട്ടി. ഒരു തോർത്തെടുത്ത് ദേഹത്തിട്ട് മീനാക്ഷി കുഞ്ഞുങ്ങളെ തട്ടിയുണർത്തി. കണ്ണും തിരുമി കുഞ്ഞുങ്ങൾ എഴുന്നേററു വന്നപ്പോൾ അവരോട് മീനാക്ഷി പറഞ്ഞു.

ഞാൻ വരുമ്പം അപ്പം വാങ്ങിച്ചോണ്ടു വരാം. തിന്നിട്ട് പള്ളിക്കൂടത്തിൽ പോയാൽ മതി. അതിന് മുമ്പ് രണ്ടോരും കൂടി അഴുക്കടിക്കാനുളളത് ആവീന്ന് പെറുക്കിയിടണം. പിന്നെ കുറുപ്പങ്ങുന്നിന്റെ വീട്ടീപോയി മുണ്ട് കൂടെയെടുത്തോണ്ടു വച്ചേക്കണം. കേട്ടോ

മീനാക്ഷി അലക്കു കെട്ടെടുത്ത് തലയിൽ വച്ച് മുറ്റത്തിറങ്ങി ഊടുവഴിയിലൂടെ നടന്നു.

നടക്കാനിരിക്കുന്ന മൈലുകൾ ഒരു മഞ്ഞ പാമ്പിനെപ്പോലെ മനസ്സിലിഴഞ്ഞു വന്നു. ശകുനം കണ്ടപ്പോഴെ സന്തോഷിച്ചു. മരപ്പൊടി ചാക്കുകൾ അടുക്കി വച്ചു കൈവണ്ടി വലിക്കുന്ന മനുഷ്യൻ.

അവർ നാണുമുതലാളിയുടെ വീട് വിദൂരതയിൽ കണ്ടു. നിലകളുയർന്ന കെട്ടിടം. ഇരുമ്പ് ഗേറ്റിനുള്ളിൽ കിടക്കുന്ന വെളുത്ത കാറ്. ഓടിക്കളിക്കുന്ന കുട്ടികൾ, ഗേറ്റ് തുറന്ന് അകത്തുകയറി.

പെൺകുട്ടി വിളിച്ചു പറഞ്ഞു ,

മ്മേ..ലക്കുകാരി.

വെളുത്തു തടിച്ച സ്വർണ്ണ വളകളണിഞ്ഞ ഒരു സ്ത്രീ പെട്ടെന്ന് വീടിന്റെ വാതിൽ തുറന്നു. എന്നിട്ട് പറഞ്ഞു. ന്തൊരലക്കാ, ആറുമാസമായല്ലേ. മഴയൊള്ളപ്പം പറയും വെയിലില്ലെന്ന്, വെയിലുള്ളപ്പം പറയും വെള്ളമില്ലെന്ന് . രണ്ടുമാണെങ്കീ പറയും സോക്കേടൊന്ന്. കൊണ്ടുവരിൻ.

അകത്തെ മുറിയിൽ ചെന്ന് മീനാക്ഷി അലക്ക് കെട്ടഴിച്ചുവച്ചു. തടിച്ച സ്ത്രീ തുണിയുടെ എണ്ണം വായിച്ചു തുടങ്ങി. ഷർട്ട ആറ്, മുണ്ട് മൂന്ന്, പാവാട ഒന്ന് , സാരി....

പെട്ടെന്ന് കാളിംഗ് ബെൽ ശബ്ദിച്ചു. തടിച്ച സ്ത്രീ മുൻവശത്തേക്ക് നടന്നുചെന്നു.

ക്ലോക്കിൽ ഏഴടിച്ചപ്പോൾ മീനാക്ഷി നിവർന്നു നോക്കി. ദേവലോകം പോലിരിക്കുന്നു. എന്തൊരു ഭംഗി. വിലപിടിപ്പുള്ള സാധനങ്ങൾ.

ഹൊ! അതിനിടയ്ക്കൊരു വായ്പ്പക്കാരൻ വന്നിരിക്കുന്നു. ഇവിടെയെങ്ങാണ്ട് പണമടിയാണോ.? തടിച്ച സ്ത്രീ മുരണ്ടുകൊണ്ടു തിരിച്ചു വന്നു. കണക്കുനോക്കി തീർന്നപ്പോൾ അവർ ചോദിച്ചു .

ങ്ങനെകൊണ്ടുപോയാലെങ്ങനാ?

പത്തിന് തന്നെ അടുത്ത പ്രാവശ്യം കൊണ്ടുവരാം.

ന്തായാലും നിങ്ങളുടെ കൂലി ഇതച്ചിരി കടുപ്പാ. ഒരെണ്ണത്തിനിരുപത് പൈസയല്ലേവാങ്ങുന്നത്.?

യ്യോ കൊച്ചമ്മേ, ല്ലാത്തിലും വെല കൂടുതലാ. കാരത്തിനും നീലത്തിനും പണ്ടത്തേന്റിരട്ടിയാ.

ഉം ഞങ്ങള് വാങ്ങിക്കാത്തതല്ലേ.? ന്തെങ്കിലുമാവട്ട്.

അഴുക്കു തുണികൾ അടുത്ത മുറികളിൽ നിന്നും പറന്നു വീണു. വേലക്കാരി കൂടയോടെ പൊക്കിക്കൊണ്ടുവന്നു. അഴുക്കിന്റെ ഗന്ധം മൂക്കിൽ തുളച്ചുകയറി. ഓരോന്നും കണക്കെഴുതാൻ ഇനം തിരിച്ചിട്ടപ്പോൾ മനസ്സിൽ കണക്കു കൂട്ടി. നാല് രൂപ എൺപത് പൈസ കിട്ടും. ഇനി തുണി പുഴുങ്ങണമെങ്കിൽ കാരം വേണം. ആവിയ്ക്ക് ചിരട്ടവേണം, ചീനി വേണം, നീലം വേണം, ടിന്നോപാൽ വേണം. കിട്ടുന്ന കാശ് മുഴുവൻ അടുത്ത തുണിയ്ക്ക് മൊടക്കാനേയുള്ളു. തലേല് എണ്ണ തേച്ചിട്ട് എത്ര ദെവസമായി. ഒന്നു കുളിച്ചിട്ടുതന്നെ എത്ര ദെവസമായി. എന്തൊരു ജീവിതം.?

തുണിയെല്ലാം വാരിക്കെട്ടി– വിരലോടിച്ചുകൊണ്ട് നിൽക്കേ അവർ ചോദിച്ചു. –

ന്തായിനി പൊയ്ക്കൂടെ?

യ്യോ കാശ്

ങേ കാശോ? അദ്ദേഹമിന്ന് ടൂറിലാ രണ്ടാഴ്ച കഴിഞ്ഞേ വരൂ .

യ്യോ കൊച്ചമ്മേ. ങ്ങനേങ്കിലും ഒപ്പിച്ചു തന്നെങ്കിലേ പററൂ.... ല്ലാങ്കി കുഞ്ഞുങ്ങളിന്ന് മുഴുപ്പട്ടിണിയായി പോകും.

അതിനു ഞാനെന്തു ചെയ്യാനാ, ന്റേലും കാശില്ല.

ങാം പ്ന്നെ യെനിയ്ക്ക് കുശലം പറയാൻ നേരമില്ല. മണി ഒമ്പതായി. പെട്ടെന്നവർ അടുത്ത മുറിയിലേക്ക് നടന്നു.

അവരുടെ പോക്ക് കണ്ട് മീനാക്ഷിയുടെ കണ്ണിൽ ഇരുട്ട് ബാധിച്ചു.. പെട്ടെന്ന് മീനാക്ഷി തറയിലേക്ക് തളർന്നിരുന്നു.

(ദേശാഭിമാനി വാരാന്ത്യപതിപ്പ്, 1979 ഡിസംബർ 30)

# ആറാട്ട്

അമ്മൻ കോവിലിലെ ആറാട്ട് ആററിൻ കരയിൽ നിന്നും പുറപ്പെട്ടു.

വിളക്കുകൾ മുമ്പെ പുറപ്പെട്ടു. പിന്നാലെ ചെണ്ടമേളങ്ങൾ. നെയ്യാണ്ടി മേളങ്ങൾ, നാദസ്വരം, വെടി, കൊരവ.

തൊട്ടു പിന്നാലെ തരുണീ രത്നങ്ങളുടെ താലപ്പൊലി. അത് കഴിഞ്ഞ് വെളിച്ചപ്പാടൻമാർ. അമ്മൻ, ഭദ്രകാളി, സർഗവാതിൽ അമ്മ, വസൂരി അമ്മ, മാടൻ, ചുടലമാടൻ, തുടങ്ങിയവർ ചുവപ്പ് മുണ്ടുടുത്തു വാള്, ശൂലം, വേപ്പില, തുടങ്ങിയവ എടുത്ത് ഉറഞ്ഞുതുള്ളി വരുന്നു. മുഖത്ത് സിന്ദൂരം ചുററിലും അമ്മൻ പാട്ടുകാരുടെ ആരവം.

ആറാട്ടിന്റെ പിന്നാലെ അപ്പുവും കൂടി. അപ്പു ആറാട്ടിനെ നിരീക്ഷിച്ചു നടന്നു.

അപ്പുവിന് അറിയാനുള്ളത് ആറാട്ട് പാലമുക്കിൽ ചെല്ലുമ്പോൾ കൂടുതൽ സമയം നിൽക്കുകയും വെളിച്ചപ്പാടന്മാർ വലത്തോട്ട് ഓടിപോകയും ചെയ്യുന്നതെന്തിനാണെന്നാണ് അപ്പു പറഞ്ഞു കേട്ടിട്ടുള്ളത്. ആ ഭാഗം ചുടുകാടായിരുന്നുവെന്നും ഭൂതപ്രേത പിശാചുക്കളെ ഓടിക്കുവാൻ വേണ്ടിയാണെന്നുമാണ്. അതിനുവേണ്ടി അവിടെ കുരുതി കഴിപ്പിക്കുകയും ചെയ്യും.

അപ്പുവിന് ഇത് വിശ്വസിക്കുവാൻ കഴിയുന്നില്ല. അപ്പുവിന്റെ അന്വേഷണത്തിൽ പണ്ട് അവിടെ ചുടുകാട് ഉണ്ടായിരുന്നിട്ടില്ല.

അപ്പു പല വർഷവും വെളിച്ചപ്പാടന്മാർ പോയി വരുന്നത് വരെ ഭക്തജനങ്ങളോടൊപ്പം കാത്തിരുന്നു.

അപ്പു ഈ വർഷം കണ്ടുപിടിക്കാൻ തന്നെ തീരുമാനിച്ചു. പാലമുക്കിലെത്തിയപ്പോൾ പ്രേതബാധയകറ്റുന്ന പൂജ തുടങ്ങിക്കഴിഞ്ഞു.

പതിവുപോലെ വെളിച്ചപ്പാടന്മാർ പാലമുക്കിലിറങ്ങി ആരവം ഉയർ

ത്തി ആക്രോശിച്ചു കൂവി വിളിച്ചു വാളുയർത്തി മുന്നോട്ടു ഉറഞ്ഞു തുള്ളി ഓടി. അപ്പു വെളിച്ചപ്പാടന്മാർ അകന്നപ്പോൾ തൊട്ടുപിന്നാലെ ആരും കാണാതെ പുറപ്പെട്ടു.

ഏകദേശം വെളിച്ചപ്പാടൻമാർ തമ്പടിച്ചിരിക്കുന്നതിന് സമീപം അപ്പു ചെന്നു. അപ്പു അത് കണ്ടു. അപ്പു അത്ഭുതപ്പെട്ടു. ഇതാണോ പ്രേതയകററൽ. ഇതാണോ ചുടുകാട്ടിലെ കുരുതി. അപ്പു പരമാവധി അടുത്തുചെന്നു. അവരെന്തെടുക്കുകയാണെന്ന് അപ്പു കണ്ടു. കണ്ടതെന്താണെന്നോ. കണ്ടത് വെളിച്ചപ്പാടൻമാർ മൂത്രമൊഴിക്കുന്നതും പുകവലിക്കുന്നതുമായിരുന്നു. അപ്പുവിന്റെ കാൽപ്പെരുമാററം കേട്ട അതിലൊരാൾ ചോദിച്ചു. ആരാ...ആരാ...

വഴിയാത്രക്കാരാ.. വിളിച്ചു പറഞ്ഞിട്ട് അപ്പു ഒരൊറ്റ ഓട്ടം കൊടുത്തു.

അപ്പു ആറാട്ടു നില്ക്കുന്ന പാലമുക്കിൽ തിരിച്ചെത്തി. അവിടെ തകൃതിയായി നടക്കുന്നുതാലപ്പൊലിയേന്തിയ പെണ്ണുങ്ങൾ നമ്രമുഖികളായി കൈകൂപ്പി നില്ക്കുന്നു.

കൈകൂപ്പി നില്ക്കുന്നവരുടെ ഇടയിൽ തൊഴുതു നില്ക്കുന്ന അപ്പുവിന്റെ അമ്മയെ അപ്പു കണ്ടു. അപ്പുവിന് ആ സത്യം വിളിച്ചു പറഞ്ഞു കൊള്ളാൻ വയ്യ. അപ്പു അമ്മയുടെ ചെവി പിടിച്ചിട്ട് പറഞ്ഞു. അമ്മേ ഞാൻ കണ്ടുപിടിച്ചു. കണ്ടുപിടിച്ചു.

എന്തോന്നാ

വെളിച്ചപ്പാടൻമാർ പ്രേതങ്ങളെ ഓടിക്കാനല്ല പോകുന്നത്. മൂത്രമൊഴിക്കാനാ, ബീഡി വലിക്കാനാ...

പെട്ടെന്ന് അമ്മ മോന്റെ വായ് പൊത്തിക്കൊണ്ടു പറഞ്ഞു. മിണ്ടരുത്. മിണ്ടരുത്. അവമ്മാര് നിന്നെ കൊല്ലും.

അമ്മ മോനെ മാറോട് ചേർത്ത് പൊത്തിപ്പിടിച്ചു കൊണ്ടു ആറാട്ടിനോടൊപ്പം പോകാതെ വീട്ടിലേക്ക് നടന്നു.

## കുചേലപുരത്തേയ്ക്കുള്ള യാത്ര

ചെല്ലമ്മയ്ക്ക് ജീവിക്കാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ തന്റെ കൈകുഞ്ഞിനേയും കയ്യിലേന്തി കുചേലപുരത്തേക്ക് യാത്ര തിരിച്ചു....

ആസ്ത്മ രോഗിയായ തന്റെ ഭർത്താവ് മരിച്ച ശേഷം ബന്ധക്കാർ ചെല്ലമ്മയ്ക്കൊരു സഹായവും ചെയ്തുകൊടുത്തിരുന്നില്ല. നിരന്തരം ചുഴലി രോഗം വരുന്ന ചെല്ലമ്മ അവർക്കൊരു ഭാരമായിരുന്നതിനാൽ എങ്ങനേയും അവളെ ഒഴിഞ്ഞു കിട്ടിയാൽ മതി എന്ന രീതിയാലായിരുന്നു.

കുചേലപുരത്തു ചെന്നാൽ തന്റെ ചെറിയമ്മയും അമ്മാവനും ഒക്കെ അവിടെയുണ്ട്. തീർച്ചയായും വീട്ടുജോലി ചെയ്തു കൊടുത്താലും ഒരു നേരത്തെ ആഹാരമെങ്കിലും അവർ തരാതിരിക്കില്ല.

ചെല്ലമ്മയ്ക്ക് ആകെകൂടിയുണ്ടായിരുന്ന മൂക്കുകുത്തി അയലത്തെ വീട്ടിലെ ജാനു അക്കന് വിററ വകയിൽ കിട്ടിയ പതിമൂന്ന് രൂപയായിരുന്നു ആകെകൂടിയുള്ള യാത്രാചെലവ്.

ചെല്ലമ്മ റയിൽവേ സ്റ്റേഷനിലേക്ക് നടന്നു. ടിക്കറ്റ് കൗണ്ടറിന്റെ മുമ്പിൽ ചെന്നപ്പോൾ ഒരു നീണ്ട ക്യൂ. ചെല്ലമ്മ പിന്നിൽ ചെന്നു നിന്നു. ക്യൂ തീർന്നപ്പോൾ കിട്ടിയ ടിക്കററുമായി ചെല്ലമ്മ ട്രെയിനിൽ കയറി.

ട്രെയിൻ പുറപ്പെട്ട നിമിഷം ചെല്ലമ്മ തറയിൽ വീണു. കയ്യിലിരുന്ന കുഞ്ഞ് തെറിച്ചുപോയി. ചെല്ലമ്മ ഞെളിഞ്ഞു പിരിഞ്ഞു തുടങ്ങി. വായിലൂടെ വെളുത്ത പത കുമിളകളായി പതഞ്ഞു പൊങ്ങി. താടി തറയിലിട്ടിടിക്കാൻ തുടങ്ങി. പല്ലുകൾ കൊരുത്തുമുറുക്കി. കണ്ണുകൾ മുമ്പോട്ടു തള്ളി. കൈപ്പത്തികൾ അടച്ചുപിടിച്ചു മുറുക്കി തറയിലിട്ടടിച്ചു.

ഒരു താടിക്കാരൻ തന്റെ ബാഗിൽ നിന്നും ഒരു താക്കോൽ കൂട്ടം എടുത്തു കൊണ്ടുവന്നു ചെല്ലമ്മയുടെ കൈയിൽ പിടിപ്പിച്ചു. ട്രെയിൻ അതിവേഗം ഓടിക്കൊണ്ടിരുന്നു.

കുറെക്കഴിഞ്ഞു ചെല്ലമ്മയ്ക്ക് ബോധം വന്നു. ചെല്ലമ്മ ചുറ്റും നോക്കി. തന്റെ കുട്ടി മാത്രം കളിച്ചുകൊണ്ടിരിക്കുന്നു. മറ്റുള്ളവരെല്ലാം അവരവരുടെ സ്റ്റേഷനുകളിൽ ഇറങ്ങിക്കഴിഞ്ഞിരിക്കുന്നു.ചെല്ലമ്മ തട്ടികുടഞ്ഞെഴുന്നേറ്റു തന്റെ മുണ്ടിന്റെ മുന്തിതപ്പി. ആ മുന്തിയിൽ തന്റെ പൊതി ഇല്ലായിരുന്നു. ആരോ തന്റെ പൊതി മോഷ്ടിച്ചിരിക്കുന്നു. ചെല്ലമ്മ ആകെ വിവർണ്ണയായി. ഇനി എന്തു ചെയ്യും.?

മണിക്കൂറുകൾ കഴിഞ്ഞു. ചെല്ലമ്മ തന്റെ കുട്ടിയുമായി ട്രെയിനിൽ നിന്ന് സ്റ്റേഷനിലിറങ്ങി. സ്റേറഷനിൽ നിന്നും മെയിൻ റോഡിലേയ്ക്ക് അവൾ നടന്നു. നാലു ഭാഗത്തേയ്ക്കും നോക്കി. അവസാനം കിഴക്കോട്ട് നടന്നു. ഓവർ ബ്രിഡ്ജ് കയറി വീണ്ടും നടന്നു.

മ്മേ... മ്മേ

കുഞ്ഞു വീണ്ടും കരഞ്ഞപ്പോൾ ചെല്ലമ്മ ബ്ലൗസ് പൊക്കി മുല കൊടുത്തു. മുലപ്പാലില്ലാത്ത മുല ചവച്ചുതുപ്പി കുഞ്ഞ് വീണ്ടും കരഞ്ഞു തുടങ്ങി.

മ്മേ... മ്മേ

ചെല്ലമ്മ അടുത്തുകണ്ട വയലിലേക്ക് ഇറങ്ങിച്ചെന്നു. കരഞ്ഞ കുഞ്ഞിന് കെട്ടി നിന്ന വെള്ളത്തിൽ നിന്നും വെള്ളം കോരികൊടുത്തു. വെള്ളം കോരിയെടുത്തപ്പോൾ ചെല്ലമ്മയ്ക്ക് പഴയ അനുഭവം ഉണ്ടായി. പിന്നെ താമസം ഉണ്ടായില്ല. വെള്ളത്തിലേയ്ക്ക് കുഞ്ഞും തള്ളയും രണ്ടായി പിരിഞ്ഞു വീണു.

ഇത് കണ്ട് ആരൊക്കെയോ ഓടിക്കൂടിവന്നടുത്തു. സ്ത്രീകൾ വഴിമാറി നിന്നു. ഒന്നുരണ്ട് ചെറുപ്പക്കാർ അടുത്ത് വന്ന് ചെല്ലമ്മയെ പൊക്കിയെടുത്തു. ചെല്ലമ്മ പഴയതുപോലെ ആവർത്തിച്ചു.

പെട്ടെന്ന് അടുത്ത വീട്ടിൽ നിന്നും ചെറുപ്പക്കാരൻ കരണ്ടിവാങ്ങികൊണ്ടുവന്നു ചെല്ലമ്മയുടെ കൊരുത്ത പല്ലുകൾ അകത്തി മാറ്റി. കുറേ കഴിഞ്ഞ് ഓർമ്മ തെളിഞ്ഞപ്പോൾ അവർ ചെല്ലമ്മയ്ക്ക് ചായ വാങ്ങി കൊണ്ടുവന്നു. അടുത്തു നിന്ന സ്ത്രീ ചായ കുടിക്കാൻ ചെല്ലമ്മയെ സഹായിച്ചു. ഓർമ്മ പൂർണ്ണമായി തെളിഞ്ഞപ്പോൾ ചെല്ലമ്മ തന്റെ കുഞ്ഞിനെ തിരക്കി. കുഞ്ഞ് ആരോ വാങ്ങിക്കൊടുത്ത ഇഡ്ഢലി കഴിക്കുന്നു.ഇടയ്ക്ക് കയറി ഒരു ചെറുപ്പക്കാരൻ ചോദിച്ചു. നിങ്ങളുടെ സ്ഥലമെവ്ടാ, നിങ്ങൾക്കെവിടെ പോകണം? ചെല്ലമ്മ ഒന്നിനും ഉത്തരം പറ

ഞ്ഞില്ല. തന്റെ ഭാണ്ഡക്കെട്ടഴിച്ചു. ഒരു തുണ്ടു കടലാസെടുത്തു കയ്യിൽ കൊടുത്തു.

അവർ അത് വായിച്ചു. അതു ചെല്ലമ്മയുടെ പേരും വിലാസവുമായിരുന്നു. നിങ്ങൾക്കെവിടെ പോകണം?

വടക്കോട്ട് ചെല്ലമ്മ കൈപൊക്കി കാണിച്ചിട്ട് എന്തൊക്കെയോ പറയുന്നു. നാവു പൊങ്ങുന്നില്ല. അപ്പോഴാണ് ചെല്ലമ്മ ഊമയാണെന്ന കാര്യം മനസ്സിലായത്.

ശരി ഇവർക്കുള്ള വണ്ടിക്കൂലി നമുക്കൊപ്പിച്ചുകൊടുക്കാം. ഒരു ചെറുപ്പക്കാരൻ പറഞ്ഞു. അയാൾ എല്ലാവരിൽ നിന്നും ഒരു ചെറിയരീതിയിലൊരു പിരിവ് നടത്തി. അത് അവരെ ഏല്പിച്ചു. പത്ത് രൂപ എൺപത്തിയഞ്ചു പൈസ. ചെല്ലമ്മ ട്രെയിനിൽക്കയറി തന്റെ കുട്ടിയുമായി കംപാർട്ട് മെന്റിന്റെ മൂലയിലിരുന്നു. കാശ് ഭാണ്ഡത്തിലേക്ക് മാറ്റാൻ മുന്തിയഴിച്ചു. ബഞ്ചിലിരുന്ന വല്യമ്മ പെട്ടെന്നു കരഞ്ഞു. യ്യോ....എന്റെ കാശു കണ്ടില്ലേ... ന്റെ കാശു കണ്ടില്ലേ.

അലക്കിതേച്ചഒരു കസവുകരയൻ നേര്യത് ചുറ്റിയ വല്യമ്മ ചെല്ലമ്മയുടെ നേരേ ചാടിവീണു. എടീ ഭയങ്കരി, എന്റെ കാശ് എവളെടുത്തേ, മാളോരെ ഓടി വരണേ. ട്രെയിൻ ഓടിക്കൊണ്ടിരുന്നു. ചുറ്റിൽ നിന്നും രണ്ട് പേർ രംഗത്തേക്ക് വന്നു. കണ്ണട വച്ച് ദുബായിക്കാരൻ പെട്ടെന്ന് പ്രമാണിയായി. ടീ... നീ: വല്യമ്മയുടെ കാശെടുത്തോ? ഇല്ലെന്നു ചെല്ലമ്മ തലയാട്ടി. ടി... നീ: പൊട്ടിയാണോ? യെയ് ഇതവളുടെ ഒരടവാ. കൊട്റീ കാശ്. ചെല്ലമ്മ ആ കാശ് അവളുടേതാണെന്ന് നെഞ്ചത്ത് കൈവച്ച് പറഞ്ഞു. ടീ... കൊട്റീ കാശ്. ദുബായിക്കാരൻ ചെല്ലമ്മയുടെ കരണത്തേക്ക് അടിച്ചു. അടികൊണ്ട ചെല്ലമ്മയുടെ കയ്യിൽ നിന്നും കാശ് അടർന്നു വീണു. ന്നാ വല്ല്യമ്മേ ങ്ങടെ കാശ്. വല്യമ്മ ആ കാശ് വാങ്ങി സീറ്റിൽ പോയിരുന്നു. അടുത്ത സ്റ്റേഷനിൽ വണ്ടി നിന്നപ്പോൾ നേരം ഇരുണ്ടുകഴിഞ്ഞു. കുഞ്ഞിന്റെ കരച്ചിൽ ചെല്ലമ്മയെ ഒരു ഭ്രാന്തിയാക്കി മാറ്റി. ഒരു ഫർലോംഗ് ദൂരം നടന്നപ്പോൾ കണ്ട പൈപ്പിനരികിലേക്ക് ചെല്ലമ്മ നീങ്ങി. തണുപ്പിൽ ചെല്ലമ്മയുടെ ശരീരം പെരുത്തുകയറി. ചെല്ലമ്മ പഴയതുപോലെ പൈപ്പിന്റെ സിമന്റ് തറയിലേക്ക് തെറിച്ചുവീണു. പിന്നീടവർ ഒന്നുമറിഞ്ഞില്ല.നേരം വെളുത്തപ്പോൾ ഒരുകൂട്ടം ആളുകൾ ചെല്ലമ്മയുടെ ചുററും കൂടി നില്ക്കുന്നത് കണ്ണു തുറന്നപ്പോൾ കണ്ടു.

ഓർമ്മ വന്നപ്പോൾ തന്റെ കുഞ്ഞിനെ തിരക്കി . ചെല്ലമ്മ തന്റെ ഇടതുകൈ നിവർത്തി. തന്റെ കുഞ്ഞ് തന്റെ കൈകൾക്കുള്ളിൽ ഞെരുങ്ങി മരിച്ചിരിക്കുന്നു. ചെല്ലമ്മയ്ക്ക് കരയണമെന്നുണ്ട്. പക്ഷെ ഒന്നിനും കഴിയാതെ ചെല്ലമ്മ അങ്ങനെ കിടന്നു.

(ആഗ്നേയം യുദ്ധവിരുദ്ധ മാസിക)
1986 ഫെബ്രുവരി

# ദേവകി

രാമകൃഷ്ണൻ അവസാന കർമ്മം ചെയ്യുന്നതിന് മുമ്പായി താൻ ആരംഭിച്ച യാത്ര മുതൽ ഓർത്തു.

ദേവകിയെ തേടാനിനിയൊരിടമില്ല.

ഇടതു കവിളിൽ ഒരു മറുകും വലതു നെറ്റിയിൽ ഒരു പാടുമുള്ള ദേവകിയെ.

അത് തന്റെ ഒരു മോഹം മാത്രമായിരുന്നു.

എങ്കിലും തനിക്ക് ആ ദേവകിയെ കണ്ടെത്തുവാൻ കഴിയുമെന്ന് രാമകൃഷ്ണൻ പൂർണ്ണമായി വിശ്വസിച്ചു.

അനവധി സംവത്സരങ്ങൾ തന്നെ ആ അന്വേഷണത്തിനായി രാമകൃഷ്ണൻ വിനിയോഗിച്ചു.

എന്നും ത്രിസന്ധ്യയ്ക്ക് പഞ്ചവാദ്യം മുഴങ്ങുന്ന, മഹാദേവർ ക്ഷേത്രത്തിൽ ദീപാരാധന തൊഴുവാൻ, ഇളം പ്രകാശം മുഖത്തുവീണ അകത്തളത്തിലെ സുന്ദരിമാരുടെ മുഖങ്ങൾ നോക്കി എത്രയോ വർഷം രാമകൃഷ്ണൻ തപസിരുന്നു ശ്രദ്ധിച്ചു. അവസാനം മഹാദേവർ ക്ഷേത്രത്തോടു വിട പറഞ്ഞു. രാമകൃഷ്ണൻ ക്ഷേത്രത്തിലെ കുടക്കടവിനടുത്തുള്ള ആൽത്തറയിൽ സ്ഥിരപ്രതിഷ്ഠയായി ശാന്തനായി എത്രയോ ത്രിസന്ധ്യകൾ അവിടെ തപസ്സിരുന്നു. പക്ഷെ ദേവകിയെ കണ്ടില്ല. എന്നാൽ തന്റെ മുറപ്പെണ്ണ് ജാനകിയോട് പറയാത്തതിൽ തന്നോടു ഇഷ്ടമല്ലെന്ന് പറഞ്ഞ് പിണങ്ങിപ്പോയി. അവളെ വിവാഹം ചെയതുകൊണ്ട് വയൽ വരമ്പിലൂടെ കൊണ്ടുപോകുന്ന കാഴ്ച ഞാനിന്നും ഓർക്കുന്നു. അയലത്തു വീട്ടിലെ ഭവാനിചേച്ചിയുടെ അനിയത്തി തന്നിൽനിന്നുംപുസ്തകങ്ങൾവാങ്ങിപഠിക്കാൻ കൊണ്ടുപോയി തിരിച്ചു വന്നപ്പോൾ പറഞ്ഞ വിവാഹ അഭ്യർത്ഥന നിരസിച്ചതും താനിന്നുമോർക്കുന്നു. അങ്ങനെ

എത്രയോ അവസരങ്ങൾ. പക്ഷെ അവരിലൊന്നും താൻ ദേവകിയെ കണ്ടില്ല. തനിക്കു ദേവകിയെയാണ് വേണ്ടത്. ഇടതുകവിളിൽ മറുകുള്ള വലതു നെറ്റിയിൽ പാടുള്ള ദേവകിയെ.

പിന്നീട് ആൽത്തറയിൽ നിന്നും യാത്രമാറ്റി നിത്യവും പാടത്ത് കൃഷിചെയ്യാൻ വരുന്ന കറുത്ത് സുന്ദരിമാരിൽ ദേവകിയെ ശ്രദ്ധിച്ചു. പക്ഷെ അവരിലും കണ്ടില്ല.

അങ്ങനെയിരിക്കുമ്പോഴാണ് അവിടെയൊരു കശുവണ്ടി ഫാക്ടറി വരുന്നത്. അതോടെ രാമകൃഷ്ണന് സന്തോഷമായി. നൂറ് കണക്കിന് സ്ത്രീകൾ വന്നു തുടങ്ങി. വളരെ ദിവസങ്ങൾ അവരിലും ദേവകിയെ രാമകൃഷ്ണൻ തേടി. പക്ഷെ ഇടതു കവിളിൽ മറുകുള്ള വലതുനെറ്റിയിൽ പാടുള്ള ദേവകിയെ കാണാൻ കഴിഞ്ഞില്ല.

ആ അവസരത്തിലാണ് രാമകൃഷ്ണന് ജോലി കിട്ടിയത്. രാമകൃഷ്ണൻ തന്റെ ഗ്രാമത്തിൽ നിന്നും നഗരത്തിലേക്ക് പുറപ്പെട്ടു. അതോടെ രാമന് സന്തോഷമായി. അവിടെ തീർച്ചയായും ദേവകിയെ കണ്ടുമുട്ടും.

രാമകൃഷ്ണൻ ഒരു ലോഡ്ജിൽ മുറിയെടുത്തു താമസമായി. നഗരത്തിലുള്ള പ്രധാന കോളേജുകളിലും പാരലൽ കോളേജുകളിലും പഠിക്കുന്ന എല്ലാ പെൺകുട്ടികളെയും രാമകൃഷ്ണൻ ശ്രദ്ധിച്ചു. പക്ഷെ അവരിലും രാമകൃഷ്ണൻ ദേവകിയെ കണ്ടില്ല.

രാമകൃഷ്ണന്റെ ലോഡ്ജിന് പരിസരത്തു റോഡിലും ബസ്സിലും ഓഫീസിലുമൊക്കെ ദേവകിയെ അന്വേഷിച്ചു. പക്ഷെ ദേവകിയെ കണ്ടില്ല. ഒരു ദിവസം രാമകൃഷ്ണൻ നാട്ടിലേക്ക് തിരിച്ചു വന്നു. അന്ന് വീടിനടുത്ത് ഒരു മരണം നടന്നു. ചേട്ടന്റെ ഇളയ മകൾ വിളിച്ചു പറഞ്ഞു.

മരിച്ചത് ആ ദേവകേട്ടത്തിയാ.

അതു കേട്ടു രാമകൃഷ്ണന്റെ ശരീരം വല്ലാതെ തളർന്നു. കണ്ണുകൾ കറങ്ങി. കണ്ണിൽ ഇരുട്ടു ബാധിച്ചപോലെ എങ്കിലും രാമകൃഷ്ണൻ ദേവകിയെ അവസാനമായി ഒന്നു കണ്ട് കളയാമെന്ന് കരുതി. അവിടെ ച്ചെന്നു.

മരണവീട്ടിൽ വലിയ ആൾക്കൂട്ടമുണ്ടായിരുന്നു.ദുഖം തളംകെട്ടി നില്ക്കുന്നു. എങ്ങും സംസാരമില്ല. ഘനമൂകത.

വാഴയിലയിൽ കത്തി നില്ക്കുന്ന നിലവിളക്കിനു മുന്നിൽ ഭാഗവത പാരായണ ശബ്ദത്തിൽ മുഖം മറയത്തക്ക വിധത്തിൽ വെള്ളതുണി മൂടിയിട്ടിരിക്കുന്നു. ചന്ദനത്തിരിയുടെ പുക ഉരുണ്ടുരുണ്ട് ഉയർന്നുകൊണ്ടിരുന്നു.

അവസാനമായി ഒരു നോക്കു കാണുവാൻ ബന്ധുക്കൾ രാമകൃഷ്ണനെ അനുവദിച്ചു. മരിച്ചുവെങ്കിലും ദേവകിയെ ഒന്നു കാണാമല്ലോയെന്ന് രാമകൃഷ്ണൻ അവസാനം സമാധാനിച്ചു.

മുഖത്തു നിന്നും രാമകൃഷ്ണൻ തുണി മാറ്റി. മരിച്ചു കിടക്കുന്ന ദേവകിയെ കണ്ടു. ഒരുനിമിഷം നോക്കി നിന്നു. പക്ഷെ അപ്പോഴാണ് വാണ്ടും ഓർമ്മ വരുന്നത്. മുഖത്ത് കറുപ്പോ വലതു നെറ്റിയിൽ പാടോ ഉണ്ടായിരുന്നില്ല. അത് വെറുമൊരു ദേവകിയായിരുന്നു.

രാമകൃഷ്ണന്റെ ശരീരം വല്ലാതെ വീണ്ടും തളർന്നു. രാമകൃഷ്ണൻ തിരിച്ചു നടന്നു.

# നഗരത്തിന്റെ നിറം

കിഴക്കേ ചക്രവാളത്തിൽ ചുവപ്പു ചായം പടരുവാൻ തുടങ്ങി. മഞ്ഞിന്റെ മുത്തുകൾ അടർന്നു വീഴുന്നു. പ്രഭാതം പൊട്ടിവിടരാൻ പോകുന്നു.

പെട്ടെന്ന് ബാബു ചാടിയെണീറ്റു. കണ്ണൊന്നു തിരുമിയിട്ട് ചുറ്റും നോക്കി.

ആകാശത്തെ മുട്ടിയുരുമ്മുന്ന നാഴികമണി. കിഴക്കു നിന്നും തിരിഞ്ഞ് തെക്കോട്ട് പോകുന്ന ഓവർ ബ്രിഡ്ജ്. പടിഞ്ഞാറോട്ടു നീണ്ടു കിടക്കുന്ന വിജനപാത. ഒരു ഫർലോംഗ് അകലെ നിന്നും ട്രെയിനിന്റെ ഉയരുന്ന പുകചുരുളുകൾ.

അപ്പോൾ അടുത്ത ചായക്കടയിൽ നിന്നും വെള്ളയപ്പം പൊരിക്കുന്ന മണം അവന്റെ മൂക്കിൽ അരിച്ചുകയറി.

ആ മണം അവനെ വല്ലാതെ ശല്യപ്പെടുത്തി. ഇന്നലെയൊന്നും കഴിച്ചില്ല. വാങ്ങിക്കഴിക്കാൻ കയ്യിൽ കാശുമില്ലായിരുന്നു.

ബാബു ഓർത്തു.... വീട്ടിൽ നിന്നിറങ്ങിയിട്ട് രണ്ട് ദിവസം കഴിഞ്ഞിരിക്കുന്നു. അമ്മയുടെ പെട്ടിയിൽ നിന്നും മോഷ്ടിച്ചെടുത്ത അഞ്ച് രൂപയും തീർന്നു. ഇനിയെന്തു ചെയ്യും?

പെട്ടെന്നൊരു പോംവഴി കണ്ടു. അടുത്ത ചായക്കടയ്ക്കു് നേരേ നടന്നു. കൈകഴുകാൻ വച്ചിരുന്ന പാത്രത്തിൽ നിന്നും പോണിയെടുത്ത് വെള്ളം കോരി മുഖവും വായും കഴുകി എന്നിട്ട് ചായക്കട മുതലാളിയോട് അവൻ പറഞ്ഞു. ണ്ണാ ഞാൻ വെള്ളം കോരാം..... നിക്ക് വെശന്നിട്ട് വയ്യ. എന്തെങ്കിലും തരുമോ.?

വേണ്ട, വേണ്ട, ഇവ്ടെ വേറെ ആളുകളുണ്ട്.

സ്വപ്നം പോലും കാണാത്ത അയാളുടെ മറുപടി കേട്ടപ്പോൾ മ

നസ്സാകെ ഇളകിമറിഞ്ഞു. ഇനി എന്ത് ചെയ്യും?

ഒരു ചായ വെറുതേ ചോദിച്ചാൽ തരില്ല. വെള്ളം കോരി കൊടുക്കാമെന്ന് പറഞ്ഞാൽ പോലും തരില്ല. ഇവിടെ നിന്നിട്ട് കാര്യമില്ല. അവൻ ദൃഢചിത്തനായി തിരിച്ചു നടന്നു. നോക്കിയപ്പോൾ പുതിയൊരു കോളു വരുന്നു. രക്ഷകിട്ടി. മനസ്സാകെ പൂത്തുലഞ്ഞു. ഇരച്ചു പാഞ്ഞുകൊണ്ടു വരുന്നൊരു ബസ്സ് സ്ററാൻഡിൽ വന്നു നിന്നു. നിറഞ്ഞ ചരക്കുകളുമായി വന്ന ബസ്സിനു നേരെ ഓടിച്ചെന്നു.

മ്മേ...മ്മേ....ണ്ണാ...ണ്ണാ.... ഞാനെടുക്കാം. അവൻ ബസ്സിൽ നിന്നെറങ്ങുന്നവരോടെല്ലാം യാചിച്ചു. പെട്ടെന്നാരോ പറഞ്ഞു. അതിങ്ങിറക്കിയേരെ. ആരോട് പറഞ്ഞെന്നു കേൾക്കുന്നതിന് മുമ്പ് ബാബു ബസിന്റെ പിന്നിലെ ഏണിയിൽ ചവിട്ടിക്കഴിഞ്ഞതും വിറകുകൊള്ളി തലയിൽ വീണതുപോലെ പിടലിയിലെന്തോ ആഞ്ഞു പതിച്ചു.

ഹാ.......ഹാ

നിലംപതിച്ച് ബാബു കണ്ണുതുറന്നു നോക്കിയപ്പോൾ ആജാനുബാഹുവായ ഒരുവൻ നിന്നട്ടഹസിക്കുന്നു, കുലുങ്ങിച്ചിരിക്കുന്നു.

എണീര്ര.........അവന്റെയോരു നോട്ടം.

ബാബു ചാടിയെണീറ്റു. അവന്റെ ചുററും ഇരുൾ കൂടുവയ്ക്കുന്നതായി തോന്നി. പേടി, വിഴപ്പ് എല്ലാം കൂടി അവനെ ലക്കില്ലാതാക്കി തീർത്തു. പെട്ടെന്ന് ചുമട്ടുകാരൻ കൈ ചുരുട്ടിക്കൊണ്ടലറി.

ഓർറ.... രാവിലെ ഒരു ചുമട്ടുകാരൻ വന്ന്രിക്കുന്നു, ന്ത്റ... കേക്കാത്തെ.

തിരിഞ്ഞു വേലിയിൽ നിന്നും ഒരു പത്തലൊടിച്ചതും ബാബു ഓടിയതും ഒന്നിച്ചായിരുന്നു.

തടിയനിൽ നിന്ന് രക്ഷപ്പെട്ട ബാബു അകലുന്തോറും തിരിഞ്ഞു നോക്കുന്നുണ്ടായിരുന്നു.ഒരു ഫർലോംഗ് വരെ ഓടിക്കഴിഞ്ഞു. പിന്നെ കാലുകൾ ചലിച്ചില്ല. ശരീരമാകെ തളർന്നു റോഡരികിലിരുന്നു.

നിത്യവും ഇത്തരം ചിത്രങ്ങൾ കണ്ടു മടുത്ത കണ്ണുകൾ അനവധി അതിലെ കടന്നുപോയി. ചിലർ അവനെ ദയാലുവായി നോക്കുന്നത് കണ്ടപ്പോൾ അവരോട് കൈനീട്ടി. പക്ഷെ ആരും ഒന്നും കൊടുത്തില്ല.

ആ ഇരുപ്പ് അവിടെയിരുന്നു.

നേരം വാർദ്ധക്യത്തിലോട്ട് നീങ്ങിക്കൊണ്ടിരുന്നു. ഉച്ചവെയിലിൽ നാഴികമണിയുടെ സൂചികൾ രണ്ടിലെത്തി നിന്നു. പെട്ടെന്ന് തന്റെ *കണ്ണുകൾ തനിക്കാവശ്യമായ ഒരു രംഗത്തേക്ക് വഴുതി വീണു. അവിടെ തന്റെ പ്രായക്കാരും, പ്രായമല്ലാത്തവരും, നായ്ക്കളും നാല്ക്കാലികളുമുണ്ടായിരുന്നു. അവർക്കെല്ലാവർക്കും പങ്ക് ചേരാമെങ്കിൽ എന്തുകൊണ്ട് തനിക്കും ആയിക്കൂടാ. വിശപ്പിന് ആഹാരമാണ് വേണ്ടത്. അച്ഛനും മക്കളും കൂട്ടുകാർ തമ്മിലും ഒരു പാത്രത്തിലിരുന്നു കഴിക്കുന്നതുപോലെ മൃഗങ്ങളും മനുഷ്യരും ഒരിലക്കൂട്ടത്തിലിരുന്നു കഴിക്കുന്നു.

അവന്റെ മനസാക്ഷിയുടെ പ്രേരണ അക്കൂട്ടത്തിലേയ്ക്ക് നയിച്ചു. എല്ലാവരും തിന്നുന്നു. അവന് ആർത്തി.

പിന്നൊരു നിമിഷം മടിച്ചില്ല. ബാബുവും ഓരോരോ ഇലകൾ മാററി വച്ചു. അതിലെങ്ങുമൊന്നുമില്ല. വെറും ഉച്ചിഷ്ടങ്ങൾ. പിന്നെയും മനസ്സു വിഷമിപ്പിച്ചു,.

എല്ലാവരും പെട്ടെന്ന് ചാടിയെണീക്കുന്നത് കണ്ട് ബാബു തിരിഞ്ഞു നോക്കി. ഹോട്ടൽ ബോയ് ഒരു കുട്ട നിറയെ ഇലകളുമായി വരുന്നു. തട്ടിയിട്ടു കുട്ടയുമായി തിരിച്ചോടി. അക്കുറി നന്നായിരുന്നു. ബാബുവിനും കിട്ടി നല്ലൊരു പങ്ക്. അവൻ ആ ഇലയുമായി എഴുന്നേററു. ചുറ്റുപാടുമൊന്നു നോക്കി. വല്ല പരിചയക്കാരും കാണുന്നുണ്ടോ. അച്ഛനോ അമ്മയോ തിരക്കി വരുന്നുണ്ടോ.?

ഓ..... അരി വാങ്ങാൻ പോലും കാശില്ലാത്തവർ തിരക്കിവരാൻ പോകുന്നു. വീട്ടിൽ പട്ടിണിയായതുകൊണ്ടും, അനിയന്റെ നിലവിളികേട്ടുമാണ് അവിടെനിന്നിവിടെയെത്തിയത്. ഓ......ആരുമില്ല. അവൻ കുനിഞ്ഞിരുന്നു. ആർത്തിയോടെയെല്ലാം വാരിത്തിന്നാൻ ശ്രമിക്കേ, ഒരു നീളംകൂടിയ കോമ്പല്ലൻ ചെറുക്കൻ ഉടുപ്പിൽ കുത്തിപ്പിടിച്ചു കന്നത്തൊരടി. എന്നിട്ടു ചോദിച്ചു. ആര് പറഞ്ഞെടാ നീയിവിടെ വരാൻ.?

അയ്യോ അമ്മേ....

ബാബു നിലവിളിക്കാൻ തുടങ്ങി. പക്ഷെ സഹായത്തിനാരും വന്നില്ല. മുന്നിൽ നില്ക്കുന്നവരെല്ലാം അപരിചിതർ. നാറിയതും കീറിയതുമായ വസ്ത്രങ്ങൾ ധരിച്ചവർ, കുളിക്കുകപോലും ചെയ്തിട്ടില്ലാത്തവർ.

ഒരുവൻ പറഞ്ഞു നല്ല ഉടുപ്പല്ലോടാ നീയിട്ടിരിക്കുന്നേ. കിർ,,, ഒരു ശബ്ദം കേട്ടതോടൊപ്പം ബാബുവിന്റെ ഉടുപ്പിന്റെ പിറകുവശം കീറിക്കഴിഞ്ഞിരുന്നു. ഛന്നംചിന്നമായി. ആരോടും എതിർക്കാൻ അവന് ശക്തിയില്ലായിരുന്നു. അതോടൊപ്പം തന്റെ മുണ്ടിന്റെ പകുതി ആ കോന്തപ്പല്ലൻ വലിച്ചുകീറിക്കൊണ്ടുപോവുകയും ചെയ്തു.

ആകെ ദരിദ്രനായി തെരുവുതെണ്ടിയായി അവൻ കരഞ്ഞു കരഞ്ഞു നിൽക്കവേ ഒരുവൻ പറഞ്ഞു. നമുക്കപ്പോവ്വാം കോന്തപ്പല്ലൻ ഉടനെപറഞ്ഞു. നാളെ നീയിവിടെ വന്നുപോകരുത് വന്നാൽ.... കോന്തപ്പല്ലൻ താക്കീത് കൊടുത്തിട്ട് കടന്നുപോയി.

അന്തിചുവന്നു തുടങ്ങി. തെരുവ് നിറയെ ജനസമുദ്രം. സിനിമ കാണാൻ പോകുന്നവർ, വിസിറ്റിങ്ങിറങ്ങിയവർ, ബീച്ചിൽ പോകുന്നവർ, കടകമ്പോള്ളിൽ പോകുന്നവർ അങ്ങനെ പലരും.

ബാബു കടയുടെ മൂലയ്ക്ക് നിൽക്കേ കോന്തപ്പല്ലനും കൂട്ടുകാരനും ഓടുന്നതുകണ്ടു. പെട്ടെന്ന് ബസ്സിനകത്തുനിന്നും ഒരു പഴയ പാട്ടും താളവും പ്രവഹിച്ചു. തുടർന്ന് ബസ് സ്റ്റോപ്പിൽ നിന്ന ഓരോ ബസ്സിൽ നിന്നും താനോരോരോ ഗാനശകലങ്ങൾ കേൾക്കാൻ തുടങ്ങി. അത് കോന്തപ്പല്ലന്റെയും കൂട്ടുകാരുടേയുമായിരുന്നു. അവർ കാശ് സമ്പാദിക്കുന്നു താൻ എന്തിന് നോക്കി നില്ക്കുന്നു. അവന്റെ ഓർമ്മയിലും ഒരു സിനിമാ ഗാനം ഓടിവന്നു. അവൻ പാട്ടിൽ വലിയ തല്പരനായിരുന്നു. ..യൂത്ത് ഫെസ്ററിവലിന് പാടി സമ്മാനം വാങ്ങിയിട്ടിട്ടുണ്ട്. അതുകൊണ്ട് പുതിയ പാട്ടുകൾ പഠിക്കുന്നത് ഇഷ്ടമുള്ള കാര്യമായിരുന്നു. അതിപ്പോൾ ഉപകരിച്ചു.

ബാബുവും ഒരു ബസ്സിൽ ചാടിക്കയറി. ആ പുതിയ സിനിമാഗാനം ആലപിച്ചുതുടങ്ങി. വയറിന്റെ ഇരുവശങ്ങളിലും മററുള്ളവരെപ്പൊലെ അവനും താളം പിടിച്ചു. പുതിയ ഗാനം സ്വരമാധുര്യത്തോടെ ആ കൊച്ചു കണ്ഠത്തിൽ നിന്ന് കേട്ടപ്പോൾ യാത്രക്കാർ അവന് ചില്ലറ നാണയത്തുട്ടുകൾ സമ്മാനിച്ചു. അവൻ ജീവിതമാർഗ്ഗം കണ്ടുപിടിച്ചിരിക്കുന്നു. അവന് സന്തോഷമായി.

പകലിന്റെ ശവദാഹത്തോടെ, അന്തിജനിച്ചെങ്കിലും പെട്ടെന്ന് മരിച്ചിരുന്നു. രാത്രി പെട്ടെന്ന് വീഥികൾ അനാഥമായതോടെ വഴി വിളക്കുകൾ അണഞ്ഞുകഴിഞ്ഞു.

ക്ഷീണം കൊണ്ട് ബാബു ആ നാഴികമണിയുടെ പിന്നിൽ ചുരുണ്ട് തന്റെ ജീവിതത്തിലെ വിപ്ലവകരമായ ഒരു ദിനം. അങ്ങനെ ചിന്തയിലലി ഞ്ഞിരിക്കേ അവനുറങ്ങിപ്പോയി. രാത്രിയുടെ ഭീകരത അവിടമാകെ ജ്വലിച്ചു. സർവ ജീവജാലങ്ങളും മയങ്ങിക്കഴിഞ്ഞു. തണുപ്പിന്റെ വലയ ത്തിൽ ബാബുവും മയങ്ങുകയാണ്.

(ആൾ ഇന്ത്യാ റേഡിയോ, 1978 ജൂലൈ 3, കേരളരാജ്യം)

## സംഘടനാ പ്രവർത്തനം

പറഞ്ഞിരുന്നതുപോലെ ഹെലൻ വിമാനത്താവളത്തിൽ വന്നു കാത്തു കിടന്നു. കൃത്യം 4.55 ന് വിമാനം വന്നിറങ്ങി. ഹെലൻ കാറിൽ ചാരി നിന്നു.

ഒരു നിമിഷം അവൾ ചിന്തിച്ചു. വെറും ഈമെയിൽ ബന്ധം മാത്രം. സ്നേഹിക്കുന്ന ഒരാശയത്തിന്റെ വക്താവ് അമേരിക്കയിലുണ്ടെന്നറിഞ്ഞപ്പോൾ അതിയായ സന്തോഷം തോന്നി. വെബ്ബിൽകണ്ട മേൽവിലാസത്തിൽനിന്നുള്ള മറുപടി കിട്ടി. അമേരിക്കയിൽ നടത്തിക്കൊണ്ടിരിക്കുന്ന സംഘടനാ പ്രവർത്തനങ്ങളും സേവനങ്ങളും ചിത്രം സഹിതം അയച്ചുതന്നപ്പോൾ ആ മഹാനുഭാവനെ കാണാൻ മോഹമായി. അവസാനം തന്റെ ക്ഷണപ്രകാരം തന്റെ രാജ്യം കാണാൻ അദ്ദേഹം വരുന്നു. താനദ്ദേഹത്തെ ആദ്യമായി കാണാൻ പോകുന്നു. അദ്ദേഹത്തെ വെബ്ബിൽ കണ്ടിട്ടുണ്ട്. അദ്ദേഹം നെറ്റിലൂടെന്നെയും കണ്ടിട്ടുള്ള ഓർമ്മയുണ്ടാവും.

ഹെലൻ ചിന്തിച്ചു നിൽക്കെ ലൂയിസ് കൊമാൾഡിയ പെറ്റ് കാറിന് മുന്നിൽ. അയാൾ ചോദിച്ചു.

ഹെലൻ?,

യെസ്

ഹെലൻ കൊമാൾഡിയയെ അടിമുടി ഒന്നു നോക്കി. ഒന്നാംതരം ഒരു കിളവൻ. എഴുപതോളം വയസ്സ് പ്രായം, വെളുത്ത താടി, നീണ്ട ശരീരം. യെസ്, അവൾ കൊമാൾഡിയയെ കാറിനകത്തേക്ക് ക്ഷണിച്ചു. ഹെലൻ കൊമാൾഡിയയെയും കൊണ്ട് അവളുടെ വീട്ടിലേക്ക് തിരിച്ചു.

വീട്ടിൽ ചെന്നു കൊമാൾഡിയ കുളിച്ചു. ഭക്ഷണം കഴിച്ചു. പുതിയ ഡ്രസ്സ് ധരിച്ചു. ഹെലൻ കൊമാൾഡിയയോട് പറഞ്ഞു.

ഞങ്ങൾ ഒരു മീറ്റിംഗ് സംഘടിപ്പിച്ചിട്ടുണ്ട്. അതിൽ അവിടുന്ന് സംസാരിക്കണം.

അതിനെന്താ. ഞാൻ അതിനുവേണ്ടിയല്ലെ വന്നിരിക്കുന്നത്. കൊമാൾഡിയ കാറിൽ കയറി. ഹെലനോടൊപ്പം മറ്റ് ചിലരും കൂടി വന്ന് സ്വീകരിച്ചുകൊണ്ട് പ്ലാറ്റ്ഫോമിലേക്ക് പോയി. ഹെലൻ ആഡിയൻസിനെ നോക്കി, നിറഞ്ഞ സദസ്. അവൾ അവരോടായി പറഞ്ഞു.

ലൂയിസ് കൊമാൾഡിയ പെറ്റ് അമേരിക്കയിലെ പുരോഗമന പ്രസ്ഥാനത്തിന്റെ നേതാവാണ്. അദ്ദേഹം അവിടെ ഇളക്കിവിട്ട കൊടുങ്കാറ്റ് മഹാസാഗരങ്ങളെ സൃഷ്ടിച്ചതാണ്. അദ്ദേഹത്തെ ഇപ്പോൾ നിങ്ങൾക്ക് അല്പം മനസ്സിലായിക്കാണുമെന്ന് കരുതുന്നു. അദ്ദേഹം നമ്മളോട് സംസാരിക്കുന്നതിന് നിങ്ങളുടെ അനുവാദപ്രകാരം ഞാൻ ക്ഷണിക്കുകയാണ്. ഹെലൻ ഇംഗ്ലീഷിൽ അത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ കൊമാൾഡിയ സംസാരിക്കുവാനെഴുന്നേറ്റു.

കൊമാൾഡിയ ഒരു മണിക്കൂർ നേരം സംസാരിച്ചു. യോഗം കഴിഞ്ഞപ്പോൾ പലരുടേയും തലയിൽ സൂര്യോദയം പലർക്കും കൊമാൾഡിയയെ സ്വന്തം സ്ഥലത്തുകൊണ്ടുപോയി പ്രസംഗിപ്പിക്കണം.

പക്ഷെ ഹെലൻ സമ്മതിച്ചില്ല. ഹെലൻ നേരത്തെ സംഘടിപ്പിച്ചിരുന്ന പന്ത്രണ്ടു യോഗങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായി കൊമാൾഡിയയെ ക്ഷണിച്ചു.

ഹെലൻ ഓരോ യോഗങ്ങളിലും കൊമാൾഡിയയെ പങ്കെടുപ്പിച്ചു. കൊമാൾഡിയയുടെ അപദാനങ്ങൾ പത്രങ്ങൾ മൂന്നും നാലും കോളം വാർത്തയായി ആവേശത്തോടെ ചിത്രം സഹിതം കൊടുത്തു.

രണ്ടാഴ്ചത്തെ സന്ദർശനം കഴിഞ്ഞു തിരിച്ചു പോകാൻ പോയപ്പോൾ കൊമാൾഡിയ ഹെലനോട് പറഞ്ഞു.

ഹെലൻ എന്നോടൊപ്പം അമേരിക്കയിൽ വരുന്നതിനുള്ള ടിക്കററുമായിട്ടാണ് വന്നിരിക്കുന്നത്. രണ്ടാഴ്ച്ചത്തെ സന്ദർശനം. ഹെലൻ ഞങ്ങളുടെ രാജ്യത്ത് വന്ന് രണ്ടാഴ്ച കാലമെങ്കിലും കൂടണം. ഹെലന്റെ പ്രസംഗം കേൾക്കാൻ ഞങ്ങളുടെ ജനങ്ങൾ കാത്തിരിക്കുന്നു. പത്ത് യോഗം അറേഞ്ച് ചെയ്തിട്ടാണ് ഞാനും വന്നിരിക്കുന്നത്. വയസ്സന്റെ മോഹവും

അമേരിക്ക കാണാനുള്ള ദാഹവും സംഘടനാപരമായി സഞ്ചരി

ക്കാനുള്ള ഔദ്യോഗിക ക്ഷണവുമായതിനാൽ ഹെലൻ സമ്മതിച്ചു. കൊമാൾഡിയയെയും കാറിൽ കയറ്റി അവർ അവരുടെ ഓഫീസിലേക്ക് തിരിച്ചു.

ഓഫീസിലെ അതിഥികൾക്കുള്ള എ.സി.റൂമിൽ ഹെലൻ അന്ന് വിശ്രമിച്ചു. പിറ്റേന്ന് രാവിലെ തന്റെ പ്രസ്ഥാനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ ക്കുറിച്ചും പരിവർത്തനോൻമുഖമായ പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിച്ചു.

അങ്ങനെ പത്ത് ദിവസം കൊണ്ട് പത്ത് യോഗങ്ങൾ ഹെലൻ പൂർത്തിയാക്കി. കൊമാൾഡിയയുടെ സംഘടനാ പ്രവർത്തകർക്കു ഹെലന്റെ വശ്യമായ ഇംഗ്ലീഷ് മടക്കയാത്രയ്ക്കുള്ള സമയമായി.

പുറപ്പെടുന്നതിന് തലേ ദിവസം കൊമാൾഡിയഹെലന്റെ മുറിയിലേക്ക് കയറിവന്നു. കഴിഞ്ഞ ഒരു മാസം തന്നോടൊപ്പം കഴിഞ്ഞ കൊമാൾഡിയ ആയിരുന്നില്ല അത്. ബീഭൽസമായ ഒരു കൊമാൾഡിയ.

അയാൾ ഹെലനോട് പറഞ്ഞു

നിനക്കു നാളെ മടങ്ങിപ്പോകാം.

പക്ഷെ ഇനിമുതൽ എന്റെ ചരടിൽ കളിപ്പാവയാണ്. ഞാൻ പറയുന്നതുപോലെ നീ പ്രവർത്തിക്കണം. നിനക്ക് പണം ആവശ്യം പോലെ ഞാൻ തരും. ലക്ഷങ്ങളും കോടികളും. നീയറിയില്ല നിന്റെ പേരിലുള്ള അക്കൗണ്ടിൽ പലബാങ്കുകളിൽ വന്നു ചേർന്നുകൊണ്ടിരിക്കും. ഞാൻ പറയാൻ പോകുന്ന കാര്യം ലംഘിച്ചാൽ നീ തോക്കിനിരയാകും. ഇന്നു തന്നെ. നീ ചെയ്യേണ്ടതൊന്നു മാത്രം. ഇന്ത്യിൽ നിന്റെ പ്രസ്ഥാനം വളരരുത്. നിന്റെ പ്രസ്ഥാനവും അതുപോലുള്ള പ്രസ്ഥാനങ്ങളും. നീ തകർക്കണം. നീ അമേരിക്കയുടെ വക്താവായി ഇന്ത്യയിൽ പ്രവർത്തിക്കണം. നീ ഇന്നു മുതൽ

സി.ഐ.എ ചാരനാണ്.

അവൾ പെട്ടെന്ന് നിശ്ചലയായി. രക്ഷപ്പെടാൻ ഒരു വഴി കാണാതെ കൂട്ടിനുള്ളിൽ അടയ്ക്കപ്പെട്ട കിളിയായി മാറി..

കമിൻ..

കൊമാൾഡിയ അലറി. ഉടൻ ചില റിക്കാർഡുകളുടെ പേപ്പറുമായി

ഒരാൾ കയറി വന്നു. അതിൽ ഒപ്പിടാൻ അയാൾ ഹെലനോട് ആജ്ഞാപിച്ചു. ഹെലൻ അനുസരണയോടെ എല്ലാ റിക്കാർഡുകളിലും ഒപ്പിട്ടു.

അന്ന് വൈകിട്ട് 4 മണിക്ക് ഹെലൻ ഇന്ത്യയിലേക്ക് യാത്രയായി.

ഹെലൻ ഇന്ത്യയിൽ വന്നു. ഒരു മാസം കഴിഞ്ഞപ്പോൾ ഹെലന്റെ സംഘടനയിൽ പ്രശ്നങ്ങൾ തലപൊക്കിത്തുടങ്ങി. ഒപ്പം ഹെലൻ കോടികൾ ആസ്ഥിയുള്ള സ്വകാര്യ വസതിയിലേക്ക് താമസം മാറുകയും ചെയ്തു.

# സൂര്യകാന്തം

മയങ്ങിക്കിടന്നു മിനുങ്ങുന്ന കരിമ്പാറയുടെ മുകളിൽ കയറിയിരുന്നിട്ട് രവി സൂക്ഷിച്ച് നോക്കി. മുന്നിൽ, തിരകളുടെ ചുംബനമേറ്റ് ഒരിക്കലുമുണങ്ങാത്ത മണൽത്തറയിൽ ഗുണനങ്ങളുടെ ചിഹ്നമാലകൾ. ഊർന്നിറങ്ങുന്ന ചെറുകുഴികൾ. അങ്ങ് വിദൂരതയിൽ, ഉണരുന്ന തിരമാലകൾ.... വിടരുന്ന സൂര്യാസ്തമനം.. അലിയുന്ന ചക്രവാളം. മുത്തശ്ശി പറഞ്ഞ കഥ. പണ്ട് , അമ്മയുടെ ഉണങ്ങിയ പാക്കിൻ തോടുള്ള കന്നി മുലകളിൽ നിന്നും ചോരച്ചുവയുള്ള അമ്മിഞ്ഞ ഊററിക്കുടിക്കുമ്പോൾ നീലഞരമ്പുകൾ തെളിഞ്ഞുക്കണ്ടു. പെട്ടെന്ന് എല്ലുകളുന്തിയ അമ്മയുടെ വെററില നെററിയിൽ വിയർപ്പിന്റെ കണ്ണീർ തുള്ളികൾ മിന്നി. അതോടെ അമ്മ തളർന്ന വീണു.

വീണ്ടും രവി വളർന്നപ്പോൾ, അമ്മയുടെ ശുഷ്കരൂപം തന്നിൽ കരിമ്പായൽ പോലെയുണർന്നു. മരണത്തിന്റെ മണിവാതിലുകളും തന്നെ മാടി വിളിച്ചു. ആ മരണഗീതങ്ങളിലെല്ലാം താൻ ഓടയുടെ ഗന്ധമുള്ള വസ്ത്രവും ധരിച്ച് വളരെ മധുരമായി ആഹരിക്കുന്നവരുടെ ദുർഗന്ധം വമിക്കുന്ന വായിലും നോക്കി വളർന്നു.

ആ നിഴൽ പടർപ്പിൽ കൂടി, കുറെ നാളുകൾക്ക് മുമ്പ് മുതൽ താൻ പഠനമാരംഭിച്ചു. പിളർന്നപോയ ശ്യാമവർണ്ണം പുരണ്ട സ്ലേററിൽ മുഖശ്രീയോടെ ഹരിശ്രീ എഴുതിത്തുടങ്ങി. തുടർന്ന് അക്ഷരങ്ങളുടെ ഒരു പുതു വീഞ്ഞ് നുണയാൻ പെട്ടെന്നു് വെമ്പി. പക്ഷെ, താനെന്ന യന്ത്രത്തിന് കിട്ടിയ പോഷകാഹാരം, പുലരി തിരണ്ടാകുന്നതോടെ വെള്ളിൽ പറവയുടെ നിറമുള്ള കട്ട പിടിച്ച പഴങ്കഞ്ഞി കുടിച്ച് വയറ് നിറയ്ക്കലായിരുന്നു. ഉച്ചയ്ക്ക് ഉണർവ്വ് പകരാനുള്ള ഉപ്പുമാവിന്റെ ഉഷ്ണ ഗന്ധവും പ്രതീക്ഷിച്ചിരിക്കവേ മണിയടിക്കും. ആ ശുഭനിമിഷങ്ങളിൽ മരണം വരിച്ച പുഴുക്കളും കൃമികളും കലർന്ന, പച്ചമഞ്ഞളിന്റെ നിറവും ചുവയുമുള്ള ഉപ്പുമാവ് കഴിക്കാൻ കിട്ടും. വൈകിട്ട് വീട്ടിൽ ചെല്ലുന്നതോടെ ഒരു

തരം തളർന്ന പുഴുവായ താൻ കരിമണ്ണ് പുരണ്ട, കഞ്ചാവിന്റെ ഗുണമുള്ള പച്ച ചീനിയും പച്ചരിയും കീശയിൽ വാരിയിട്ട് തിന്ന് വിശപ്പടക്കി.

അന്നത്തെ സന്ധ്യ, ഗർഭവേദനകൊണ്ട് പുളഞ്ഞപ്പോൾ കണ്ണുകളിൽ ഉറക്കത്തിന്റെ കൃഷ്ണപൂക്കളുലഞ്ഞു. തുടർന്നു അസ്ഥികളായി മാറിയ അമ്മയുടെ ചിതലെടുത്ത സ്വരം കേട്ടു. മോനേ ഇത് വേണോങ്കിൽ തിന്ന്. അന്തരാത്മാവിന്റെ തന്ത്രികൾ പൊട്ടിവീണു. അമ്ളം കൊണ്ടു നിറഞ്ഞ ആമാശയത്തിന്റെ ആവേശം കണ്ണുകളിൽ കർപ്പൂരം കത്തിച്ചു. താനത് കുറച്ചെടുത്ത് മധുരമായി കഴിച്ചു. പക്ഷെ, താനിതുവരെ കഴിച്ചിട്ടില്ലാത്ത അതിമധുരമായ പലഹാരമായിരുന്നു അത്.

വെളുത്ത ഉണക്കചീനിമാവിൽ മുള്ളുകൾ നിറഞ്ഞ മത്സ്യം പാകപ്പെടുത്തിയ പലഹാരം. അതിൽ നിന്ന് മാവിന്റെയും മണമുള്ള മീനിന്റെയും കുഴഞ്ഞ ലഹരിയുടെ മണം.

അതും കഴിച്ച് ഉറക്കത്തെ പുണരാൻ വേണ്ടി നനഞ്ഞ കുടിലിൽ ഉണങ്ങിയ തുണ്ടോലപ്പായിൽ കിടന്നു. അട്ടയും പാററയും കാവൽ നില്ക്കുന്ന ചെറ്റ ഭിത്തികൾക്കുള്ളിൽ അമ്മയുടെ ചൂടുംതട്ടി കാലരഥം കറക്കി. അങ്ങനെ കാലങ്ങൾ ഉറക്കവെ താൻ പുരുഷത്വം പുഷ്ടി പിടിച്ച ഒരു ഹൈസ്ക്കൂൾ വിദ്യാർത്ഥി ആയി. ഇംഗ്ളീഷ് പഠിച്ചു. ശാസ്ത്രം പഠിച്ചു. തന്റെ ദിനകൃത്യങ്ങളിൽ വിപ്ലവമുണ്ടായി.

ക്ലോറിൻ ഗന്ധമുയരുന്ന വാടിയ പച്ചവെള്ളം പൈപ്പിൽ നിന്ന് രാവിലെ വിശന്നു മരവിക്കുന്ന താൻ ആർത്തിയോടെ കുടിച്ചു. അമ്മയുടെ അദ്ധ്വാനത്തിന്റെ ബാക്കി ഉച്ചഭക്ഷണത്തിനായി വിനിയോഗിച്ചു. പാലു പിഴിഞ്ഞ് പോയ പിണ്ണാക്കിൽ ശർക്കര ചേർത്ത ഒന്നോ രണ്ടോ ഗുണ്ടിന് വേണ്ടി അതിന്റെ കൂടെ എച്ചിൽ വീണ പച്ചവെള്ളവും. കൂട്ടുകാർ പച്ച വെള്ളവും ഗുണ്ടും എന്ന് വിളിച്ച് കളിയാക്കി.

ഉച്ചയ്ക്ക് ശേഷം, ക്ലാസ്സിൽ പഠനത്തിന്റെ അതി ദാഹത്തോടെ ചെന്നിരിക്കും. മിഴിച്ച കണ്ണുകളിൽ വിശപ്പിന്റെ വർഷിക്കുന്ന വെടിയുണ്ടകൾ. തുടർന്ന് ബുദ്ധിയിൽ അബോധത്തിന്റെ രാഗ നർത്തനം.

പേടമാനിനെപോലെ പേടിച്ച് ബഞ്ചിലിരുന്നു. അദ്ധ്യാപകനിൽ നിന്നും പിളർന്നുപൊങ്ങുന്ന ചോദ്യത്തിന്റെ കൂരമ്പിനെ ഭയന്നിരുന്നു. താ

ളങ്ങളറിഞ്ഞുകൂടാതെ കേൾക്കുന്ന ചെണ്ടമേളം പോലെ അദ്ധ്യാപകനെ നോക്കികണ്ടു.

നാളുകൾ പലതും പ്രേതപേടകത്തിലായപ്പോൾ ജയവിവരമറിഞ്ഞു. അറിഞ്ഞതോടെ പരാജയത്തിന്റെ പരാഗണം എങ്ങും ഗമിച്ചു. അധിക പേര് വിളിച്ച് കളിയാക്കിയ കൂട്ടുകാർ തന്നെനോക്കി വീണ്ടും ചിരിയുടെ മാലപ്പടക്കം പൊട്ടിച്ചു.

പരാജയത്തിന് പുഞ്ചിരി നൽകികൊണ്ട് വിജയത്തിന്റെ പതാക കാണുംവരെ പഠിച്ചു. ഒരു മാദകത്വത്തിന്റെ സൂര്യകാന്തിയെ പോലും പ്രേമിക്കാതെ, ഒരു ദുഷ്ടനെപ്പോലും ദുഖിപ്പിക്കാതെ ജിവിതത്തിന്റെ കരി മണ്ണിൽ ഒരു വിരയായി ഇഴഞ്ഞു.

അവസാനം........ സർവ്വകലാശാലയിൽ നിന്ന് ഒന്നാംകിട ബിരുദ വുമായി ഇറങ്ങി. ഉടൻ തന്നെ സ്വജീവിതത്തിന് യൗവനഗന്ധം പൊട്ടാൻ എംപ്ലോയ്മെന്റിലേക്ക് പേര് രജിസ്ററർ ചെയ്യുവാനായി ഓടി. അമ്മയെ കൊന്നവനോട് പ്രതികാരം വീട്ടാനോടുന്നതുപോലെ.

അപ്പോൾ പഠനത്തിന്റെ വിലയും താങ്ങി തന്റെ ഒരു വർഗ്ഗം അഗ്നി പർവ്വതങ്ങൾ അവിടെ നിൽക്കുന്നുണ്ടായിരുന്നു. അതിനിടയിലേക്ക് താനും തുരന്നുകയറി.

മാസങ്ങൾ ഇടിഞ്ഞ് വീണപ്പോൾ രജിസ്ട്രേഷൻ പുതുക്കാൻ പോയി. അങ്ങനെ വീണ്ടും പുതുക്കുന്ന തീയതികളുടെ പട്ടിക ചത്ത പേപ്പട്ടികളെപോലെ നിരന്നുകൊണ്ടിരുന്നു. എങ്കിലും ഉടയാത്ത അ പേക്ഷകൾ ജോലിക്ക് വേണ്ടി അയച്ചുകൊണ്ടിരുന്നു. എണ്ണിയാലൊടുങ്ങാ ത്ത ഇന്റർവ്യുകൾക്ക് പോയി കുരിശ്ശിൽത്തറച്ച യേശുവിനെപ്പോലെ മരിച്ചു വീണു.

ഇനി, താനെന്ന യന്ത്രത്തിൽ ചിലന്തിവലകൾ പെരുകുന്ന ഷർ ട്ടും മുണ്ടും മാത്രം. തലയിൽ പരന്നു വളരുന്ന ശിവലിംഗ ജഡ. തീവ ണ്ടിചൂളയിലെ ഉരുകുന്ന മനസ്സും ശരീരവും. കൂടെക്കൂടെ അമ്മയുടെ ന രച്ച വൃദ്ധസ്വരം. യോലിക്ട്ട്യാ...യോലിക്ട്ട്യാ.....ക്ട്ട്യാ

അവസാനം, ശിപായി ജോലിക്ക് മനസ്സിൽ സ്വപ്നങ്ങളുടെ ബീജം പകർന്നുകൊണ്ട് ഫാറം പൂരിപ്പിച്ചു. മനസ്സുടൻ സൂചികുത്തുകളേറ്റു പി ടഞ്ഞുവീണു. ഏജ് ഓവർ കൊള്ളിമീനിനെപ്പോലെ തെളിഞ്ഞ് ഭദ്രകാ

ളിയായി നിന്നു. മനസ്സിന്റെ സ്വർണ്ണ നിലവിളക്കിൽ കരിന്തിരിയുടെ പുക പടർന്നു. എങ്ങും വെള്ളിവെയിൽ അന്ത്യശ്വാസം വലിച്ചു ഇനിയെവിടെ മുക്തി...?

ജീവശക്തി നിലച്ചവനെപ്പോലെ നിൽക്കെ, കണ്ണുകൾ വിദൂരതയിൽ ചെന്നു വീണു.

ഇഷ്ടികകൾ കൊണ്ട് നിലകളുയർത്തുന്ന കെട്ടിടങ്ങൾ.... വിളറി വെളുത്ത കുടിലുകളുടെ ഘോഷയാത്ര.

അപ്പോൾ മനസ്സിന്റെ ഉന്തുവണ്ടികളുടെ പാദമുദ്ര പതിഞ്ഞ ചെമ്മൺ പാതയിലൂടെ ആ മുഖങ്ങൾ.... സ്വർണ്ണ രഥത്തിലേറി വന്നു.വിശ്വസ്നേഹം വിടരുന്ന കണ്ണുകളുള്ള വിശാല നെറ്റിത്തടങ്ങളുള്ള പ്രപഞ്ചകാടത്തത്തിന്റെ അടിസ്ഥാന ശിലയ്ക്ക് തീ കൊളുത്തിയ അത്ഭുതവ്യക്തികളുടെ ശാന്തഗംഭീരമായ മുഖങ്ങൾ.

പെട്ടെന്ന് തന്റെ മനസ്സിൽ ഉറച്ച് തീരുമാനത്തിന്റെ യാഗാഗ്നി പടർന്നു.

കണ്ണുകളിൽ നിന്നും പുതിയ വികാരങ്ങളുടെ വജ്രായുധങ്ങൾ തെറിച്ചു. പിന്നൊരു നിമിഷം ചിന്തിച്ചു നിന്നില്ല. അവരുടെ കൊടികളുമേന്തി രവി മുന്നോട്ടു കുതിച്ചു.

(നാടകശാല. 1977 ജൂലൈ)

## കൊച്ചയ്യപ്പൻ

പുതിയ സിനിമ കാണാൻ കൊച്ചയ്യപ്പൻ ഇടവഴിയിൽ നിന്നും ഏലായ് വയലിലിറങ്ങി നെടു വരമ്പിലൂടെ വേഗത്തിൽ നടന്നു.

കായൽ പോലെ പരന്ന പാടത്തിന് നടുവിൽ വന്നപ്പോഴായിരുന്നു അപ്രതീക്ഷിതമായ മഴക്കാറിന്റെ ചീറ്റൽ. കൊച്ചയ്യപ്പൻ വളരെ വേഗത്തിലോടിയെങ്കിലും മറുകരയെത്തുന്നതിന് മുമ്പ് നനഞ്ഞു കുളിച്ചു കഴിഞ്ഞിരുന്നു.

മണിക്കൂറുകളെടുത്ത് കോതി മിനുക്കിയ തലമുടി മഴ നനഞ്ഞ കോഴിയെ പ്പോലെ ആയപ്പോൾ കൊച്ചയ്യപ്പന് സങ്കടെ വന്നു.

ഓടി വന്നു ബാർബർഷാപ്പിന്റെ തിണ്ണയിൽ കയറി ഷർട്ടൂരി പിഴിഞ്ഞു തോളത്തിട്ടു. എന്നിട്ട് അകത്ത് കയറി കോതി മിനുക്കി മഴ തോഴുവാനായി കാത്തു നിന്നു.

നേരം ഖഴിയുന്തോറും കൊച്ചയ്യപ്പന്റെ മനസ്സിൽ വെളഅളിടി വെട്ടിക്കൊണ്ടിരുന്നു. എന്തായാലും മഴ പെട്ടെന്ന് തീർന്നതോടെ കൊച്ചയ്യപ്പൻ നേരെ സിനിമാ തീയറ്ററിലേക്ക് ഓടി.

മെയിൻ റോഡിലൂടെ ടിക്കറ്റ് ക്ലോസ്സ് ചെയ്ത് കാണുമെന്ന ധാരണയിലൂടെ ഓടിചെന്നപ്പോൾ ക്യൂവിലാരുമില്ല. അന്വേഷിച്ചപ്പോൾ ടിക്കറ്റ് കൊടുക്കാൻ സമയമായില്ലെന്ന് പറഞ്ഞു. കൊച്ചയ്യപ്പൻ ഒരു ചായ കുടിക്കാൻ തീരുമാനിച്ചു, നേരെ ചായക്കടയിലേക്ക് നടന്നു.

ഒരു ചായ.

വെള്ളം തെളയ്ക്കണം.

ചായക്കടക്കാരൻ മറുപടി പറഞ്ഞു.

വെള്ളം തിളച്ചു ചായകുടിച്ചു ടിക്കറെറടുക്കാൻ ചെന്നപ്പോൾ അ

ത്ടുതപ്പെട്ടുപോയി. ഒരു മനുഷ്യരില്ലാത്ത സ്ഥലത്ത് ഒരു ജനാവലി. ഓടിച്ചെന്ന് ക്യൂവിൽ നിന്നു. തന്റെ മുന്നിൽ എത്ര പേർ. ഇനിയെന്തു നേരം നില്ക്കണം. എങ്കിലും തനിക്ക് കിട്ടാതിരിക്കില്ല. ഇനിയുമുണ്ട് അരമണിക്കൂർ.

ടിക്കറ്റു കൊടുക്കാൻ ബല്ലടി കേട്ടതോടെ കൊച്ചയ്യപ്പനു സന്തോഷമായി. കൊച്ചയ്യപ്പൻ തിരിഞ്ഞു നോക്കി. തന്റെ പിന്നിൽ എത്രയോ പേർ. ക്യു ഒന്നു മുറുകി. രണ്ട് ടിക്കറ്റ് കൊടുത്തുകാണും. പിറകിൽ നിന്നൊരു തള്ള്. കൊച്ചയ്യ്പ്പൻ ക്യുവിന് വെളിയിൽ. കൊച്ചയ്യപ്പ്ന് സങ്കടം വന്നു.

ണ്ണാണ്ണാ ത്ന്തൊരുവേലേണ്ണാ?

കൊച്ചയ്യപ്പൻ വീണ്ടും ക്യുവിന് പിന്നിൽ വന്നു നിന്നു.

അല്പം കഴിഞ്ഞപ്പോൾ കൊച്ചയ്യപ്പനു പിറകിൽ വീണ്ടും ക്യു. പെട്ടെന്ന് വീണ്ടുമൊരു ഉന്തും തള്ളും. കൊച്ചയ്യപ്പൻ വീണ്ടും വെളിയിൽ. കൊച്ചയ്യപ്പൻ വീണ്ടും ക്യുവിന്റെ പിന്നിലായി നിലയുറപ്പിച്ചു.

തന്റെ ടിക്കറ്റ് അടുത്തതായിരുന്നെങ്കിൽ... കൊച്ചയ്യപ്പൻ കൂടുതലായി മോഹിച്ചു.

മുന്നിലെ ക്യൂവിന്റെ നീളം കുറഞ്ഞുകുറഞ്ഞു വന്നു. ഇനിമുൽ ഏതാനും പേർ മാത്രം.

ഇനി ഒരാൾകൂടിയുള്ളു.

അയാളും കഴിഞ്ഞു. ഹൊ... രക്ഷപെട്ടു. കൊച്ചയ്യപ്പൻ ടിക്കറ്റ് ദ്വാരത്തിലേക്ക് കൈയിട്ടു.

ടിക്കറ്റ് ക്ലോസ്സ്.

അകത്തു നിന്നയാൾ പറഞ്ഞു.

പെട്ടെന്ന് അയ്യപ്പന്റെ കനുകളിൽ ഇരുട്ട് മൂടിയതായി തോന്നി. പിന്നെ അയ്യപ്പൻ എന്തു ചെയ്യണമെന്നറിയാതെ തിരിഞ്ഞു നടന്നു.

(കേരളാ കൗമുദി വീക്കെന്റ്. 1978)

# കല്യാണം

കുട്ടൻ തന്റെ കൂട്ടുകാരന്റെ കല്യാണത്തിന് പോകാനിറങ്ങി. ഒൻപതിനും പത്തിനുമിടയ്ക്കാണ് മുഹൂർത്തം. ഒൻപതരയ്ക്ക് നടക്കും. ഒൻപതിനെങ്കിലും ചെല്ലണം. ഇപ്പം മണി ഏഴായി. ഇനി രണ്ടു മണിക്കൂറെയുള്ളു. നാശം ഉറങ്ങിപ്പോയിട്ടാ. ഇല്ലെങ്കിൽ ചെറുക്കൻ കൂട്ടരെകൂടെ പോകാമായിരുന്നു. പെണ്ണുവീട് നല്ല നിശ്ചയവുമില്ല. കവലയിറങ്ങി ആരോടെങ്കിലും ചോദിക്കാം.

ബസ് സ്റ്റോപ്പിൽ വന്നു.

വന്ന ബസ്സുകൾക്കു നേരെ കുട്ടൻ കൈകാട്ടി. ഒററ ബസ് പോലും നിർത്തിയി ല്ല. എല്ലാ ബസ്സുകളുടേയും ഫുഡ്ബോഡിൽ പോലും ആളുകൾ തൂങ്ങിക്കിടക്കുന്നു. നിർത്തിയ ബസ്സുകളെല്ലാം ബസ്സ്റേറാപ്പിന് അപ്പുറവും ഇപ്പുറവുമായിരുന്നു. കുട്ടൻ അങ്ങോട്ടുമിങ്ങോട്ടും ഓടുന്തോറും ബസ് സ്ററാർട്ട് ചെയ്തുകൊണ്ടിരുന്നു.

ഇരുന്നിരുന്നു താൻ അത്യാവശ്യമായി ഒന്നു പോകാനിറങ്ങിയപ്പോൾ ഒററ ബസുപോലുമില്ല. അല്ലെങ്കിൽ ബസ് കാരണം റോഡുമുറിക്കുവാൻ പോലും കഴിയില്ല. അവസാനം ബസ്സ്റേറാപ്പിന് അപ്പുറം പോയി നിന്നു. അപ്പോൾ അയാൾ നേരത്തെ നിന്നിരുന്ന സ്ഥാനത്തു തന്നെ ഒരു ട്രാൻപോർട്ട് ബസ്സ് വന്നു നിന്നു. എന്തൊരു നാശം. അയാൾ തിരിച്ച് ഓടി വന്നപ്പോൾ ബസ് വീണ്ടും സ്ററാർട്ട് ചെയ്ത് കഴിഞ്ഞിരുന്നു.

കുട്ടൻ തന്റെ വാച്ചിൽ നോക്കി. നാശം വാച്ച് ചത്തിരിക്കുന്നു. ഓവറോളിംഗ് ചെയ്യാത്തതാ കുഴപ്പം.

കുട്ടൻ വാച്ച് കെട്ടിയ കൈ പുറകിലാക്കികൊണ്ട് കവലയിൽ നിന്ന ഒരു മാന്യനോട് മണി ചോദിച്ചു.

മണി ഒൻപതിരുപത്തഞ്ച്. ങേ! ഒൻപതിരുപത്തഞ്ചോ! ഓ. ഒൻപതിനും പത്തിനും ഇടയ്ക്കല്ലേ കല്യാണം. ഒൻപതേ മുക്കാലിനേ നടക്കൂ....

കുട്ടൻ ദൃഢനിശ്ചയത്തോടെ ധൃതിയിൽ നടന്നു.

നടന്നിട്ടും നടന്നിട്ടും പള്ളിക്കൂടം കാണുന്നില്ല. അവസാനം കുട്ടനോടിത്തുടങ്ങി. ഏകദേശം ഓട്ടം നിലച്ചപ്പോൾ പള്ളിക്കൂടം കണ്ടു. പള്ളിക്കൂടം കഴിഞ്ഞപ്പോൾ ഷാപ്പ് കണ്ടു. പിന്നെ കല്യാണവീട്. കുട്ടൻ പ്രാണൻ തുടിച്ചോടി. കല്യാണവീടിനടുത്തെത്തിയപ്പോൾ വഴിവക്കിൽ നിന്ന വല്ല്യമ്മ പറഞ്ഞു

കല്യാണം കഴിഞ്ഞിട്ടര മണിക്കൂറായി.

ങേ! അര മണിക്കൂറോ?

കുട്ടന്റെ മനസ്സാകെ സ്തംഭിച്ചു. എങ്കിലും നടന്നു. തന്റെ കൂട്ടുകാരനോട് വിവരം പറയാം. നാളെ അവൻ ചെന്നില്ലെന്ന് പറയത്തില്ലല്ലോ.

കുട്ടൻ പന്തലിൽ ചെന്നപ്പോൾ ചെറുക്കനും പെണ്ണും സംഭാവന വാങ്ങുന്ന ധൃതിയിൽ. എല്ലാവരും അവരെ പൊതിഞ്ഞിരിക്കുന്നു. കുട്ടൻ എത്തി തന്റെ കൂട്ടുകാരനെ ഒന്നു നോക്കി.

ങേ! ഉണങ്ങിയ ഒരുവൻ.

എന്റെ തമ്പുരാനെ.

ഇതു തന്റെ കൂട്ടുകാരനല്ലല്ലോ. കല്യാണ വീട് മാറിപ്പോയോ. തന്റെ കൂട്ടുകാരന്റെ കല്യാണവീടു്.........

കുട്ടന്റെ കാലുകൾ പതറി. കുട്ടൻ പന്തലിൽ നിന്നും മെല്ലെ തിരിഞ്ഞു നടന്നു.

(കേരളപത്രിക വീക്കെന്റ്)

# കണ്ണുകൾ

ബസ്സ് കാത്ത് നിന്നപ്പോൾ രണ്ട് കണ്ണുകളെ കണ്ടു. ആ രണ്ട് കണ്ണുകൾ ബസ്സ് കാത്ത് നില്ക്കുകയാണെന്ന് മനസ്സിലായി. നാണം വിടരുന്ന കണ്ണുകളായിരുന്നു. നളിനദളം പോലെ വിടരുന്ന ആ കണ്ണുകളോട് അയാൾ തന്റെ കണ്ണുകളുടെ ഹൃദയരാഗം അറിയിച്ചു. അപ്പോൾ ആ കണ്ണുകളിൽ അധരം കടിച്ച ചിരിയുണർന്നു. മനസ്സ് മല്ലിപ്പൂക്കളായി തെളിഞ്ഞു കണ്ടു. ഹൃദയം ഉണർന്ന് വിരിഞ്ഞു നിന്നു.

പെട്ടെന്ന് ആ കണ്ണുകളിൽ ഭയം നിഴലിച്ചു. ശ്വാസമിടിപ്പ് കണ്ടു. താമസിയാതെ ബീടിപ്പുകയ്ക്ക് പിന്നിലുള്ള രണ്ട് കണ്ണുകൾ ആ കണ്ണുകളോട് വന്ന് ചേർന്ന് നിന്നു.

അത് കണ്ട് അയാളുടെ കണ്ണുകളിൽ മോഹകാമങ്ങൾ തളർന്നു വീണു.

പെട്ടെന്ന് ബസ്സിൽ കയറാനുള്ള ധൃതിയും തെളിഞ്ഞു കണ്ടു.

(കേരളപത്രിക വീക്കെന്റ്)

## റിസൾട്ട്

സ്കൂളിൽ കുട്ടികളുടെ റിസൾട്ട് തയ്യാറാക്കുന്ന സമയം കുര്യാക്കോസ് സാർ ഹെഡ്മാസ്റ്റർ തോമസ് സാറിനെ ഓഫീസിൽ ചെന്നു കണ്ടുപറഞ്ഞു.

പതിനെട്ട് പിള്ളേർ തോക്കും എന്തോ വേണം?

തോമസ് സാർ ചോദിച്ചു.

കുര്യാക്കോസ് സാറിന്റെ ക്ലാസ്സേതാണ്.

നയനീയാ സാർ

കുര്യാക്കോസ് സാർ ഒരു കാര്യം ചെയ്യ്. ക്ലാസ്സിൽ ചെന്നിട്ട് ആ ബോർഡ് എടുത്തു മാററിയിട്ട് ബാർബർഷാപ്പ് എന്നെഴുതിയ ബോർഡ് വയ്ക്ക്.

ഇത്കേട്ട കുര്യാക്കോസ് സാർ ഒന്നും പറയാതെ ഓഫീസിൽ നിന്നും ഇറങ്ങി നടന്നു.

## ടീച്ചർ

പണിക്കര് സാറ് പള്ളിക്കൂടത്തിനടുത്തുള്ള ഏർമാടക്കടയിലേക്ക് വന്നപ്പോൾ കടയുടെ മൂലയ്ക്കു നിന്ന രാമൻപിള്ള അടുത്തോട്ടു വന്നിട്ട് എതിർദിശയിലേക്ക് നോക്കി ചോദിച്ചു.

ആ ബസ്സ്റ്റാന്റിന്റെ മൂലക്ക് നിൽക്കുന്ന ടീച്ചറ് ന്‌ങ്ങളുടെ സ്കൂളിലെ ടീച്ചറല്ലേ പണിക്കര് സാറെ?'"

അതെ.

ആ ടീച്ചറെ പേരെന്താ?"

രാമൻപിള്ള ചേദിച്ചു.'

കൊലുസുമ്മാ ബീബി'"

ങാ എന്താ ചോദിച്ചേ?"

അല്ല അവരുടെ മോള് ഇപ്പൊ നൂറുമേനി വിളയുന്ന സ്കൂളിലെ സ്കൂൾ ബസിൽ വരും. മോളേ കാത്ത് നില്ക്കയാ. എന്നും കാണുന്നതാ...."

അതിനെന്താ രാമൻപിള്ളേ കൊഴപ്പം' പണിക്കരു ചോദിച്ചു.' '

അല്ല പണിക്കര് സാറേ? എനിക്കൊരു സംശയം ന്‌ങ്ങളൊക്കെ സ്കൂളിൽ പോണെ ചൊരയ്ക്കാനാ?"

അതെന്താ രാമൻപിള്ളേ."

അല്ല അവരുടെ കൊച്ചിനെ അവര് പഠിപ്പിക്കുന്ന സ്കൂളിൽ പഠിപ്പിക്കാത്തതുകൊണ്ടു ചോദിച്ചതാ."

# ലോൺ

കൊച്ചു ശങ്കരൻ ഭാര്യയ്ക്ക് മരുന്നു വേടിക്കാൻ മെഡിക്കൽ സ്റ്റോറിൽ നില്ക്കുകയായിരുന്നു. അപ്പോൾ മെഡിക്കൽ സ്റ്റോറിലേക്ക് കയറി വന്ന യുവതി കൊച്ചു ശങ്കരനെ തറപ്പിച്ചു നോക്കി. കൊച്ചു ശങ്കരനും നോക്കി. പെട്ടെന്ന് കൊച്ചു ശങ്കരന്റെ മനസ്സിലേക്ക് ഒരു പെൺകുട്ടി തെളിഞ്ഞു വന്നു. ജില്ലാ സഹകരണ ബാങ്കിൽ ലോണടയ്ക്കാൻ ചെല്ലുമ്പോൾ പാസ്സുബുക്ക് വാങ്ങുന്ന കുട്ടിയല്ലെയത്.

അതുപോലിരിക്കുന്നു.

പക്ഷെ അത് കല്യാണം കഴിച്ച പെൺകൊച്ചായിരുന്നില്ലല്ലോ അത്.

ഇതിപ്പോൾ പൂർണ്ണ ഗർഭിണിയാണല്ലോ.

എന്തായാലും കൊച്ചുശങ്കരൻ രണ്ടും കല്പിച്ചങ്ങു ചോദിക്കാൻ തീരുമാനിച്ചു.

അല്ല..ഇപ്പോ ...ബാങ്കി..പോകുന്നില്ലേ...?

ഉം... പോണം.

കൊച്ചുശങ്കരന്റെ സംശയം അതോടെ മാറി.

അപ്പോഴാണു കൊച്ചുശങ്കരൻ ആലോചിച്ചത്.

അപ്പോ ലോണിന്റെ ഗഡു അടയ്ക്കാൻ പോയിട്ടു ത്രേം മാസമായോ?

കൊച്ചുശങ്കരൻ അൽഭുതസ്തബ്ധനായി നിന്നു.

# കൊച്ചുനാണി

രാവിലെ കേശവൻ റോഡരികിൽ നിൽക്കുമ്പോൾ കുളിച്ചൊരുങ്ങി നടന്നു വരുന്ന കൊച്ചുനാണിയെ കണ്ടു. കണ്ട മാത്രയിൽ കേശവൻ കൊച്ചുനാണിയെ കണ്ണെടുക്കാതെ നോക്കി. അറുപത് കഴിഞ്ഞ തലയിൽ നരബാധിച്ച് കസവ് സെറ്റുടുത്തു വരുന്ന കൊച്ചു നാണിയുടെ കണ്ണ്, മൂക്ക്, കവിൾത്തടമൊക്കെ കണ്ണെടുക്കാതെ കേശവൻ മാറി മാറി നോക്കി.

കേശവന്റെ നോട്ടം സത്യം പറഞ്ഞാൽ കൊച്ചു നാണിക്ക് ഇഷ്ടപ്പെട്ടില്ല.

കൊച്ചുനാണിയിൽ ഉറങ്ങിപ്പോയ യുവതി പെട്ടെന്നുണർന്നു.

കേശവന്റെ ആർത്തിപൂണ്ട നോട്ടം കണ്ട കൊച്ചുനാണി ഒരു നിമിഷം എല്ലാം മറന്നു പോവുകയും പൊന്നീച്ച പറക്കുന്ന ഒരൊറ്റയടി കന്നത്ത് വച്ച് കൊടുക്കുകയും ചെയ്തു.എന്നിട്ട് കൊച്ചുനാണി അലറി.

അവന്റമ്മച്ചീടെ പ്രായമുണ്ടെനിക്ക്.....

പെട്ടെന്ന് കേശവൻ പറഞ്ഞു.

അതെ. ന്റമ്മച്ചീടെ മൊകം ന്ങ്ങടെ മൊകത്തു ഞാൻ കണ്ടു. അത് മാറി മാറി ഒത്തു നോക്കുകയായിരുന്നു.

# കല്യാണക്കുറി

വർഷങ്ങളായി അച്ചുകൂടം നടത്തുന്ന ഗോപാലകൃഷ്ണന്റെ വിവാഹം നിശ്ചയിച്ചു.നൂറ്കണക്കിന് പേർക്ക് നൂറ് തരത്തിൽ കല്യാണക്കുറി അച്ചടിച്ച് കൊടുക്കുന്ന ഗോപാലകൃഷ്ണൻ അമ്മാവനോട് പറഞ്ഞു. കല്യാണക്കുറി ഞാനടിച്ചോളാം. അമ്മാവനത് സമ്മതിച്ചു.

കല്യാണക്കുറി വളരെ വ്യത്യസ്തവും നൂതനവുമാകണമെന്ന് ഗോപാലകൃഷ്ണന് നിർബന്ധമുണ്ട്. ഗോപാലകൃഷ്ണൻ ഇതുവരെ അച്ചടിച്ചു കൊടുത്തകല്യാണക്കുറികളൊക്കെഎടുത്തു മേശപ്പുറത്ത് വച്ചു. ഓരോന്നും വീണ്ടും വീണ്ടും പരിശോധിച്ചു. ഒന്നും ഗോപാലകൃഷ്ണന് തൃപ്തിയായില്ല. അവസാനം ഒരു പുതിയ മോഡലിന് ഗോപാലകൃഷ്ണൻ രൂപം കൊടുത്തു. പ്ലയിൻ പേപ്പറിൽ കയ്യക്ഷരത്തിന്റെ ലിപി കൊണ്ടച്ചടിക്കുക.

ഗോപാലകൃഷ്ണൻ തയ്യാറാക്കിയ മാറ്റർ കമ്പോസിസ്ററർ കമ്പോസ് ചെയ്തു. ഗോപാലകൃഷ്ണൻ പ്രൂഫ് തിരുത്തി. പ്രിന്റർ അച്ചടിച്ചു.ഗോപാലകൃഷ്ണൻ പിന്നൊന്നും നോക്കാതെ വൈകിട്ട് നേരത്തെ പ്രസ്സും പൂട്ടി കത്തുകെട്ടുമെടുത്ത് വീട്ടിലേക്ക് പുറപ്പെട്ടു.

വീട്ടിൽ ചെന്നയുടൻ അമ്മയും അമ്മാവനും ഓടിവന്നു. ഗോപാലകൃഷ്ണൻ കെട്ടഴിച്ചു. ഓരോ കോപ്പി അവരുടെ കൈയിലേക്ക് കൊടുത്തു. അമ്മയും അമ്മാവനും ഒരുമിച്ചു പറഞ്ഞു. കൊള്ളാം ലളിതം. രണ്ടുപേരും ആർത്തിയോടെ വായിച്ചു.

പിന്നീട് ഇരുവരും പരസ്പരം നോക്കി. വീണ്ടും വായിച്ചു. വീണ്ടും നോക്കി. രണ്ടുപേരും ഒരുമിച്ച് ചോദിച്ചു ഏടാ മുഹൂർത്തമെപ്പഴാ. അതിലുണ്ടല്ലോ. പറയീര്. ഗോപാലകൃഷ്ണൻ പറഞ്ഞു. ഇല്ല. ഇതിലില്ല.അമ്മ പറഞ്ഞു. ഇല്ല. ഇതിലില്ല.അതേയതെ. ഇല്ല ഇല്ല ഇതിലില്ല. അമ്മാവനും പറഞ്ഞു. . സൂക്ഷിച്ചു നോക്കു ഗോപാലകൃഷ്ണൻ പറഞ്ഞു. ഗോപാലകൃഷ്ണൻ വാങ്ങി നോക്കി. സംഗതി കറക്ട്. ഇതെങ്ങനെ പറ്റി.

പ്രൂഫ് തിരുത്തിക്കൊടുത്തത് ഞാനാണല്ലോ. അപ്പോഴുണ്ടായിരുന്നല്ലോ. പ്രിന്റർ തിരുത്തിയില്ല. മഫ്പ്പൻ മാധവൻ. ഗോപാലകൃഷ്ണൻ പല്ലിറുമി. ഇനി എന്ത് ചെയ്യും. അമ്മാവൻ പറഞ്ഞു.സാരമില്ല. തിരുത്തിക്കൊട്.

അവസാനം ഗോപാലകൃഷ്ണൻ പേനയുമെടുത്ത് മേശപ്പുറത്തിരുന്നു.ഓരോ കാർഡിലും ഗോപാലകൃഷ്ണൻ ആരോമാർക്കിട്ട് മുകളിലെഴുതി. പത്തു നാല്പത്തഞ്ച്.പത്തു നാല്പത്തഞ്ച്.

ഇത് കണ്ടിട്ട് അമ്മ പറഞ്ഞു. കൂടുതൽ പത്രാസെടുത്താൽ ഇങ്ങനെയിരിക്കും.

# വിശ്വാസിയും അവിശ്വാസിയും

ടൗണിൽ നിന്ന ബസിൽ രാഘവൻ കയറി. ബസ് മുന്നോട്ട് കുതിച്ചു. പകുതി വഴി കഴിഞ്ഞപ്പോൾ ദൂരെ അമ്പലം കണ്ടു. അടുത്തെത്തിയപ്പോൾ റോഡിലേക്ക് തള്ളി നിൽക്കുന്ന ആൽത്തറ കണ്ടു. ഒപ്പം വഞ്ചിപ്പെട്ടിയും. വഞ്ചിപ്പെട്ടി ചുമന്ന തുണി കൊണ്ട് കെട്ടിയിരിക്കുന്നു.

'പെട്ടെന്ന് കണ്ടക്ടർ ചോദിച്ചു അമ്പലം മുക്കിൽ ആളിറങ്ങാനുണ്ടോ'

'ഒണ്ടെയ് ഒണ്ടേ' ആരെക്കെയോ വിളിച്ചു പറഞ്ഞു

വണ്ടി നിന്നു

ഇടത് വശത്തെ വാതിലിലൂടെ ആരൊക്കെയോ വെളിയിലേക്കിറങ്ങുന്നു. പെട്ടെന്ന് രാഘവന്റെ സീറ്റിനടുത്തിരുന്ന ഒരാൾ ആൽത്തറയിലെ വഞ്ചിപ്പെട്ടിയിലേക്കൊരെറി. നാണയത്തുട്ടുകൾ വഞ്ചിയിൽ ചെന്നു വീണു നാലുഭാഗത്തേയ്ക്കും പൊട്ടിച്ചിതറി.

അടുത്തു നിന്ന പഴയ നാടകനടൻ നടന്നു അതെടുക്കാൻ കഴിയാതെ നോക്കിനിന്നു. ഒരാക്സിഡന്റിൽ പെട്ട് വലതുകാൽ വ്രണങ്ങളുമായി വർഷങ്ങളായി കെട്ടിവച്ച് വേദന തിന്നു ജോലിയെടുക്കാൻ നിവർത്തിയില്ലാതെ, മറ്റുള്ളവർ അറിഞ്ഞു കൊടുക്കുന്ന സഹായം കൊണ്ടു ജീവിക്കുന്ന ആ പഴയ നടൻ അഭിനയം മറന്നു നിർജ്ജീവമായി നോക്കി നിന്നു. ഒരു നിമിഷം ആലോചിച്ചു. ഭഗവതിയ്ക്കെന്തിനാണ് പണം. പണം വേണ്ടതെനിയ്ക്കല്ലേ ഭക്താ അതെനിയ്ക്ക് തന്നു കൂടായിരുന്നോ എന്നു ചിന്തിയ്ക്കുമ്പോൾ അവിശ്വാസി ബാലകൃഷ്ണൻ അവിടെ വന്നു. അവശനായി നിന്ന നടന് ചോദിക്കാതെ നൂറ് രൂപ എടുത്തു കൊടുത്തു ഒന്നും മിണ്ടാതെ നടന്നു പോയി. നടൻ ഒരു നിമിഷം നിന്നു ചിന്തിച്ചു. ഭക്തൻ പണം വഞ്ചിപ്പെട്ടിയിലേക്ക് എറിഞ്ഞു. അവിശ്വാസി പണം യഥാർത്ഥ ആവശ്യക്കാരനെ ഏൽപ്പിച്ചു.

# അന്നമ്മേടത്തിയുടെ മകൾ

രാഘവൻമാഷ് ബസിൽ നിന്നിറങ്ങാൻ തുടങ്ങിയപ്പോഴാണ് ആകർഷകമായ വേഷം ധരിച്ച യുവതി മുൻ വാതിലിലൂടെ വെളിയിലേക്ക് ഇറങ്ങുന്നത് കണ്ടത്.

ഒരു നിമിഷം മാഷ് ആ കാഴ്ച കണ്ടു നടന്നു. വെളുപ്പിൽ നീലക്കരയുള്ള സാരിയുടുത്ത പ്രത്യേക രീതിയിൽ തലമുടി കെട്ടിയിട്ട് മുന്നോട്ട് നടന്നു പോകുന്ന കാഴ്ച.

ഏതാനും നിമിഷങ്ങൾക്കകം അവൾ ട്രാൻസ്പോർട്ട് ബസ് നിർത്തുന്ന പോയിന്റിൽ വന്നു നിന്നു.

രാഘവൻ മാഷ് പെട്ടെന്ന് അവളുടെ മുഖം കണ്ടു.

നമ്മുടെ അന്നമ്മേടത്തിയുടെ മകൾ. ഹൊ പെൺകൊച്ചിനെ പിന്നിൽ നിന്നും കണ്ടപ്പോൾ അറിഞ്ഞില്ല. കൊച്ചേ നീ എവിടെ പോകുന്നുവെന്ന് ചോദിച്ചു കളയാമെന്ന് വിചാരിച്ച് മാഷ് അതിന്റെ മുന്നിലേക്ക് ചെന്നു. പക്ഷേ കൊച്ച് മാഷിന്റെ മുഖത്ത് നോക്കുന്നതുമില്ല, പരിചയം പ്രകടിപ്പിക്കുന്നതു മില്ല.

മാഷിന്റെ മനസ്സിലൂടെ പെട്ടെന്ന് ചിത്രങ്ങൾ ഓർമ്മ വന്നു. നമ്മുടെ പഴയ രവിയുടെ മോന്റെ പെണ്ണല്ലേ ഇത്. രണ്ടും കൂടി പണ്ട് ഒളിച്ചോടി പോയതല്ലേ? ഒരു കൊച്ചും കാണണം. മാഷ് ചിന്തിച്ചു നിൽക്കെ ബസ് വന്നു. മാഷ് പിൻ വാതിലിലൂടെ അകത്ത് കയറി. അവൾ കയറുന്നുണ്ടോ എന്ന് മാഷ് ശ്രദ്ധിച്ചു. അടുത്ത നിമിഷം അവൾ കയറുന്നത് മാഷ് കണ്ടു. അവൾ ബസിന്റെ മുൻ നിരയിലെ രണ്ടാമത്തെ സീറ്റിൽ വന്നിരുന്നു. മാഷിന് സീറ്റ് കിട്ടിയതോ അതിന്റെ ഇടത്തെ ഭാഗത്തെ സീറ്റിലും. മാഷ് അവളുടെ മുഖത്തേക്കു നോക്കുമ്പോൾ അവൾ മാഷിനെയും നോക്കുന്നത് കാണാം. പക്ഷേ മാഷിനെ അവൾ കാണുന്നില്ല.

അര മണിക്കൂർ കഴിഞ്ഞപ്പോൾ മാഷിനിറങ്ങേണ്ട സ്ഥലമായി. മാഷ് എഴുന്നേറ്റു കമ്പിയിൽ തൂങ്ങി നിന്നു.

മാഷ് വീണ്ടും നോക്കിയിട്ടും പരിചയമുള്ള പെൺകൊച്ച് കണ്ടഭാവം നടിക്കുന്നില്ല. മാഷ് വിചാരിച്ചു അങ്ങനെയങ്ങ് വിട്ടാൽ കൊള്ളത്തില്ലല്ലോ. മാഷ് മുന്നോട്ടാഞ്ഞ് കൈ കൊണ്ട് കറങ്ങി ശ്രദ്ധയുണ്ടാക്കിയിട്ട് ചോദിച്ചു.

എവിടെപ്പോന്ന്?

യുവതി ഉടൻ ചെറുതായി പുഞ്ചിരിച്ചു കൈ യാത്ര കാണിച്ചു.

മാഷിന് മനസ്സിലായില്ല

എങ്കിലും അടുത്ത ചോദ്യം ചോദിച്ചു.

എവിടാ ജോലി

യുവതി കൈ യാത്ര കാണിച്ചു. ഒപ്പം എഴുന്നേറ്റു.

മാഷ് വീണ്ടും ചോദിച്ചു

ഇവ്ടാ

മറുപടി വരും മുമ്പ് സൂപ്പർഫാസ്റ്റ് നിന്നു.

മാഷിനെറങ്ങേണ്ട സ്ഥലമായി.

രാഘവൻമാഷ് ബസിൽ നിന്നും ഇറങ്ങിയപ്പോൾ അവളും ബസിൽ നിന്നും ഇറങ്ങുന്നു. എന്തായാലും അവളോട് യാത്ര പറഞ്ഞ് ഇറങ്ങാമെന്ന് വിചാരിച്ചു. മാഷിറങ്ങി മുന്നോട്ട് നടന്നിട്ട് അവളെ കണ്ടില്ല. മാഷ് മുന്നോട്ട് വീമ്ടും നടന്നങ്ങു പോയി. 50 മീറ്റർ കഴിഞ്ഞപ്പോൾ മാഷ് തിരിഞ്ഞൊന്ന് നോക്കി. അപ്പോൾ യുവതി എതിർദിശയിലേക്ക് നടന്നു പോകുന്നു.

മാഷ് മുന്നോട്ട് നടന്നപ്പോൾ പെട്ടെന്ന് ഒരു ചിന്ത എന്നാലും അവൾ ഇവിടെ ഏതു കടയിലാ ജോലിക്കു വന്നത്. മാഷ് തിരിഞ്ഞ് നോക്കി. അപ്പോൾ അവളും മാഷിനെ തിരിഞ്ഞ് നോക്കി. പക്ഷേ മാഷിനെ അവൾ കണ്ടില്ല. അവൾ മുന്നോട്ട് നടന്നു.

നിമിഷങ്ങൾക്കകം ഒരു ബൈക്കിലിരുന്ന ചെറുപ്പക്കാരൻ പെട്ടെന്ന് ഒരു ഹെൽമറ്റെടുത്ത് തലയില് വച്ചു. അവൾ പെട്ടെന്ന് ബൈക്കിന്റെ പിൻ

സീറ്റിലിരുന്നു. വലതു കൈ എടുത്ത് അവന്റെ വയറിലേക്ക് കെട്ടിപ്പിടിച്ചു. ഉടൻ ബൈക്ക് മുന്നോട്ട് കുതിച്ചു. മാഷ് അന്തം വിട്ടു നോക്കിനിന്നു. അപ്പോൾ ഇതാണ് കാര്യമല്ലേ എന്ന് മാഷ് സ്വയം ചോദിച്ചു. മാഷ് ഒരു നിമിഷം അവർ പോകുന്നത് നോക്കി നിന്നു. അവർ നാഷണൽ ഹൈവേയിലൂടെ പോയിപ്പോയി അവസാനം ഇല്ലാതായി. മാഷ് പോകാൻ വന്ന വഴിയെ തിരിച്ചു നടന്നു.

# ദേശീയ സമ്മേളനം

ബാലകൃഷ്ണന് ഡൽഹിയിൽ നടക്കുന്ന ദേശീയ സമ്മേളനത്തിന് പോകണം.യാത്രാപ്പടിയ്ക്കും ചെലവിനും പണമില്ലാതെ വിഷമിച്ചിരിക്കുമ്പോഴാണ് ജില്ലാ സമ്മേളനത്തിന് വന്ന ബാബുരാജിനെ പരിചയപ്പെടുത്തികൊണ്ട് സരോജിനിയമ്മ പറഞ്ഞ കാര്യം ഓർമ്മ വന്നത്. ബാലകൃഷ്ണാ നിനക്കെവിടെ പ്പോകണമെങ്കിലും ബാബുരാജിനെ കൂട്ടിക്കൊണ്ടാമതി. നാലിലൊന്ന് ചാർജ്ജിൽ രണ്ട് പേർക്ക് പോകാം. കണ്ണിന്റെ സർട്ടിഫിക്കററുണ്ട്.

ബാലകൃഷ്ണൻ പിന്നൊട്ടും താമസിച്ചില്ല. നേരെ ബാബുരാജിന്റെ സൈക്കിൾ ഷോപ്പിലേക്ക് ചെന്നു. ദേശീയ സമ്മേളനത്തിന് പോകേണ്ട കാര്യം പറഞ്ഞു. നാളെ വൈകിട്ട് നാല് മണിക്ക് പോണം. ചെലവിനുള്ള കാശും കൂടി എടുത്താ. ബാബുരാജ് സമ്മതിച്ചു. ബാലകൃഷ്ണൻ വീട്ടിലേക്ക് തിരിച്ചു.

പിറ്റേന്ന് വൈകിട്ട് 4 മണിക്ക് ബാലകൃഷ്ണൻ റെയിൽവേസ്റേഷനിൽ ചെന്നപ്പോൾ ബാബുരാജ് തോളത്ത് സഞ്ചിയും തൂക്കി നില്പുണ്ടായിരുന്നു.

ബാബുരാജിന്റെ പാസ് ടിക്കറ്റ് കൗണ്ടറിനകത്തേക്ക് കൊടുത്തു. ഒപ്പം നൂറ്റി ഇരുപത്തിനാല് രൂപയും. ഏതാനും നിമിഷങ്ങൾക്കകം ബാബുരാജിന് എസ്ക്കോട്ടുമായി സഞ്ചരിക്കുന്നതിനുള്ള ടിക്കററ് കിട്ടി. ചുരുങ്ങിയ റേറ്റിൽ ലാഭകരമായി സഞ്ചരിക്കുന്നതിന്റെ ആഹ്ലാദത്തിൽ ബാലകൃഷ്ണൻ മുഴുകി. മൂന്നാം ദിവസം രണ്ടുപേരും വിജയവാഡയിലെത്തി. നാലുദിവസം നീണ്ടു നില്ക്കുന്ന സമ്മേളനം. രണ്ടാം ദിവസമായപ്പോൾ ബാലകൃഷ്ണന്റെ കണക്കുകൾ തെറ്റി. ബാലകൃഷ്ണൻ ഓർത്തു. എത്രയും വേഗം വണ്ടി കയറുക. അല്ലെങ്കിൽ നാടു പിടിക്കാൻ കഴിയാതെ വന്നേക്കും. ബാലകൃഷ്ണന് തിരിച്ചു പോകാനുള്ള വണ്ടിക്കൂലിയും ചില്ലറയും മാത്രമേ കയ്യിലുണ്ടായിരുന്നുള്ളു. ബാലകൃഷ്ണൻ

ബാബുരാജിനോട് ചേദിച്ചു. എത്ര കാശൊണ്ട് കയ്യിൽ

ബാബുരാജ് പറഞ്ഞു. എന്റെ കയ്യിൽ ഒന്നുമില്ല.

പെട്ടെന്ന് പറഞ്ഞതല്ലേ. കാശൊന്നും ഒത്തില്ല.

ബാലകൃഷ്ണൻ ചിന്തിച്ചു. രണ്ട് പേരുടെ വണ്ടിക്കൂലിയും ചെലവും എടുക്കേണ്ടി വന്നത് കൊണ്ടാണ് സമ്മേളനത്തിൽ മുഴുവൻ പങ്കെടുക്കാതെ തിരിച്ചു പോരേണ്ടി വരുന്നത്. ആ കാശുണ്ടായിരുന്നെങ്കിൽ ഒറ്റയ്ക്ക് വണ്ടിക്കൂലിയും കൊടുത്ത് ചെലവും കഴിച്ച് സമ്മേളനത്തിൽ മുഴുവൻ പങ്കെടുത്തു വരാമായിരുന്നു ബാലകൃഷ്ണൻ ബാബുരാജിനോട് പറഞ്ഞു.

വാ നമുക്ക് പോകാം

ന്താ... സാറെ?

ഒന്നുമില്ല

ഒന്നും പറയാതെ ബാലകൃഷ്ണൻ റയിൽവേ സ്റ്റേഷനിലേക്ക് നടന്നു.

## സെക്രട്ടേറിയറ്റ്

ശ്രീനിവാസൻ ആന്റണിയെ കാണുവാൻ സെക്രട്ടറിയേറ്റിൽചെന്നു. ആന്റണി വിചാരിച്ചാലെ ആ കാര്യം നടക്കൂ. മുമ്പ് വന്ന ഓർമ്മയിൽ ശ്രീനിവാസൻ ലേബർ ഡിപ്പാർട്ട്മെന്റിലേക്ക് നടന്നു. ശ്രീനിവാസൻ പരതിനോക്കിയിട്ട് ആന്റണിയെ അവിടെയെങ്ങും കണ്ടില്ല. അതുകൊണ്ട് ശ്രീനിവാസൻ രണ്ട് മേശകളിലെ ഉദ്യോഗസ്ഥരോട് ആന്റണി സാറിന്റെ കാര്യം ചോദിച്ചു. പക്ഷെ അവർക്കാർക്കും ഇങ്ങനെയൊരാളിനെ അറിയില്ല. അവസാനം ഒരാൾ പറഞ്ഞു ലേബർ ഡിപ്പാർട്ട്മെന്റ് കാന്റീന്റെ മുകളിലാണ്. അവിടെയില്ലെന്ന് നല്ലതുപോലെ മനസ്സ് മന്ത്രിക്കുന്നുണ്ടെങ്കിലും ശ്രീനിവാസൻ അവിടെയൊന്നു നോക്കികളയാമെന്ന് വിചാരിച്ചു. ഒന്നാം നിലയിൽ ചെന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞു ആന്റണിയല്ലെ അയാൾ മുകളിലാണ്. മുകളിൽ ചെന്നപ്പോൾ അവർ പറഞ്ഞു ഇവിടെ ആന്റണി ഇല്ല. അന്തോണിയെയുള്ളു.

അവിടെനിന്നും ശ്രീനിവാസൻ ഗ്രൗണ്ട് ഫ്ളോറിലെത്തി. തിരിഞ്ഞ് അകത്തേക്ക് നോക്കിയപ്പോൾ സമൃദ്ധമായ ജനം. സ്ത്രീകൾക്ക് കാൻറീനിൽ പ്രത്യേകം വാർഡ്.

ശ്രീനിവാസൻ എന്തായാലും ഒരു ചായ കുടിക്കാമെന്നു വിചാരിച്ചു. ചായ കുടിക്കുന്ന വേളയിൽ ആന്റണി കാന്റീനിലുണ്ടെങ്കിൽ എന്നെ കാണുകയും അടുത്തോടിവരികയും ചെയ്യുമല്ലോ.

ശിക്ഷ ആന്റണി വന്നില്ലെങ്കിലും ആന്റണിയുടെ സഹപ്രവർത്തകനായ ഒരു ചെറുപ്പക്കാരൻ പെട്ടെന്ന് ശ്രീനിവാസന്റെ മുന്നിലേക്ക് വന്നു. അയാളെ എവിയെയോ കണ്ട പരിചയം.

ഞാം എന്താ വെറുതേ

ഇല്ല നമ്മുടെ അടുത്ത ഒരു സുഹൃത്ത് ആന്റണിയുണ്ട്. പുള്ളിക്കാരനെ കാണാൻ വന്നതാ.

ഓ. ആന്റണി. സാറിവിടെയിരി. ഞാൻ ആന്റണിയെ പറഞ്ഞു വിടാം.

സമാധാനമായി ചുമ്മാതാണോ ദൈവമുണ്ടെന്നു പറയുന്നത്. ദൈവം തന്നെ അടിച്ചോടിച്ചോണ്ടു വന്നതാ.ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണ് ദൈവവിശ്വാസം വീണ്ടും അരക്കിട്ടുറപ്പിക്കുന്നത്..

എന്തായാലും ശ്രീനിവാസൻ ചായകുടി കഴിഞ്ഞു കാന്റീനിന്റെ മുൻവശത്തിറങ്ങിനിന്നു. ഇവിടെനിന്നാൽ വടക്കേ കെട്ടിടത്തിന്റെ രണ്ടു വാതിലുകളിൽ നിന്നും വരുന്നവരെ കാണാവുന്നതാണ്.

ശ്രീനിവാസൻ അഞ്ചോ പത്തോ, പതിനഞ്ചോ മുപ്പതോ മിനിട്ടുകൾ കാത്തു നിന്നിട്ടും ആന്റണി വന്നില്ല.

ഉടനെ ദൈവത്തിന്റെ ഇടപെടലിനെകുറിച്ച് ശ്രീനിവാസൻ ചിന്തിച്ചു. പിന്നീടൊന്നും ആലോചിച്ചു നില്ക്കാതെ ശ്രീനിവാസൻ വീണ്ടും ആന്റണിയുടെ ഓഫീസിലേക്ക് തിരിച്ചു. ലേബറിൽ തന്നെ വീണ്ടും കയറി. അപ്രതീക്ഷിതമെന്നല്ലാതെ എന്തു പറയാൻ. അയലത്തുകാരൻ അപ്പുക്കുട്ടൻപിള്ള നില്ക്കുന്നു. അപ്പുക്കുട്ടൻ പിള്ളയോട് കാര്യം പറഞ്ഞു.

അപ്പുക്കുട്ടൻപിള്ള ആന്റണിയുടെ സീറ്റ് ചൂണ്ടിക്കാണിച്ചിട്ട് പറഞ്ഞു. അതാണ് പുള്ളിക്കാരന്റെ ഇരിപ്പിടം. ഇതിനിടയിൽ അടുത്തിരുന്ന സെക്ഷൻകാർ പറഞ്ഞു ആന്റണി ഇന്നു ലീവാ. അതുകേട്ടപ്പോൾ ശ്രീനിവാസനു ബോദ്ധ്യം വന്നു. ദൈവം ഇല്ലയെന്നുതന്നെ.

ശ്രീനിവാസൻ വന്നിട്ടു പിറ്റേന്നുരാവിലെ ആന്റണിയെ ഫോണിൽ വിളിച്ചു. സംഭവിച്ചകഥയെല്ലാം പറഞ്ഞു. ഞാൻ ലേബർ ഡിപ്പാർട്ടമെന്റിലല്ല. ഹോം ഡിപ്പാർട്ട്മെന്റിലാണ്.

# റെയിൽവേ ക്രോസ്

കൃത്യം മൂന്ന് മണിക്ക് കടന്നു പോകുന്ന ട്രയിനുവേണ്ടി വാച്ച് മാൻ അച്ചുപിള്ള റെയിൽവേ ഗേറ്റ് പിടിച്ചടച്ചു.

അടുത്ത നിമിഷം മുതൽ വാഹനങ്ങൾ ഇരുവശത്തും തടിച്ചുകൂടാൻ തുടങ്ങി.

വാഹനങ്ങളിലിരിക്കുന്ന യാത്രക്കാർ നിശ്ചിതസമയം വരെ കാത്തിരുന്നു. പിന്നീട് അക്ഷമരായി. പലരും പ്രാകാൻ തുടങ്ങി.

പക്ഷെ എന്ത് ഫലം

ആരൊക്കെ പ്രാകിയിട്ടും വിഷമിച്ചിട്ടും ഗേററ് തുറന്നില്ല.

അവസാനം ആ മലമ്പാമ്പ് ഇഴഞ്ഞുവരുന്ന മുഴക്കം കേട്ടു. ചൂളം വിളിതെളിഞ്ഞു തെളിഞ്ഞ് ഒരു കൊടുങ്കാററ് പോലെ കടന്നു. എല്ലാവരും ഗേറ്റ് തുറക്കുന്ന ആശ്വാസനേരത്തിനു സാക്ഷ്യം വഹിക്കാൻ നോക്കിയിരുന്നു.

ഇപ്പോൾ തുറക്കും,

ഇപ്പോൾ തുറക്കും

വീണ്ടും എല്ലാവരും നിരാശയിലേക്ക് നീങ്ങി.

ഗേറ്റ് തുറക്കുന്നില്ല. ഇനിയും ട്രയിൻ കാണും.

അല്ലെങ്കിൽ എഞ്ചിൻ കാണും.

മദ്രാസ് മെയിലാണ്. അല്ല ഗുഡ്സാണ്.

വീണ്ടും കാത്ത്നില്പ്. പത്ത് മിനിട്ട് ഇരുപത് മിനിട്ട്.....

ഇതിനിടയിൽ ഒരു ചെറുപ്പക്കാരൻ പറഞ്ഞു. ഇനി ഏത് ട്രയിനാ. ഇനി ഒരു ട്രയിനുമില്ലല്ലോ. ഞാൻ ആ വാച്ചറോടു തന്നെ ചോദിക്കട്ടെ.

ചെറുപ്പക്കാരൻ വാച്ചറുടെ മുറിയിലേക്ക് ഓടിക്കയറി..

അത്ഭുതംമുറിയിൽ ഒരു മുഴക്കം.

കൂർക്കം വലിയുടെ മുഴക്കം.

അച്ചുപിള്ള സുഖമായുറങ്ങുകയാണ്.

ചെറുപ്പക്കാരൻ തിരിഞ്ഞു വിളിച്ചുകൂവി. ഓടിവരിൻ....

ഓടിവരിൻ.... എല്ലാപേരും വാച്ചറുടെ മുറിയിലേക്ക് ഇരച്ചു വന്നു.

(സൈക്കോ സുവനീർ)

## മാസിക

കൊച്ചു നാരായണൻ ഒരു മാസിക തുടങ്ങാൻ തീരുമാനിച്ചു. അതിനു വേണ്ടി ഒരു തലക്കെട്ട് വിലക്ക് വാങ്ങി. ആവശ്യമായ സാഹിത്യ വിഭവങ്ങളും പലരിൽ നിന്നും വാങ്ങി അടുത്തമാസം ഒന്നിന് പുറത്തിറക്കാൻ വേണ്ട ഒരുക്കങ്ങൾ ആരംഭിച്ചു. നാരായണൻ മാറ്ററുമായി ഡി.റ്റി.പി. സെന്ററിലേക്ക് ചെന്നു. പരിചയമുള്ള ലാലാണ് സെന്റർ നടത്തുന്നത്. കാര്യം പറഞ്ഞു മാറ്റർ കൊടുത്തു. പിറ്റേന്ന് പ്രൂഫ് കൊടുക്കാമെന്നു പറഞ്ഞു.

പിറ്റേന്നു രാവിലെ പ്രൂഫിന് ചെന്നു. ചെന്നപ്പോൾ ലാൽ പറഞ്ഞു കറണ്ടില്ല. വൈകിട്ടു തരാം. വൈകിട്ടു ചെന്നു ലാൽ പറഞ്ഞു പെൺകുട്ടിക്കു ദേഹം വല്ലാതെ വന്നു ആശുപത്രിയിലാ. രണ്ടു ദിവസം കഴിയും. നാരായണൻ രണ്ടു ദിവസം കഴിഞ്ഞ് വീണ്ടും വന്നപ്പോൾ ജെറോം സാറിന്റെ വർക്ക് ചെയ്തോണ്ടിരിക്കുകയാ ലാൽ പറഞ്ഞു. ജെറോം സാറ് വലിയ ഒരു വിഞ്ജാനകോശത്തിന്റെ പണി നടത്തികൊണ്ട് വരികയാ തന്നിട്ടു രണ്ടാഴ്ചയായി ഇന്ന് ഫൈനൽ ലേഔട്ടാ. ഇന്നു ശിവകാശിക്ക് പ്രിന്റിംഗിന് കൊണ്ടുപോകാനുള്ളതാണ്. നാളെ വൈകിട്ട് തരാം. കൊച്ചു നാരായണൻ വീണ്ടും നാളെ വൈകിട്ട് വന്നു. വന്നപ്പോൾ ആദ്യത്തെ ലേഖനത്തിന്റെ പ്രൂഫ് റെഡി. പിറ്റേന്നു വന്നപ്പോൾ ബാക്കിയുള്ളതും റെഡി. കൊച്ചു നാരായണൻ വളരെ സൂക്ഷ്മതയയോടെ പ്രൂഫ് വായിച്ചു. തെറ്റു തിരുത്തി തിരുത്താൻ കൊടുത്തു. പിറ്റേന്ന് ലേഔട്ട് ചെയ്യാൻ അസൗകര്യമാണെന്നും ക്രിസ്മസ് വെക്കേഷനായതു കൊണ്ട് വൈഫിന്റെ ബന്ധുക്കൾ മുംബൈയിൽ ആയതിനാൽ അങ്ങോട്ടു പോകുമെന്നും അടുത്ത ശനിയാഴ്ചയെ തിരിച്ചു വരികയുള്ളുവെന്നും ലാൽ പറഞ്ഞു.

അടുത്ത ശനിയാഴ്ചയ്ക്ക് വേണ്ടി കാത്തിരുന്നു. എങ്ങനെയെങ്കിലും ശനിയാഴ്ചയായി. നാരായണൻ ചെന്നു. അന്ന് ഏതായാലും ലേഔട്ട് ചെയ്ത് ഫൈനൽ ഫ്രൂഫ് വാങ്ങി. കൊച്ചു നാരായണൻ വീട്ടിൽ പോയി ഒന്നും കൂടി വായിച്ചു. ചില തെറ്റുകൾ നാരായണൻ അത് കറക്ട് ചെയ്യാൻ കൊടുത്തു. നാരായണൻ കറക്ട് ചെയ്ത് സി.ഡി.യും ഫൈനൽ

പ്രൂഫും വാങ്ങി. ഇനി അത് പ്രസ്സിൽ കൊടുക്കുന്നതിനു വേണ്ടി ട്രയിസിംഗ് ഷീറ്റിലെടുക്കണം. ലാലിന്റവിടെ അതില്ല. അതെടുക്കുന്നതിനായി കോളേജ് മുക്കിലെ മറ്റൊരു ഡി.റ്റി.പി. സെന്ററിലേക്ക് പോയി. പോയ വഴിയിൽ നാരായണൻ ഒന്നുകൂടി ഡി.റ്റി.പി. ചെയ്ത മാറ്റർ മറിച്ചു നോക്കി. ഇടയ്ക്കൊരു ഖണ്ഡിക വായിച്ചു. അപ്പോഴാണറിയുന്നത് വീണ്ടും നാലുതെറ്റ്. മാത്രമല്ല അതിനു ശേഷമുള്ള മൂന്നു ഖണ്ഡിക കാണുന്നുമില്ല. നാരായണൻ വീണ്ടും ലാലിന്റെ ഡി.റ്റി.പി. സെന്ററിലേക്ക് പോയി. കാര്യം പറഞ്ഞു കമ്പ്യൂട്ടർ ഓപ്പൺ ചെയ്തു വീണ്ടും കറക്ട് ചെയ്തു. അടുത്ത സി.ഡി. യിലേക്കു പകർത്താൻ നോക്കിയപ്പോൾ അവിടെ സി.ഡി. വിൽപ്പനയ്ക്കില്ല.

പിന്നീട് അടുത്ത ജംഗ്ഷനിൽ പോയി സി.ഡി. വാങ്ങിച്ചു അതിൽ വീണ്ടുമെടുത്തു. ആ സി.ഡിയുമായി ആ പഴയ സെന്ററിലേക്കു പോയി ചെല്ലുമ്പോൾ അവിടെ ചെയ്യേണ്ട ആളില്ല. കാര്യം പറഞ്ഞു കൊടുത്തിട്ട് ഫോൺ നമ്പരും വാങ്ങി പോയി. പിറ്റേ ദിവസം പോകാൻ കഴിഞ്ഞില്ല അടുത്ത ബന്ധുവിന്റെ മരണം. നാരായണൻ ബന്ധുവിന്റെ മരണത്തിന് പോയി. ഇതിനിടയിൽ പല പ്രാവശ്യം ഫോൺ ചെയ്തു. പക്ഷേ അയാൾ ഫോണെടുക്കുന്നില്ല. മൂന്നിന്റന്നു വീണ്ടും ചെന്നു. ആളുണ്ട്. സി.ഡി. കൊടുത്തു. ട്രയിസിംഗ് ഷീറ്റിലേക്ക് പകർത്തി. ധൃതഗതിയിൽ പകർത്തിവാങ്ങി 10 കി.മീ. അകലെയുള്ള പ്രസ്സിലെത്തി മാറ്റർ കൊടുത്തു. അവർ പരിശോധിച്ചു. അവർ പറഞ്ഞു ഇങ്ങനെ കൊണ്ടുവന്നാൽ അച്ചടിക്കാൻ കഴിയില്ല മിറർ ആക്കി എടുത്തുകൊണ്ട് വരണം. മാത്രമല്ല കവറിന്റെ രീതി ശരിയല്ല. കവർമാത്രം ഒരു ഫുൾ പേജിൽ പ്രത്യേകം എടുത്തു കൊണ്ടു വരണം. നാരായണൻ വീണ്ടും പഴയ സെന്ററിലേക്കു പോയി പറഞ്ഞപ്രകാരം എടുത്തു. കവറിനുള്ള സി.ഡി.യും ബാക്കി ട്രയിസിംഗ് ഷീറ്റുമായി നാരായണൻ പ്രസിൽ ചെന്നു. ചെല്ലുമ്പോൾ പ്രസ്സുടമ പറഞ്ഞു. പിന്നെ രണ്ടാഴ്ച കഴിയും ഇവിടെ അച്ചടിക്കാൻ ആളിനെ കിട്ടുന്നില്ല. ഇവിടുത്തെ പ്രസ്സ് ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ പ്രസ്സാണ്. ജർമ്മനിയിൽ നിന്നും ഇപ്പോൾ കൊണ്ടു വന്നതേയുള്ളു. അതിൽ ഇത്തരം അച്ചടി നടത്താൻ പറ്റില്ല. കംപ്ലീറ്റ് കളർ മാത്രമേ അടിക്കാൻ പറ്റു. ബ്ലാക്ക് ആന്റ് വൈറ്റ് അടിക്കുന്ന ചെറിയ പ്രസ്സെല്ലാം വിറ്റു. ഇനി വേറെ എവിടെയെങ്കിലും കൊടുക്ക്. നാരായണൻ പറഞ്ഞു ഇനി വേറെ എങ്ങും കൊടുക്കുന്നില്ല. ഈ പണി അങ്ങ് അവസാനിപ്പിക്കുകയാ. പുല്ല് വേണ്ട എന്നു പറഞ്ഞിട്ട് ട്രയിസിഗ് ഷീറ്റ് ഞെവിടിക്കൂട്ടി വെളിയിലേക്ക് വലിച്ചെറിഞ്ഞു. നാരായണൻ പുറത്തിറങ്ങി നടന്നു.

## ചങ്ങാതിമാർ

വർഷങ്ങൾക്ക് മുമ്പ്, ഒരിടത്ത് രണ്ട് ചങ്ങാതിമാരുണ്ടായിരുന്നു. അവർ ഹിമാലയസാനുവിലെ ഒരു ആശ്രമത്തിൽ ചെല്ലുന്നതിന് യാത്ര പുറപ്പെട്ടു. നൂറ് കണക്കിന് കിലോമീറ്റർ താണ്ടി അവർ നടന്നു. ഇടയ്ക്കു മഴയും മഞ്ഞും വെയിലും കൊണ്ട് നടന്നു.വർഷങ്ങൾക്ക് ശേഷം ആശ്രമാങ്കണത്തിലെത്താറായപ്പോൾ അപ്രതീക്ഷിതമായിട്ടായിരുന്നു ഭൂമികുലുക്കമുണ്ടായത്. ഭൂമി പോലും പിളർന്ന് തകർന്ന സാഹചരിയത്തിൽ അവർ പരസ്പരം അറിയാതെ പിരിഞ്ഞു. രണ്ട് പേരും മരിച്ചുവെന്ന് പരസ്പരം വിശ്വസിച്ചു. കൂട്ട് പിരഞ്ഞ ചങ്ങാതിമാർ മൗനനൊമ്പരങ്ങളുമായി നാളുകൾ കഴിച്ചു. വർഷങ്ങൾ കഴിഞ്ഞ് ഒരു ദിവസം ഒരു ചങ്ങാതി തൊഴിൽ തേടി കടലിനക്കരെ ചെന്നു. അപ്പോൾ വഴിയോരത്ത് വച്ച് നഷ്ടപ്പെട്ട തന്റെ ചങ്ങാതിയെ കണ്ടു. ആദ്യ ചങ്ങാതി അത്ഭുതപ്പെട്ടു. അത് യാഥാർത്ഥ്യമാണോ.

തന്റെ കണ്ണുകളെ വിശ്വസിക്കാമോ. എന്ന ചിന്തിച്ചു. രണ്ടാം ചങ്ങാതി കെട്ടിപ്പിടിച്ചാലിംഗനം ചെയ്തപ്പോൾ വിശ്വാസമായി. ഒരു നിമിഷം അവർ പരസ്പരം മറന്നു. കണ്ണ് തുറന്നപ്പോൾ ഒന്നാം ചങ്ങാതിയുടെ പിന്നിൽ മറ്റൊരാൾ ചങ്ങാതി പറഞ്ഞു. ഞാനിന്നു ഒറ്റയല്ല. ഭൂമികുലുക്കത്തിന് ശേഷം ഞാൻ അടിമച്ചങ്ങലയിൽ അകപ്പെട്ടു. ഞാനന്നു ഒരടിമയായി മാറിയിരുന്നു. എനിക്കിന്ന് ഉടമയുണ്ട്. ഉടമ പറയുന്നതനുസരിച്ചാണ് ഞാൻ ജീവിക്കുന്നത്. എന്റെ ഉടമയാണ് ഈ നില്ക്കുന്നത്. ഇത് കേട്ട രണ്ടാം ചങ്ങാതി വീണ്ടും ദുഖാർദ്രമായി. ഇത് ആദ്യ ചങ്ങാതി രണ്ടാം ചങ്ങാതിയോടു പറഞ്ഞു. എന്നെ കാശ് തന്ന് വാങ്ങിയ ഉടമയാണിത്. പക്ഷെ കാശ് തരാതെ നീ എന്നെ പണ്ട് വാങ്ങിയിരുന്നു. ബന്ധം പണമല്ലാത്തതുകൊണ്ട് എന്റെ ഉടമ നീയാണ്. അത് കേട്ട ചങ്ങാതി ആനന്ദത്താൽ പുളകം കൊണ്ടു.

# ഒരു വേല

കുട്ടൻപിള്ള സാറ് പോകാൻ കുഞ്ഞമ്മപ്പാലം ബസ്സ് സ്ററാൻഡിൽ ബസ് കാത്ത് നില്ക്കുമ്പോൾ പിൻവശത്തുനിന്നും അലക്കിതേച്ച വസ്ത്രം ധരിച്ച് കണ്ണട വച്ച മദ്ധ്യ വയസ്ക്കയായ ഒരു സ്ത്രീ പെട്ടെന്നു വന്നു ചോദിച്ചു.

'സാർ കായംകുളത്തേക്ക്, ഇതിലെ വണ്ടിയുണ്ടോ?''

'അറിഞ്ഞൂടല്ലോ'

'കരുനാഗപ്പള്ളിയിലേക്കോ'

'ഉണ്ടെന്നാ തോന്നുന്നേ'

'ങീ സാറിന്റെ അഡ്രസ് ഒന്നു വേണം' അവൾ കുനിഞ്ഞു കയ്യിലിരുന്ന പ്ലാസ്റ്റിക് സഞ്ചിയിൽ നിന്നു വെളുത്ത ഒരു കഷണം പേപ്പറെടുത്തപ്പോൾ കുട്ടൻപിള്ള സാറ് അത്ഭുതപ്പെട്ടു.

'അഡ്രസ്സോ?'

'അതേ എനിക്ക് ഒരു പത്ത് രൂപ വേണം. കൊണ്ടു വന്ന കാശ് കൈമോശം വന്നു. വീട്ടിൽ ചെന്നാലുടനെ അങ്ങു അയച്ചുതരാം.' ചോദ്യം കേട്ടപ്പോൾ കുട്ടൻപിള്ള സാറിനൊരു സംശയം. ആ ചോദ്യത്തിനകത്തൊരു കുശലതയില്ലേ എന്ന്. കുട്ടൻപിള്ള സാറ് അത് കണക്കിലെടുത്തു കൊണ്ട് ചോദിച്ചു. 'നിങ്ങള് ഇന്നാള് വാങ്ങിയ കാശെന്തിയേ അന്നും ഇതുപോലെ അല്ലേ പറഞ്ഞേ?'

'ങ്ങേ അന്നും ഇതുപോലെ പറഞ്ഞോ."

പെട്ടെന്ന് ആ സ്ത്രീ മങ്ങുന്നതും എന്തോ മറന്നത് തിരിച്ചെടുക്കാൻ പോകുന്നതുപോലെ തിരിച്ചു നടക്കുന്നതും കണ്ടു.

(കേരളപത്രിക, വീക്കെന്റ്)

# ലോട്ടറി ടിക്കറ്റ്

നരച്ചു പെൻഷൻ പറ്റിയ രാമൻ നായർ പെറുപ്പകാലം മുതലെ ലോട്ടറി ടിക്കറ്റ് എടുത്തുകൊണ്ടിരുന്നു. ഇതുവരെ രാമൻ നായരുടെ ഓർമ്മയിൽ ഒറ്റ പ്രൈസ് പോലും ലഭിച്ചിട്ടല്ലെന്നുള്ളതാണ് സത്യം. പതിവ് പോലെ രാമൻ നായർ ഈ പ്രാവശ്യം എടുത്ത ടിക്കറ്റിനും ഒന്നും അടിച്ചിട്ടില്ല. ചാരുകസേരയിൽ പത്രവും മലർത്തി ലോട്ടറി ടിക്കററുമായി രാമൻ നായർ കിടക്കുകയായിരുന്നു. 'ങ്ങടപ്പൂപ്പാ, ആ ടിക്കറ്റൂടെ''പെട്ടെന്ന് രാമൻ നായരുടെ മൂത്ത മകളുടെ മകന്റെ ചോദ്യം. എല്ലാ മാസവും അത് അവന്റെ പതിവാ. അത് അവനൊരു ഹോബിയാ. ആ പതിവു തുടങ്ങിയത് ഒരിക്കൽ രാമൻ നായരുടെ പഴയ അലമാര പരിശോധിച്ചപ്പോൾ കിട്ടിയ കുറെ ലോട്ടറി ടിക്കറ്റു മൂലമായിരുന്നു. അവൻ അതെടുത്ത് ഒരു കമ്പിയിൽ കൊരുത്തുവെച്ചു.

അന്നു മുതൽ അതാവർത്തിക്കാൻ തുടങ്ങി.

'ങ... ന്നാ... എന്നെങ്കിലും അപ്പൂപ്പനടിക്കുമെടാ.....''

ചാരുകസേരയിൽ നിന്നു നിവർന്നു രാമൻ നായർ ആ ടിക്കറ്റ് അവനു വെച്ചു നീട്ടി.

അവനൊരു തമാശ തോന്നി. അവൻ ആ ടിക്കററെല്ലാം എണ്ണി. ഒന്ന്, രണ്ട്, മൂന്ന്, അങ്ങനെ ആയിരത്തിന്റെ കെട്ട് നൂറെണ്ണം.

'പ്പൂപ്പാ, നൂറായിരമെത്ര?''

'ഒരു ലക്ഷം''

'പ്പൂപ്പന്റെ ടിക്കററിന്റെ എണ്ണം ഒരു ലക്ഷം'

'ങേ! ....ഒരു ലക്ഷമോ'

'രാമൻ നായർ കണ്ണുമിഴിച്ചു സ്തംഭിച്ചു നിന്നു!.'

(കേരളപത്രിക) വീക്കെന്റ്

# തീരം മറന്ന തിര

വിദൂരതയിൽ, മുന്നിലൂടെ ദമ്പതികളും കൂട്ടരും നടന്നപ്പോൾ , ഇണ മുറിഞ്ഞുപോയ വടവൃക്ഷത്തിന്റെ മണ്ണിന് മുകളിലെ വളഞ്ഞ വേരുകൾക്കിടയിൽ, ഒരു കൊടുങ്കാററിന്റെ അസ്തമനം പോലെ , വിദൂരതയിലലിയുന്ന തിരയുടെ കറുത്ത ചക്രവാളത്തെ നോക്കി അയാൾ ഇരുന്നപ്പോൾ, മനസ്സ് പൊള്ളുന്ന ചിന്തകളുടെ ഓർമ്മകളുമായി ഉരുകിയുണർന്നുവന്നു.

ഒരു ആവണിമാസത്തിന്റെ സന്ധ്യ. നഗ്നമായ നടപ്പാതയിൽ സന്ധ്യാസൂര്യന്റെ രാഗാലസ്യം കണ്ടു നിന്നപ്പോൾ,

'രവിയേട്ടാ.......' പിന്നിൽ നിന്നൊരു വിളി.

ചുവന്ന ചുണ്ടുകളിൽ സൂര്യകിരണത്തിന്റെ കാമകാവ്യങ്ങൾ പൊഴിയുന്ന രാധ നാണത്തിന്റെ ഗർഭ മുഖത്തിൽ ആഴ്ന്നിറങ്ങുന്നു, തിരിഞ്ഞു നോക്കിയപ്പോൾ

'രാധേ...... 'നിശബ്ദ രാഗത്തിൽ ചുണ്ടുകൾ ചലിച്ചു.

'ചേട്ടാ........' അയാളുടെ രോമാവൃതമായ കരങ്ങൾ അവളിലേക്ക് നീണ്ടു.

അവൾ അയാളുടെ വിരിഞ്ഞുയർന്ന മാറിൽ മുങ്ങിത്താണു. ആ നിർവൃതിയുടെ മുലക്കണ്ണുകളിൽ അമർന്നുറങ്ങിയപ്പോൾ അവൾ പറഞ്ഞു. രവിയേട്ടൻ എന്റെ ആത്മാവിന്റെ സ്പന്ദനമാണ്.'

രാധ എന്റെ ആത്മാവിന്റെ സുഗന്ധമാണ്.'

മാറിൽ നിന്നും വികാരത്തിന്റെ കുമിളകൾ മാറ്റി ഉയർന്നുപൊങ്ങിയപ്പോൾ വീണ്ടുമവൾ പറഞ്ഞു

രവിയേട്ടനില്ലാത്തൊരു ജീവിതം....' ഹ ഓർക്കാൻ പോലും വയ്യ. രാ

ധയില്ലാത്ത എന്റെ ജീവിതവും'നമ്മുടെ ജീവിതം അനശ്വരമാണ് രവി യേട്ടാ. എന്നെങ്കിലും നമ്മൾ പിരിയുന്നെങ്കിൽ അതൊരുമിച്ചായിരിക്കും. ഈ ലോകത്തിൽ നിന്നും.'അതുകേട്ട, ഇലഞ്ഞിമരം പൂത്തു ചിരിച്ചു. പൂവണിക്കൊന്നകൾ ഇളങ്കാററിൽ പൂത്തുചിരിച്ചു. എങ്ങും ആവണിമാസത്തിന്റെ പൂക്കണികൾ. പെട്ടെന്ന്, തീരം തേടി വന്ന ഒരു കൂട്ടം തിരകൾ അബോധരാഗത്തിൽ നിന്നും പിടിച്ചുണർത്തി. അപ്പോൾ, മത്സ്യഗന്ധമിണചേർന്ന കടൽക്കരയുടെ ഇളകിയ മണലിലൂടെ നവവരന്റെ പെരുവിരലിൽ തൂങ്ങി നടന്നകലുകയായിരുന്നു അവൾ.

–എന്നെങ്കിലും നാം പിരിയുന്നെങ്കിൽ ഒരുമിച്ചായിരിക്കും രവിയേട്ടാ.'

സൂര്യഗന്ധചോലയിലുണർന്ന ഓർമ്മകൾ അയാളെ കടിച്ചുകീറിക്കൊണ്ടിരുന്നപ്പോൾ, മനസ്സിന്റെ തിര ശാന്തതയ്ക്കു വേണ്ടി തീരങ്ങളിൽ അലയുകയായിരുന്നു.

(വിനീതൻ)

# നനഞ്ഞ സ്വപ്നം

രാമു എന്നും സ്കൂളിലേക്ക് പോകുന്ന വഴി കൂട്ടുകാരായ ബാലു, സുലു, സുനി, രമ എന്നിവരോട് തയ്യൽകടയുടെ മുന്നിൽ ചെല്ലുമ്പോൾ നിൽക്കാൻ പറയും. എന്നിട്ട് കൈ ചൂണ്ടിക്കൊണ്ട് പറയും.

'നോക്കു എന്റെ ഷർട്ടും നിക്കറുമാ ആ തച്ചിട്ടിരിക്കുന്നത്. ചോപ്പ് ഉടുപ്പ് നീല നിക്കറും ഇടുമ്പം എന്തു രസമായിരിക്കും. ഓണത്തിന് ഇനി ഒരു മാസമുണ്ട്. അന്നാ അച്ഛൻ വാങ്ങിച്ചു തരുന്നത്.'

പിറ്റേ ദിവസം വന്നപ്പോഴും രാമു അതാവർത്തിച്ചു. ഓരോ ദിവസം വരുമ്പോഴും രാമു ഓരോ കൂട്ടുകാരെ വിളിച്ചോണ്ടു വന്ന് കാണിക്കും.

ഇത് തുടർന്നപ്പോൾ ഒരു ദിവസം തയ്യക്കാരൻ പറഞ്ഞു.

'ഓർറാ ......... ഇനി മേലാ കടേടെ വാതിലി വന്നേക്കരുത്'

പിന്നീട് രാമു ആരെയും വിളിച്ചോണ്ട് വന്ന് കാണിക്കാതായി. എങ്കിലും കടയുടെ മുന്നിൽ വരുമ്പോൾ അറിയാതൊന്നു നോക്കിപ്പോവും. പക്ഷേ തയ്യക്കാരന്റെ മുഖം കാണുമ്പോൾ മിണ്ടാതെ നടന്നു പോകും.

അങ്ങനെ അവസാനം ഓണം വന്നു ഉത്രാട തിരുനാളിൽ രാമുവിന്റെ അച്ഛൻ വന്ന് ഷർട്ടും നിക്കറും വാങ്ങി കൊടുത്തിട്ട് പറഞ്ഞു.

'മോൻ വീട്ടിൽ പോയ്ക്കേ അച്ഛൻ ചന്തയിൽ പോയിട്ടു വരാം.'

രാമുവിന്റെ നിക്കറും ഉടുപ്പും ന്യൂസ് പേപ്പറിൽ പൊതിഞ്ഞ് തയ്യക്കാരൻ രാമുവിന്റെ അച്ഛന്റെ കയ്യിൽ കൊടുത്തത് അച്ഛൻ രാമുവിന്റെ കയ്യിൽ കൊടുത്തു.

രാമു അത് മാറോട് ചേർത്തുകൊണ്ട് സന്തോഷം കൊണ്ട് നിയന്ത്രിക്കാൻ കഴിയാതെ റോഡിലൂടെ ഓടി. ഓടിയ ഓട്ടത്തിൽ കാൽതട്ടി രാമു കെട്ടിക്കിടന്ന റോഡിലെ വെള്ളത്തിൽ തെറിച്ചു വീണു. ഇട്ടിരുന്ന നിക്ക

റും ഉടുപ്പും കൂടാതെ പേപ്പറിൽ പൊതിഞ്ഞു വച്ചിരുന്ന നിക്കറും ഉടുപ്പും വെള്ളത്തിൽ മുങ്ങി എങ്കിലും രാമു പിടിവിട്ടില്ല. പൊതി മാറോട് ചേർത്തു തന്നെ പിടിച്ചിരുന്നു.

പെട്ടെന്ന് നാലു വശത്തു നിന്നും ചിലർ ഓടിവന്നു. രാമു വെള്ളത്തിൽ നിന്നും എഴുന്നേറ്റു. പക്ഷേ രാമു എന്തു ചെയ്യണമെന്നറിയാതെ ഏങ്ങലടിച്ചു. ശരീരം നൊന്തതിനായിരുന്നില്ല ഓണപ്പുടവ നനഞ്ഞൊലിക്കുന്നതിനായിരുന്നു.

നനഞ്ഞ പുടവയിലെ വെള്ളം രാമു പിഴിഞ്ഞു. അപ്പോൾ അതിൽ നിന്നും ചുവപ്പും നിലയും മറ്റൊരു നിറമായി ഒലിക്കാൻ തുടങ്ങി. രാമു നിർനിമേഷനായി നോക്കി നിന്നു.

# ആലോചന

ശിവൻ അടുത്തുള്ള സ്റ്റേഷനിൽ ഇറങ്ങാൻ ട്രയിനിൽ ചാടിക്കയറി. പെട്ടെന്നുതന്നെ ഒരിടം കിട്ടി. ശിവൻ അവിടെ ഇരുന്നു. നിമിഷങ്ങൾക്കുള്ളിൽ മുന്നിലിരുന്ന യുവതിയെ ശിവൻ കണ്ടു. സുന്ദരിയായൊരു യുവതി. ശിവൻ ഇടയ്ക്കും മുറയ്ക്കും യുവതിയെ നോക്കി. ശിവൻ അശ്രദ്ധനാകുമ്പോൾ യുവതിയും ശിവനെ നോക്കി. ശിവനും യുവതിയും പിന്നീട് പരസ്പരം നോക്കി. ഇതിനകം പത്തു നിമിഷം കൊണ്ട് ട്രയിനിൽ നിന്നും ഇറങ്ങേണ്ട സ്റ്റേഷൻ വന്നു. രണ്ടു പേരും ഒന്നുപോലെ സ്റ്റേഷനിൽ ഇറങ്ങി ഗേറ്റിലേക്ക് നടന്നു. അതിനിടയിൽ ശിവൻ യുവതിയോടു ചോദിച്ചു.

'സ്ഥലമെവിടാ?'

യുവതി സ്ഥലം പറഞ്ഞു

'എന്താജോലി'

യുവതി ജോലി പറഞ്ഞു

'അച്ഛന്റെ പേരെന്താ'

യുവതി അച്ഛന്റെ പേരു പറഞ്ഞു

ഇതിനിടയിൽ യുവതി ഫാമിലി ഡീറ്റയിൽസ് പറഞ്ഞു തുടങ്ങി. ശിവൻ ആകാംഷയോടെ കേട്ടു. അവസാനം ശിവൻ പറഞ്ഞു. 'എന്റെ കൂട്ടുകാരൻ ഒരുപാട് പെമ്പിള്ളാരെ കണ്ടു. അവനൊന്നും ഇഷ്ടമായില്ല. താങ്കളെ അവനിഷ്ടമാകും. ഞങ്ങൾക്ക് വീട്ടിൽ വന്ന് ആലോചിക്കാൻ വേണ്ടി അന്വേഷിച്ചതാ.'

യുവതി വല്ലാതെ ആയി. എന്നിട്ടു ചോദിച്ചു.

'അപ്പോൾ താങ്കൾക്ക് വേണ്ടിയല്ലേ'

അയ്യോ അല്ല എനിയ്ക്കു ഭാര്യയും ഒരു കുട്ടിയുമുണ്ട്. എന്റെ സമയമൊക്കെ കഴിഞ്ഞു. ഇരുവരും ഗേറ്റിലെത്തി. ശിവനെ ഒന്നു നോക്കാതെ ശിവനോട് ഒന്നും പറയാതെ അവൾ ഗേറ്റ് കടന്ന് നടന്നു പോയി.

## ചെങ്കുളത്തമ്മ

ബാലകൃഷ്ണൻ ഉറക്കമെഴുന്നേറ്റ് കതക് തുറന്ന് വെളിയിലേക്ക് നോക്കിയപ്പോൾ സൂര്യന്റെ ജമന്തിപ്പൂവെട്ടം കണ്ണിൽ പതിച്ചു. ഒരു നിമിഷം കഴിഞ്ഞപ്പോൾ മുന്നിലെ വേലിക്കപ്പുറത്തെ ഇടവഴിയിലൂടെ ഏറെപ്പേർ ഓടുന്നതു കണ്ടു. എന്തെന്ന് പിടികിട്ടാതെ അവരോടൊപ്പം ഓടി. അപ്പോൾ കറുത്ത ആകാശം കൂടാരമായി നിന്നു. നാല് പറമ്പ് കഴിഞ്ഞപ്പോൾ ഓട്ടം നിലച്ചു. എല്ലാവരും കുന്നിൻപുറത്തെ വീടിന് മുന്നിലെത്തി ആരോ പറഞ്ഞു

'ചവിട്ടിത്തൊറക്കെടാ'

പക്ഷെ ആരും തയ്യാറായില്ല. ബാലകൃഷ്ണൻ കതകിനടുത്തേക്ക് ചെന്നു. കതകിൽ എഴുതിയിരിക്കുന്നത് ബാലകൃഷ്ണൻ വായിച്ചു. ചെങ്കുളത്തമ്മ ഈ വീടിന്റെ ഐശ്വര്യം. പെട്ടെന്ന് രണ്ട് പോലീസുകാർ വന്നു. അവർ കതക് തുറന്നു രണ്ടായ് പിളർത്തിവെച്ചു. അപ്പോഴാണ് ബാലകൃഷ്ണന് കാര്യം മനസിലായത് ആ വീട്ടിലെ രാജമ്മ തൂങ്ങി മരിച്ച് നിൽക്കുന്നു.

## ഷട്ടർ

വീട്ടിലേക്ക് പുറപ്പെടാൻ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ നിരന്നു നിന്ന ബസ്സുകളിൽ ഒരെണ്ണത്തിന്റെ ഇടതു സീറ്റിൽ കിഴക്കോട്ട് നോക്കിയിരിക്കുകയായിരുന്നു കണ്ണൻ.

തൊട്ടടുത്ത് തെക്കോട്ടു നോക്കി നിന്ന ബസ്സിൽ പടിഞ്ഞാറു നിന്നും ഉച്ചവെയിലിന്റെ തീ മുനകൾ അകത്തോട്ടു കയറിക്കൊണ്ടിരുന്നു. ഒരു നിമിഷം അത് നോക്കിയിരിക്കുമ്പോൾ വശ്യ സുന്ദരമായ കണ്ണുകളുള്ള ഒരു യുവതി ആ സീറ്റിലേക്ക് വന്നു പടിഞ്ഞാറോട്ടേക്ക് ഒരു നോട്ടം നോക്കി. ആ നോട്ടം എന്തൊക്കെയോ കഥകൾ പറഞ്ഞുകൊണ്ട് മനസ്സിലൊരു പൂക്കാലം സൃഷ്ടിച്ചു.എല്ലാം മറന്നു ഇരിക്കുമ്പോൾ അവൾ വെയിലിന്റെ അഗ്നി ഒഴുക്കം അവസാനിപ്പിക്കാൻ ബസ്സിന്റെ ഷട്ടർ ഇട്ടു.



ശ്രീനിപട്ടത്താനം

# സ്വതന്ത്രചിന്തയുടെ തീരങ്ങളിൽ

പുരോഗമന കഥകളുടെയും മതേതര കഥകളുടെയും അപൂർവ്വ സംഗമം.


കഥകളെക്കുറിച്ച് പ്രമുഖ സാഹിത്യ നിരൂപകൻ ഡോ. പ്രസന്നരാജൻ...



ശ്രീനിപട്ടത്താനത്തിന്റെ കഥകൾ നമ്മുടെ നവോത്ഥാനകാലത്തെ കഥ ഓർമ്മയിൽ കൊണ്ടുവരുന്നു. സാഹിത്യം സാമൂഹിക പുരോഗതിയ്ക്കുവേണ്ടിയുള്ളതാണെന്നു വിശ്വസിച്ചുകൊണ്ട് രചനയിൽ ഏർപ്പെട്ടവരാണ് നവോത്ഥാന കാലഘട്ടത്തിലെ നമ്മുടെ എഴുത്തുകാർ. തകഴിയും ട കേശവദേവും ബഷീറും ലളിതമാംബിക അന്തർജനവും പൊറ്റക്കാടും കാരൂരും ഉൾപ്പെടുന്ന ആ നവോത്ഥാനകാല തലമുറയാണ് സാഹിത്യത്തെ മലയാളമണ്ണിലെ രൂക്ഷമായ സാമൂഹ്യ പ്രശ്നങ്ങളിലേക്ക് കൊണ്ടുവന്നത്. ആ സാഹിത്യ പാരമ്പര്യവുമായി ബന്ധപ്പെടാൻ ആഗ്രഹിക്കുന്ന കഥാകാരനാണ് ശ്രീനിപട്ടത്താനം. അദ്ദേഹം ആ സവിശേഷ സാഹിത്യപാരമ്പര്യത്തിൽ നിന്നും ഊർജ്ജം സ്വാംശീകരിക്കുന്നുണ്ട്. എന്നാൽ അവരെ അനുകരിക്കുന്നില്ല. വേറിട്ട വഴികളിലൂടെ നീങ്ങുകയാണ് ഈ കഥാകാരൻ. റിയലിസത്തിൽ നിന്നും വ്യതിചലിക്കുന്നില്ല. എന്നാൽ വഴി മാറി സഞ്ചരിക്കുന്നുണ്ട് അദ്ദേഹം. ചെറിയ ചെറിയ കഥാഘടനകളിലൂടെ സാമൂഹിക പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു ഈ കഥാകാരൻ. എഴുത്തുകാരന് സമൂഹത്തോട് കടപ്പാടുണ്ടെന്നും എഴുത്തുകാരന് സമൂഹത്തെ ശരിയുടെ പന്ഥാവിലേക്ക് നയിക്കുവാൻ കഴിയുമെന്നും വിശ്വസിക്കുന്ന എഴുത്തുകാരനാണ് താനെന്ന് ശ്രീനിപട്ടത്താനം വെളിപ്പെടുത്തുന്നുണ്ട്. കഥകളിലൂടെ നീങ്ങുമ്പോൾ വായനക്കാർക്കും അതു ബോധ്യപ്പെടും. ജീവിതയാഥാർത്ഥ്യങ്ങൾ സൂക്ഷ്മമായി കാണുകയും സൂക്ഷ്മ സുന്ദരമായി അത് ചിത്രീകരിക്കുകയും ചെയ്യുന്ന ഈ കഥാകാരന്റെ കഥകൾ സന്തോഷത്തോടെ വായനക്കാർക്ക് സമർപ്പിക്കുന്നു.

**രണരേഖ പബ്ലിക്കേഷൻസ്**, കൊല്ലം

വില-170




Indic Digital Archive Foundation
gpura.org